കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെയ്യാറ്റിൻകര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരം ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ/329 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി:25.5.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

**ജോയിന്റ് ഡയറക്ടർ**

**ചെയർപേഴ്സൺ (സെക്രട്ടറി മുഖേന),**

**നെയ്യാറ്റിൻകര നഗരസഭ**

സർ,

വിഷയം : നെയ്യാറ്റിൻകര നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നെയ്യാറ്റിൻകര നഗരസഭയുടെ 2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ് തിരുവനന്തപുരം (ഉ.പ.സ)

3) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

4) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ/329 /2020 തീയതി.25.5.2020

**തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-*ാം വകുപ്പ്*, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുൻസിപ്പൽ ആക്ട് 56, 295, 565(1), (2) *വകുപ്പുകൾ, എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുതൽ 14.11.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 77അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 45 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള പരാമർശങ്ങൾക്ക് തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. മുഹമ്മദ് നിസാർ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.01.2020 മുതൽ 29.01.2020വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1.ശ്രീമതി ശോശാമ്മ.എസ്,<br>ഓഡിറ്റ് ഓഫീസർ<br>2.ശ്രീ. പ്രേംനാഥ് ജി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>3. ശ്രീമതി. ബിന്ദുലത ബി.പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>4.ശ്രീമതി. ജയലക്ഷ്മി ബി.കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>5.ശ്രീ. ജസ്റ്റിൻരാജ് റ്റി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>6.ശ്രീ. സ്വാലിഹ് സി.പി, ഓഡിറ്റർ<br>7.കുമാരി. ആര്യ കൃഷ്ണൻ എ.ആർ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി. ഡബ്ല്യു.ആർ ഹീബ | 01-04-2018 മുതൽ<br>31-03-2019 വരെ |
| സെക്രട്ടറി | ശ്രീ. സജി എസ്. എസ്. | 01-04-2018 മുതൽ<br>31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. സുരേഷ് കുമാർ എസ്. | 01-04-2018 മുതൽ 11.6.2018 വരെ |
| | ശ്രീമതി. ചിത്ര യു.വി | 12.6.2018 മുതൽ 13.8.2018 വരെ |
| | ശ്രീ. അഷറഫ് ഖാൻ | 14.8.2018 മുതൽ 31.3.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. എസ്. ജനാർദ്ദനൻ നായർ | 01.4.2018 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ഗീത. എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്റിനറി സർജൻ | ഡോ. വി.എ. അനിൽകുമാർ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷീബ എസ്.എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| അഗ്രിക്കൾച്ചർ ഓഫീസർ, നെയ്യാറ്റിൻകര | ശ്രീ.കെ.എം.അനിൽകുമാർ | 01-04-2018 മുതൽ 31-03-2019 വരെ |
| അഗ്രിക്കൾച്ചർ ഓഫീസർ, പെരുമ്പഴുതൂർ | ശ്രീമതി. ജിജു. ജെ.കെ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ലിനി എം.എസ് | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ആർ.എസ്. മിനി | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | ഡോ. സുലേഖ ഡി. | 01-04-2018 മുതൽ 1-10-2018 വരെ |
| | ഡോ. ഗോപാലകൃഷ്ണൻ (സൂപ്രണ്ട്) | 2-10-2018 മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. റോയി സൈമൺ | 01.04.2018 മുതൽ 31-03-2019 വരെ |
| ക്ഷീരവികസന ഓഫീസർ | ഡോ. ജസ്സി ചാക്കോ | 01-04-2018 മുതൽ 13-12-2018വരെ |
| | ശ്രീമതി. ഗീത | 14-12-2018 മുതൽ 31-03-2019 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.പി.കെ. ശശികുമാർ | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രിൻസിപ്പാൾ, ഗവ.ബി.എച്ച്.എസ്.എസ്, നെയ്യാറ്റിൻകര | ശ്രീ. ജോയി ജോൺസ് | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.സജുകുമാർ എൻ | 01-04-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, മോണിട്ടറിംഗ് എന്നിവയിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-12 |
| 13 | കെട്ടിട നികുതി നിർണ്ണയം/പരിഷ്കരണത്തിലെ അപാകതകൾ | 1-13 |
| 14 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 15 | അഭിഭാഷകർ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയിട്ടില്ല | 1-15 |
| 16 | ഡോക്ടർമാരിൽനിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല | 1-16 |
| 17 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച | 1-17 |
| 18 | വ്യാപാരികളിൽനിന്നുള്ള നികുതി പിരിവ് കാര്യക്ഷമമല്ല | 1-18 |
| 19 | ആശുപത്രി ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയപ്പോൾ ഡോക്ടർമാർ ഒഴിവായി | 1-19 |
| 20 | ആശുപത്രി കെട്ടിടത്തിന് റസിഡൻഷ്യൽ നിരക്കിലുള്ള വസ്തുനികുതി | 1-20 |
| 21 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല | 1-21 |
| 22 | റേഷൻ കടകൾക്ക് ലൈസൻസ് നൽകിയിട്ടില്ല | 1-22 |
| 23 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു | 1-23 |
| 24 | പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്വകാര്യ ആശുപത്രികളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-24 |
| 25 | ട്യൂട്ടോറിയൽ കോളേജുകൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല | 1-25 |
| 26 | കുറഞ്ഞ തുകയ്ക്ക് മരങ്ങൾ ലേലം ചെയ്തതിലൂടെ നഗരസഭയ്ക്കു നഷ്ടം | 1-26 |
| 27 | വാടക കരാർ പുതുക്കിയില്ല | 1-27 |
| 28 | വാഹനങ്ങൾ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല | 1-28 |
| 29 | ലോഗ്ബുക്ക് പരിപാലനം ചട്ടപ്രകാരമല്ല | 1-29 |
| 30 | രസീതുപ്രകാരം പിരിച്ചെടുത്ത തുക അനധികൃമായി കൈയിൽ സൂക്ഷിച്ചു | 1-30 |
| 31 | വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല. | 1-31 |
| 32 | ഇ-ടെൻഡർ ഫോറം വില ലഭ്യമായിട്ടില്ല. | 1-32 |
| 33 | സമയപരിധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല | 1-33 |
| 34 | മുനിസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല | 1-34 |
| 35 | ജീവനക്കാരുടെ ശമ്പളറിക്കവറി തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഒടുക്കുന്നതിൽ കാലതാമസം | 1-35 |
| 36 | ശമ്പള നിർണ്ണയങ്ങൾ ആധികാരികമാക്കിയിട്ടില്ല | 1-36 |
| 37 | താല്ക്കാലിക ജീവനക്കാരെ അനധികൃതമായി സ്ഥിരപ്പെടുത്തി | 1-37 |
| 38 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല | 1-38 |
| 39 | തനത് ഫണ്ട് വൗച്ചറുകൾ-പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-39 |
| 40 | ഇ.പി.എഫ്. ഒടുക്കുന്നതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല | 1-40 |
| 41 | ഐ.കെ.എം. ന പ്രവർത്തനഫണ്ടു നൽകിയതിലെ അപാകത | 1-41 |
| 42 | എസ്.എസ്.എ വിഹിതം - അന്തിമ ചെലവു രേഖകൾ ലഭ്യമായില്ല-26290561/- രൂപ തടസ്സം ചെയ്യുന്നു. | 1-42 |
| 43 | ചെയർമാൻ ചേംബർ മാസവരി ഒടുക്കിയതിന് സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-43 |
| 44 | ആദായനികുതി ഈടാക്കിയില്ല | 1-44 |
| | നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ | 1-45 |

| | | |
|---|---|---|
| 45 | | |
| 46 | പെരുമ്പഴുതൂർ ജംഗ്ഷൻ വികസനം - ചട്ടങ്ങൾ പാലിക്കാതെ ഒരു കോടി രൂപ കളക്ടർക്കു കൈമാറി - തുക നിഷ്ക്രിയ അവസ്ഥയിൽ | 1-46 |
| 47 | ജല അതോറിറ്റി, വൈദ്യുതി ബോർഡിനുള്ള കുടിശ്ശികകൾ | 1-47 |
| 48 | ഇ.എം.എസ് ലോൺ- സ്ഥാപനത്തിൽ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല | 1-48 |
| 49 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം- നിർവ്വഹണം ലൈഫ് പദ്ധതിയുമായി ഏകോപിപ്പിച്ചില്ല | 1-49 |
| 50 | പി.എം.എ.വൈ- ലൈഫ് ഭവനപദ്ധതി- അവലോകനം | 1-50 |
| 51 | രാമേശ്വരം വാർഡിൽ മൂഴിയാംതോട്ടം കരിയിൽ തോട്ടം റോഡ് പുനരുദ്ധാരണം - കൾവർട്ട് നിർമ്മാണം - അപാകതകൾ –82,535/-രൂപ തിരികെ ഈടാക്കണം | 1-51 |
| 52 | ഫോർട്ട് വാർഡിൽ ആലുംമൂട് സബ്റോഡ് നടപ്പാത ഓട നിർമ്മാണം, സ്ലാബ് & ഇന്റർലോക്ക് നിർമ്മാണം- അപാകതകൾ - 30,143/-രൂപ നിരാകരിക്കുന്നു. | 1-52 |
| 53 | അതിയന്നൂർ വാർഡിൽ മാത്തുവിള നടപ്പാത, ഓട, സ്ലാബ് കോൺക്രീറ്റ് - അപാകതകൾ - 18,726/- രൂപ നിരാകരിക്കുന്നു. | 1-53 |
| 54 | തൊഴുക്കൽ വാർഡിൽ വനിതാ ഹോസ്റ്റൽ നവീകരണം - ടൈൽ പാകൽ എന്ന ഇനം നടപ്പിലാക്കാതെ തുക നൽകി - 141207/- രൂപ നിരാകരിക്കുന്നു. | 1-54 |
| 55 | അടങ്കൽ തുക പരിധി പാലിച്ചില്ല – ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തി നടപ്പിലാക്കി - അധിക തുക തിരികെ ഈടാക്കേണ്ടതാണ്. | 1-55 |
| 56 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികൾ - ചെലവു രേഖകൾ ഹാജരാക്കാതെ ബിൽ തുക കൈമാറി - ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-56 |
| 57 | കെട്ടിടങ്ങളുടെ മെയിന്റനൻസ് - പഴയ സാധന സാമഗ്രികൾ പുനരുപയോഗമോ ലേലമോ നടത്തുന്നില്ല. | 1-57 |
| 58 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു | 1-58 |
| 59 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ- അപാകതകൾ | 1-59 |
| 60 | പാലിനു സബ്സിഡി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-60 |
| 61 | സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കി | 1-61 |
| 62 | പഠനമുറി ഒരുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ | 1-62 |
| 63 | പ്രവൃത്തിയുടെ ആവശ്യകത നിർണ്ണയിക്കാതെ തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു. | 1-63 |
| 64 | നേരിട്ടു നിർവഹിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ തുക വാട്ടർ അതോറിറ്റിക്കു നിക്ഷേപമായി നൽകി - ഒരു ഗുണഭോക്താവിനും പദ്ധതി ആനുകൂല്യം ലഭിച്ചിട്ടില്ല | 1-64 |
| 65 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - കൂടിയ നിരക്കിൽ വാങ്ങി | 1-65 |
| 66 | വയോമിത്രം- ചെലവ്- സർക്കാർ നിർദ്ദേശം പാലിച്ചില്ല- 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-66 |
| 67 | പൂരകപോഷകാഹാരം- വകയിരുത്തിയതിലും അധികം ചെലവഴിച്ചു | 1-67 |
| 68 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു - പദ്ധതി നടപ്പായില്ല | 1-68 |
| 69 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല. | 1-69 |
| 70 | സാന്ത്വന പരിചരണം-മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-70 |
| 71 | മരുന്നു വാങ്ങൽ - ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ് | 1-71 |
| 72 | ഗവ. സ്കൂളുകൾക്ക് മൈക്രോസ്കോപ്പ് വിതരണം - അപാകതകൾ | 1-72 |
| 73 | സാക്ഷരതാ തുല്യതാപരിപാടി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-73 |
| 74 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ക്യാഷ് ബുക്ക് യഥാവിധി പരിപാലിച്ചിട്ടില്ല | 1-74 |
| 75 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുവാൻ തയ്യാറാകണം | 1-75 |
| | ഭാഗം -2 | |

| | | |
|---|---|---|
| 76 | മരങ്ങൾ ലേലം ചെയ്യതിലൂടെ നഗരസഭയ്ക്ക് നഷ്ടം | 2-1 |
| 77 | കാലാവധി കഴിഞ്ഞിട്ടും ലേലതുക പിരിച്ചെടുത്തിട്ടില്ല | 2-2 |
| | ഭാഗം -3 | |
| 78 | രാമേശ്വരം വാർഡിൽ മൂഴിയാംതോട്ടം കരിയിൽ തോട്ടം റോഡ് പുനരുദ്ധാരണം - കൾവർട്ട് നിർമ്മാണം - അപാകതകൾ - 82,535/-രൂപ തിരികെ ഈടാക്കണം | 3-1 |
| 79 | ഫോർട്ട് വാർഡിൽ ആല്യംമൂട് സബ്റോഡ് നടപ്പാത ഓ നിർമ്മാണം, സ്ലാബ് & ഇന്റർലോക്ക് നിർമ്മാണം- അപാകതകൾ - 30,143/-രൂപ നിരാകരിക്കുന്നു. | 3-2 |
| 80 | അതിയന്നൂർ വാർഡിൽ മാത്തുവിള നടപ്പാത, ഓട, സ്ലാബ് കോൺക്രീറ്റ് - അപാകതകൾ - 18,726/- രൂപ നിരാകരിക്കുന്നു. | 3-3 |
| 81 | തൊഴുക്കൽ വാർഡിൽ വനിതാ ഹോസ്റ്റൽ നവീകരണം - ടൈൽ പാകൽ എന്ന ഇനം നടപ്പിലാക്കാതെ തുക നൽകി - 141207/- രൂപ നിരാകരിക്കുന്നു. | 3-4 |
| 82 | അടങ്കൽ തുക പരിധി പാലിച്ചില്ല- ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തി നടപ്പിലാക്കി- അധിക തുക തിരികെ ഈടാക്കേണ്ടതാണ്. | 3-5 |
| | ഭാഗം -4 | |
| 82 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 83 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 84 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 85 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 86 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 87 | സ്ഥിര നിക്ഷേപം | 4-6 |
| 88 | ഓഡിറ്റ് റിക്കവറി | 4-7 |
| 89 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 90 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 91 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 92 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 93 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 94 | വരവ് ചെലവ് പത്രിക | അനുബന്ധം2 |
| 95 | ഓഡിറ്റിന് ഹാജരാക്കാത്ത മരാമത്ത് പ്രവൃത്തി ഫയലുകൾ (ഖണ്ഡിക നമ്പർ 1-98(i) പ്രകാരം) | അനുബന്ധം3 |
| 96 | തൊഴിൽ നികുതി ഒടുക്കാത്ത വ്യാപാരികളുടെ വിവരം (ഖണ്ഡിക നമ്പർ 1-18 പ്രകാരം) | അനുബന്ധം4 |
| 97 | വാടക കുടിശ്ശിക വരുത്തിയ ഉടമകളുടെ വിവരം ഖണ്ഡിക 1-27 (എ) പ്രകാരം | അനുബന്ധം5 |
| 98 | പരിശോധനയ്ക്ക് ഹാജരാക്കാത്ത വൗച്ചറുകളുടെ വിവരം ഖണ്ഡിക 1-39(i) പ്രകാരം | അനുബന്ധം6 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെ ആകെ വരവ് 1,32,17,79,201/- രൂപയും ആകെ ചെലവ് 1,24,87,57,406/- രൂപയും നീക്കിയിരിപ്പ് 7,30,21,795/- രൂപയുമാണ്.

ബജറ്റ് രൂപീകരണത്തിലെ അപാകതകൾ

ബജറ്റ് തയ്യാറാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 285, 286 പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടില്ല. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ നൽകിയിട്ടില്ല.

ബി) ബജറ്റ് തയ്യാറാക്കുന്നതിന് നിർവഹണാധികാരികൾ എസ്റ്റിമേറ്റ്/ ശുപാർശകൾ ലഭ്യമാക്കിയിട്ടില്ല.

സി) ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവുകൾ ചെയ്തിരിക്കുന്നു.

മേൽ നിയമം വകുപ്പ് 293 പ്രകാരം ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്യേണ്ട സാഹചര്യമുണ്ടായാൽ ആയതിലേക്കായി പുതുക്കിയ ബജറ്റോ, അനുപൂരക ബജറ്റോ തയ്യാറാക്കേണ്ടതും, അപ്രകാരം പുതുക്കിയ ശേഷം മാത്രം ചെലവുകൾ ചെയ്യേണ്ടതുമാണ്. നഗരസഭ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് റിവൈസ് ചെയ്തിട്ടില്ല. ബജറ്റ് റിവൈസ് ചെയ്യാതെ തന്നെ ചെലവുകൾ ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2018-19 പരിഷ്കരിച്ച തുകകൾ (2019-20 ബജറ്റ് പ്രകാരം) | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2511017 grama sabha/ward sabha center | 0 | 86,000/- |
| 2514101 anganvadi nutrition | 50,00,000/- | 83,16,701/- |
| 2512009 sanitation and waste management individual | 3,44,025/- | 5,52,919/- |
| 2532006 water conservation general | 4,50,000/- | 48,32,277/- |

ഡി) വിവിധ ആവശ്യങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും, തുക ചെലവഴിക്കാതിരിക്കുകയോ, വകയിരുത്തിയതിലും വളരെ കുറച്ച് ചെലവഴിക്കുകയോ ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 2018-19 പരിഷ്കരിച്ച തുകകൾ (2019-20 ബജറ്റ് പ്രകാരം) | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|
| 2512026 sanitation and waste management public | 1,45,38,008/- | 10,18,600/- |
| 2501039 animal husbandry infrastructure | 4,30,000/- | 0 |
| 2532002 Minor irrigation | 4,00,000/- | 0 |
| 2511003 high school education | 58,05,000/- | 1,94,274/- |
| 2511010 art& culture | 36,20,000/- | 0 |
| 2512008 drinking water individual | 72,02,000/- | 0 |
| 2512027 crematorium | 9,88,900/- | 0 |

ബജറ്റിൽ അധികമായി തുക വകയിരുത്തിയശേഷം വിനിയോഗിക്കാതിരിക്കുന്നത്, പദ്ധതി തുക പാഴാക്കി കളയുന്നതിനു തുല്യമാണ്.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/17.01.2020) ഭാവിയിൽ മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധ്യത്തോടു കൂടെ ബജറ്റ് തയ്യാറാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. ചെലവുകൾ ബജറ്റിനുള്ളിൽ

നിയന്ത്രിച്ച്, സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് അക്കൗണ്ടന്റും സെക്രട്ടറിയും ധനകാര്യ സ്ഥിരംസമിതിയും ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 29.07.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,57,26,530.43 |
| വരവ് | 48,96,57,458.00 |
| ആകെ | 55,53,83,988.43 |
| ചെലവ് | 42,35,17,770.00 |
| നീക്കിയിരിപ്പ് | 13,18,66,218.43 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 87004185.00 | 87004185.00 | 87004185.00 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 19428626.00 | 19428626.00 | 19428626.00 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 516890.00 | 516890.00 | 516890.00 | 0 |
| സി.എഫ്.സി. | 0 | 61593036.00 | 61593036.00 | 61593036.00 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10267534.00 | 10267534.00 | 10267534.00 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 15327587.00 | 15327587.00 | 15327587.00 | 0 |
| Canara Bank. AUEGS | 2508999.00 | 11598.00 | 2520597.00 | 2520597.00 | 0 |
| ബി ഫണ്ട് | 0 | 1753680.00 | 1753680.00 | 1753680.00 | |
| എസ്.ബി.റ്റി. (450210100 ICDS) | 2516469.60 | 1767500.00 | 4283969.60 | 3478203.00 | 805766.60 |
| ഐ.ഒ.ബി 12136 450610900 | 13816.30 | 11506.00 | 25322.30 | 19379.00 | 5943.30 |
| എസ്ബിഐ (IHSDP) | 37529.00 | 1330.00 | 38859.00 | 0 | 38859.00 |
| Iob 11224 (450210700) | 41985.00 | 1489.00 | 43474.00 | 59.00 | 43415.00 |
| Saksharata 450610500 | 7584.00 | 268.00 | 7852.00 | 59.00 | 7793.00 |
| Uidssmt 450610400 | 2848959.00 | 115666.00 | 2964625.00 | 59.00 | 2964566.00 |
| ഐ.ഒ.ബി (630 ihsdp) | 15129077.00 | 0 | 15129077.00 | 18.00 | 15129059.00 |
| Iob scdd | 838825.00 | 0 | 838825.00 | 835965.00 | 2860.00 |

| | | | | | |
|---|---|---|---|---|---|
| 450610700 | | | | | |
| Canara life<br>450410700 | 0 | 1770997.00 | 1770997.00 | 700060.00 | 1070937.00 |
| Canara akshaya<br>450410400 | 0 | 55529.00 | 55529.00 | 0 | 55529.00 |
| Canara nulm-61327<br>(450410500) | 2544063.00 | 3807833.00 | 6351896.00 | 3800708.00 | 2551188.00 |
| Canara solid waste magt<br>450610200 | 4259491.00 | 151051.00 | 4410542.00 | 0 | 4410542.00 |
| ട്രഷറി പിഡി പി.എഫ്.<br>(450250200) | 36140.00 | 12288258.00 | 12324398.00 | 7321547.00 | 5002851.00 |
| ഐ.ഒ.ബി.5514<br>(450230200) | 8069.00 | 0 | 8069.00 | 0 | 8069.00 |
| കാനറ തനത്<br>(450230700) | 8527494.00 | 54988251.00 | 63515745.00 | 56416577.00 | 7099168.00 |
| ട്രഷറി എം.എഫ്<br>(450250100) | 260.00 | 0 | 260.00 | 0 | 260.00 |
| റ്റി.എസ്.ബി. തനത്<br>(450250101) | -15023.00 | 34846034.00 | 34831011.00 | 32234572.00 | 2596439.00 |
| ട്രഷറി റ്റിപിഎ210<br>(450250300) | 128721.00 | 0 | 128721.00 | 0 | 128721.00 |
| ട്രഷറി റ്റിപിഎ218 (NRY)<br>(450250500) | 60110.00 | 0 | 60110.00 | 0 | 60110.00 |
| ട്രഷറി റ്റിപി 241 (DTP)<br>(450250700) | 1076.00 | 0 | 1076.00 | 0 | 1076.00 |
| ട്രഷറി (പഞ്ചായത്ത് ഫണ്ട്)<br>450250900 | 493025.00 | 0 | 493025.00 | 0 | 493025.00 |
| കാനറാ (PMAY) 14<br>450410600 | 22679605.00 | 172259707.00 | 194939312.00 | 117685713.00 | 77253599.00 |
| ICICI suchitwa mission1453<br>450420200 | 1573494.00 | 10199155.00 | 11772649.00 | 293904.00 | 11478745.00 |
| SBT സെൻസസ്<br>450610100 | 3913.00 | 835965.00 * | 839878.00 | 835965.00 | 3913.00 |
| ക്യാഷ് | 1482847.00 | 653783.00 | 2136630.00 | 1482847.00 | 653783.00 |

# 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | |
|---|---|---|---|---|---|---|
| 426 | 396332119 | 258 | 196610976 | - | 168 | 60.56 |

# 1-6 തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ വരവ്, ചെലവ് വിവരങ്ങൾ വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2508999.50* | 7529789 | 10038788.50 | 4946787 | 5092001.50 |

*2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് (-) 11113/- രൂപയാണ്. ആയതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ഉൾപ്പെടുത്തി കാണുന്നില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ് 2508999.50/- രൂപയാണ്. ഈ തുകകൾ തമ്മിൽ പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-7 ക്ഷേമ പദ്ധതികൾ

**തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1753680 | 908 |
| കർഷക തൊഴിലാളി പെൻഷൻ | 14856000 | 1356 |
| വിധവാപെൻഷൻ | 30628400 | 2427 |
| വാർദ്ധക്യകാല പെൻഷൻ | 57424300 | 4593 |
| വികലാംഗ പെൻഷൻ | 10705600 | 877 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1683200 | 130 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,862/-രൂപയുടെ ക്യാഷ് ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1)പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

നഗരസഭയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് പ്രായോഗിക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടേയും സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഇടപെടലുകൾ വേണ്ടത്ര ഇല്ലാതിരുന്നതിനാൽ പല പദ്ധതികളും പൂർണമായും ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പെരുമ്പഴുതൂർ ടൗൺ വികസനം, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നിങ്ങനെയുള്ള പദ്ധതികൾക്ക് വികസനഫണ്ടിൽ നിന്നും വൻ തുക മറ്റ് ഏജൻസികളിൽ ഒടുക്കിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2)മാലിന്യ സംസ്കരണ പദ്ധതികൾ ഭാഗികമായി നടപ്പാക്കുന്നു, ലക്ഷ്യം കൈവരിക്കുന്നില്ല

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പദ്ധതിയിലൂടെ 143 ഗുണഭോക്താക്കൾക്ക് ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നെങ്കിലും 15 ഗുണഭോക്താക്കൾ മാത്രമാണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. പദ്ധതി ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) 2.15 ശതമാനമാണ്. ജലശ്രീ കിണർ റീചാർജ്ജ് പദ്ധതിയുടെ ചെലവ് അഞ്ച് ശതമാനത്തിൽ ഒതുങ്ങി.

പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷിൻ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് തുക നൽകിയെങ്കിലും നാളിതുവരെ ആയത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയോ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ തന്നെ ഹരിതകർമ്മ സേന വഴി ശേഖരിച്ച മൂന്ന് ടണ്ണോളം പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ച് പുനരുപയോഗിക്കാൻ കഴിയാതെ ഓഫീസ് കാമ്പൗണ്ടിനുള്ളിലും നഗരസഭയുടെ മറ്റ് പ്രദേശങ്ങളിലുമായി സൂക്ഷിച്ചിരിക്കുന്നു. മേൽ രണ്ട് പദ്ധതികൾക്കുമായി ചെലവഴിച്ച തുക പാഴ്ചെലവായി പരിണമിച്ചിട്ടുണ്ട്.

3)മഴക്കാല പൂർവ്വ ശുചീകരണ പദ്ധതിയിൽ തൊഴിലാളികൾക്ക് 1,000/- രൂപയിൽ കൂടുതലുള്ള ആനുകൂല്യം ബാങ്ക് അക്കൗണ്ട് മുഖേന നൽകണമെന്ന നിർദേശം പാലിച്ചിട്ടില്ല. മസ്റ്റർ റോളിൽ തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്താതെ ഹാജർ മാർക്ക് ചെയ്തിരിക്കുന്നു.

<u>4) ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ മാർഗ്ഗരേഖാ നിർദേശങ്ങൾ പാലിക്കുന്നില്ല</u>

സാന്ത്വന പരിചരണത്തിന് ഓരോ സാമ്പത്തിക വർഷത്തേയ്ക്കും ഒരു പ്രോജക്ട് മാത്രമേ നടപ്പാക്കാവൂ എന്ന സാന്ത്വന പരിചരണ മാർഗ്ഗ രേഖാ നിർദേശം പാലിക്കാതെ രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ആയുർവ്വേദ മരുന്നുകൾ വാങ്ങി. പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് നൽകിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല.

സാക്ഷരതാ തുല്യതാ പരിപാടി നടപ്പാക്കിയെങ്കിലും സാക്ഷരതാ പ്രവർത്തനങ്ങൾ ഒന്നും നടത്താതെ പഠിതാക്കളുടെ സംഗമം മാത്രം നടത്തുന്നതിന് തുക ചെലവഴിച്ചു. ഗവ. സ്കൂളുകൾക്ക് മൈക്രോസ്കോപ്പ് വാങ്ങുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എയിഡഡ് സ്കൂളുകൾക്കും മൈക്രോസ്കോപ്പ് വിതരണം ചെയ്തിരിക്കുന്നു.

<u>5) വനിതാ വികസന പദ്ധതികൾ ലക്ഷ്യം പൂർത്തീകരിക്കുന്നില്ല.</u>

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായുള്ള വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം, ഷീ ഓട്ടോറിക്ഷാ തുടങ്ങിയ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല. പദ്ധതികളിലൂടെ കേവലം ധനസഹായം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പദ്ധതി ലക്ഷ്യം വച്ച രീതിയിൽ തുക വിനിയോഗിച്ച് പദ്ധതി വിജയകരമാക്കിയിട്ടില്ല. വനിതകൾക്ക് - ഷീടാക്സി, വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ എന്നീ പദ്ധതികൾക്കായി ഗുണഭോക്താക്കൾ ആരും തന്നെ മുന്നോട്ടു വന്നിട്ടില്ല.

<u>6) ഭവനനിർമ്മാണ പൂർത്തീകരണ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കിയില്ല</u>

വ്യത്യസ്ത ഭവനപദ്ധതികൾ സംയോജിപ്പിച്ച് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ ഏകോപിപ്പിച്ച് നടത്തിയിട്ടില്ല. പണിപൂർത്തീകരിക്കാത്ത ഭവനങ്ങളെ സംബന്ധിച്ച് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളെ എം.പാനൽ ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നഗരസഭ ഇത്തരത്തിലല്ല പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ആനുകൂല്യം ലഭിച്ച എല്ലാ ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

<u>7) എസ്.സി.പി. ഫണ്ടു വിനിയോഗം കാര്യക്ഷമമല്ല.</u>

പ്രത്യേക പരിഗണന അർഹിക്കുന്ന ദുർബല വിഭാഗത്തിന്റെ ഉന്നമനത്തിനായി വകയിരുത്തപ്പെട്ടിട്ടുള്ള എസ്.സി.പി. ഫണ്ടിന്റെ വിനിയോഗത്തിൽ നഗരസഭ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

<u>8) മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ</u>

i) മരാമത്ത് പ്രവൃത്തികളുടെ മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കാത്തവയുടെ പട്ടിക അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ii)1500000/- രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള പദ്ധതികൾ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കാതെ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിരിക്കുന്നു.

iii) സൈഡ് വാൾ കെട്ടി എംബാങ്ക്മെന്റ് ചെയ്ത റോഡുകൾ കോൺക്രീറ്റ്/ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നില്ല.

iv) എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

v)കെട്ടിടങ്ങളുടെ മെയിന്റനൻസ് പദ്ധതികളിൽ, പൊളിച്ചെടുക്കുന്ന പഴയ സാധനങ്ങൾ പുനരുപയോഗിക്കുന്നതിന്റെയോ, ലേലം ചെയ്യുന്നതിന്റെയോ വിവരങ്ങൾ എം ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

vi)സ്ഥലപരിശോധനയിൽ എം ബുക്കിലെ അളവുകളേക്കാളും കുറവായി പ്രവൃത്തികൾ നടപ്പാക്കിയത് കണ്ടെത്തിയിട്ടുണ്ട്.

**9) രജിസ്റ്ററുകളുടെ പരിപാലനം**

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ചട്ടങ്ങളിൽ നിർദ്ദേശിക്കും പ്രകാരം പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രോജക്ട് ഓഫീസർ റ്റി.ആർ.7 എ ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല.

**10) വാങ്ങലിന് സ്റ്റോർ പർച്ചേസ് നിയമം പാലിക്കുന്നില്ല**

അംഗൻവാടി കലോൽസവത്തിനായി സ്വർഗചിത്ര എന്റർപ്രൈസസിൽ നിന്നും 31884/- രൂപ ചെലവഴിച്ച് മൊമെന്റോ വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തെ ക്വട്ടേഷൻ മുഖേനയല്ല തെരഞ്ഞെടുത്തിട്ടുള്ളത്.

**11) കൗൺസിൽ മിനിട്സുകൾ സകർമ മുഖാന്തിരം തയ്യാറാക്കുന്നില്ല**

തദ്ദേശ സ്ഥാപനങ്ങളുടെ ഭരണസമിതി യോഗങ്ങളുടെ മിനിട്സുകൾ സകർമാ മുഖാന്തിരം തയ്യാറാക്കുന്നതിന് സ.ഉ.(സാധാ)നം. 3630/2015/തസ്വഭവ തീയതി 03.12.2015 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. നഗരസഭയിൽ ഭരണസമിതി മിനിട്സുകൾ നിലവിലും മാന്വൽ രീതിയിലാണ് തയ്യാറാക്കുന്നത്. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നഗരസഭ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**12) തനതു ചെലവുകൾ**

തനതു ചെലവു വൗച്ചറുകൾ നമ്പർ രേഖപ്പെടുത്തി ക്രമമായി സൂക്ഷിച്ചിട്ടില്ല. ലഭ്യമായിട്ടുള്ള വൗച്ചറുകൾക്കൊപ്പം ചെലവു സാധൂകരിക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ടെലഫോൺ ബില്ലുകൾ പോലുള്ള ആവർത്തന ചെലവുകളുടെ ബില്ലുകളിൽ പിഴ ഉൾപ്പെടുന്ന തുകയാണ് പാസ്സാക്കി നൽകിയിട്ടുള്ളത്.

**13) നികുതി വരവുകളുടെ പിരിവ് കാര്യക്ഷമമല്ല.**

നഗരസഭാതിർത്തിയിലെ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെടുന്ന ഡെയിഡ്രേഴ്സ് ലിസ്റ്റ് തയ്യാറാക്കി അതിൻപ്രകാരം നികുതി ഈടാക്കുന്നില്ല. ജീവനക്കാരിൽ നിന്നും തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിലും സ്ഥാപനങ്ങളും വ്യക്തികളും ഒഴിവാക്കപ്പെടുന്നു. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയും നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

കെട്ടിടങ്ങളുടെ നികുതി നിർണയം, നികുതി പരിഷ്കരണം, ഫയലുകളുടെ സൂക്ഷിപ്പ്, പരിശോധനാ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ വീഴ്ചകൾ എന്നിവയിലൂടെ വസ്തുനികുതി വരുമാനത്തിൽ ഗണ്യമായ വരുമാന ചോർച്ചയുണ്ടാകുന്നു.

**14) വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല**

നഗരസഭ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ ലോഗ് ബുക്കുകളിൽ ആവശ്യമായ വിവരങ്ങൾ അതത് സമയം രേഖപ്പെടുത്തി ആധികാരികമായി സൂക്ഷിക്കുന്നില്ല. എല്ലാ വാഹനങ്ങളുടെയും ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | വിവരങ്ങൾ ലഭ്യമായില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015-16, 2016-17 | 2.2.2018 | 22.5.2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രവുംഅക്കൗണ്ട്സിലെ ന്യൂനതകളും 21.08.2019 ലെ കെ.എസ്.എ.റ്റി.വി.എം/എം.എൽ/1594/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>എ) വാർഷിക കണക്കുകളിൽ എല്ലാ ബാങ്ക് അക്കൗണ്ടുകളും ഉൾപ്പെട്ടിട്ടില്ല.</u>**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി നഗരസഭ ഉപയോഗിച്ചിരുന്ന Canara – AUEGS-1060052 അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 2520597.50 രൂപ 09.05.2018 ൽ കാനറാ ബാങ്കിൽ തന്നെ പുതുതായി ആരംഭിച്ച നം. 716101060054 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. തുടർന്ന് പദ്ധതിക്കായുള്ള ഫണ്ട് വിനിയോഗം ഈ അക്കൗണ്ടിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. സാമ്പത്തിക വർഷത്തിൽ ഈ അക്കൗണ്ടിൽ 10038788/- രൂപ വരവായി (ട്രാൻസ്ഫർ ചെയ്ത തുക ഉൾപ്പെടെ) ലഭിക്കുകയും, വർഷാന്ത്യത്തിൽ 5092001.50 നീക്കിയിരുപ്പായി അവശേഷിക്കുകയും ചെയ്യുന്നു. പ്രസ്തുത അക്കൗണ്ടിലെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വാർഷികകണക്കുകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ആകെ ചെലവ് മേൽ പ്രകാരം ട്രാൻസ്ഫർ ചെയ്തതായ 25,20,597/- രൂപയാണ്. തൻ വർഷ വരവും ചെലവും വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/25.01.2020), അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയതായും, തുടർവർഷങ്ങളിൽ ഉൾപ്പെടുത്തുന്നതായും മറുപടി ലഭ്യമാക്കി.

**<u>ബി) ചെക്കുകൾ യഥാസമയം പണമാക്കിയിട്ടില്ല</u>**

കാനറാ ബാങ്കിലെ തനത് അക്കൗണ്ടിന്റെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ അനേകം ചെക്കുകൾ പണമാക്കാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. 2017 നവംബർ മാസം മുതലുള്ള 10 ചെക്കുകൾ ഇപ്രകാരം പണമായി മാറ്റാത്തതായി രേഖപ്പെടുത്തിയാണ് പൊരുത്തപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. ഇപ്രകാരം കാലഹരണപ്പെട്ട ചെക്കുകൾ പണമാക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.45/25.01.2020) രണ്ടു ചെക്കുകൾ മാത്രമാണ് പണമായി മാറാത്തത് എന്നും, മറ്റുള്ളവ വരവുകൾ ആവർത്തിച്ച് ബുക്ക് ചെയ്യുന്നതു കാരണം സാംഖ്യ റീകൺസീലിയേഷനിൽ ഉൾപ്പെടുന്നതാണെന്നും, മറുപടി ലഭ്യമാക്കി. പണമാക്കാത്ത ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം/ തീയതി | തുക | ലഭ്യമാക്കിയ ഏജൻസി |
|---|---|---|
| 796274/28.3.2018 | 2,21,000/- | ആർ.എം.എസ്.എ |
| 295876/10.11.2017 | 1,54,215/- | സെൻസസ് |
| **ആകെ** | **3,75,215/-** | |

പണമാക്കാത്ത ചെക്കുകൾ കാലഹരണപ്പെട്ടതിനാൽ, അവ റീവാലിഡേറ്റ് ചെയ്ത് പുതിയ ചെക്കുകൾ ലഭ്യമാക്കേണ്ടതും, തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

**<u>സി) ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ</u>**

നഗരസഭയുടെ ചില ട്രഷറി/ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകളില്ലാത്തതായും, കാലങ്ങളായി ഒരേ നീക്കിയിരിപ്പ് തന്നെ നിലനിൽക്കുന്നതായും കാണുന്നു. നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ട് | RP40(b) പ്രകാരമുള്ള നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|
| 1 | ഐ.ഒ.ബി.5514 | 8,069/- | 27.08.98 ലെ നീക്കിയിരിപ്പ് |
| 2 | ട്രഷറി എം.എഫ്.1 | 260/- | പാസ് ബുക്ക് പരിശോധനക്ക് ലഭ്യമായില്ല |
| 3 | ട്രഷറി റ്റിപിഎ 210 | 1,28,721/- | 18.10.02 ലെ നീക്കിയിരിപ്പ് |
| 4 | ട്രഷറി റ്റിപിഎ 218 (NRY) | 60,110/- | പാസ് ബുക്ക് പരിശോധനക്ക് ലഭ്യമായില്ല |
| 5 | ട്രഷറി റ്റിപി 241 (DTP) | 1,076/- | |
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| 6 | ട്രഷറി (പഞ്ചായത്ത് ഫണ്ട്) | 4,93,025/- | |
| 7 | SBT സെൻസസ് | 3,913/- | 25.03.2018 ലെ നീക്കിയിരിപ്പ് |
| | ആകെ | 6,95,174/- | |

അക്കൗണ്ടുകൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം അന്വേഷിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/16.01.2020) പഴയകാല അക്കൗണ്ടുകളാണെന്നും പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതായും മറുപടി ലഭ്യമാക്കി. ബന്ധപ്പെട്ട ട്രഷറി/ ബാങ്കുമായി ബന്ധപ്പെട്ട് മേൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകൾ ഉറപ്പാക്കേണ്ടതും, ഇടപാടുകൾ ആവശ്യമില്ലാത്ത അക്കൗണ്ടുകൾ അവസാനിപ്പിക്കാവുന്നതും, നീക്കിയിരിപ്പ് തുക ഉചിതമായ അക്കൗണ്ടുകളിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭയുടെ ഫണ്ടുകൾ പാഴാകാതെ ഫലപ്രദമായി വിനിയോഗിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

ഡി) 2017-18, 2018-19 വർഷങ്ങളിൽ ബി5 ഷെഡ്യൂൾ പ്രകാരം ലോണിനത്തിൽ 3216900/- രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ RP 45 പ്രകാരം തൻവർഷം 50,00,000/- രൂപ ഇം.എം.എസ് ലോൺ തിരിച്ചടച്ചിട്ടുണ്ട്. തൻവർഷം ഭവനപദ്ധതിയ്ക്കായി കെ യു ആർ ഡി എഫ് സി യിൽ നിന്നും ലഭിച്ച 9600000/- രൂപയുടെ വായ്പ, പദ്ധതി വരവായി സാംഖ്യയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-12 പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, മോണിട്ടറിംഗ് എന്നിവയിൽ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

പദ്ധതി ആസൂത്രണം, മോണിട്ടറിംഗ് എന്നിവയ്ക്ക് സ.ഉ. (കൈ)നം.17/2018/തസ്വഭവ തീയതി 02.02.2018 നമ്പർ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള വിവിധ നിർദ്ദേശങ്ങൾക്ക് നഗരസഭ അർഹമായ പ്രാധാന്യം നൽകിയിട്ടില്ല.

<u>1) സ്റ്റാറ്റസ് റിപ്പോർട്ടിൽ ആധികാരിക വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല</u>

പദ്ധതി ആസൂത്രണം, നിർവഹണം എന്നിവയുടെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കേണ്ടുന്ന സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണവും, ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതുമാണ്. നഗരസഭക്കു കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ, സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ, ഇനിയും ആവശ്യമുള്ള സൗകര്യങ്ങൾ, വിവിധ വാർഷിക പദ്ധതികൾ പ്രകാരം ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ എന്നിവയൊന്നും സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ഉൾപ്പെടുത്താത്ത ഒഴിഞ്ഞ പട്ടികകളാണ് സ്റ്റാറ്റസ് റിപ്പോർട്ടിലുള്ളത്.

<u>2) മോണിട്ടറിംഗ് നടക്കുന്നില്ല</u>

പദ്ധതി ആസൂത്രണശേഷമുള്ള ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് നടത്തിയതിനുള്ള രേഖകൾ ലഭ്യമല്ല. പ്രവൃത്തികളുടെ നിർവഹണഘട്ടങ്ങളിൽ ഉണ്ടായ പ്രശ്നങ്ങൾ, സ്വീകരിക്കേണ്ടുന്ന തുടർനടപടികൾ എന്നിവ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളിൽ ഇല്ല. പദ്ധതി രൂപീകരണത്തിനു വേണ്ടി മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം കൂടിയിട്ടുള്ളത്.

<u>3) ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ</u>

നഗരസഭയുടെ 31.07.2018 ലെ കൗൺസിൽ യോഗ തീരുമാനം 9 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളുടെ അന്തിമ പട്ടിക അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിട്സിനോടൊപ്പം അന്തിമപ്പെടുത്തിയ പട്ടിക ഉൾക്കൊള്ളിച്ചിട്ടില്ല. നിർവഹണോദ്യോഗസ്ഥർ ലഭ്യമാക്കുന്ന ഗുണഭോക്തൃപട്ടികയിൽ വാർഡ് സഭാ മിനിട്സിൽ ഉൾപ്പെട്ടിട്ടില്ലാത്ത അനേകം ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഉദാ- പാലിന് സബ്സിഡി പദ്ധതി. 4,8 എന്നീ വാർഡുകളിലെ സഭാ മിനിട്സ് പ്രകാരം മേൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ ഈ വാർഡുകളിലെ ഒട്ടനവധി ക്ഷീരകർഷകർക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. കൗൺസിൽ അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടിക പരിശോധനക്ക് ലഭ്യമാക്കിയില്ല. നഗരസഭ നിർവഹണാധികാരികൾക്കു കൈമാറിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് മാത്രമാണ് ലഭ്യമായത്. ആയത് കൗൺസിൽ പരിശോധിക്കുവാനായില്ല.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതിലേക്ക് നഗരസഭാ പരിധിയിൽ വ്യാപകമായ പ്രചാരണം നൽകി, അപേക്ഷകൾ സ്വീകരിച്ച് അപേക്ഷകൾ വാർഡ് സഭകളിൽ അവതരിപ്പിച്ച് മാർക്ക് നൽകി അർഹതാ നിർണ്ണയം നടത്തി മുൻഗണനാ ക്രമം നിശ്ചയിക്കേണ്ടതാണ്. ഇതുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെയും, ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിച്ച് മാർക്ക് രേഖപ്പെടുത്തിയതിന്റെയും രേഖകൾ ലഭ്യമായില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/24.01.2020) സ്റ്റാറ്റസ് റിപ്പോർട്ട് എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കുന്നതാണെന്നും, മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളുടെ മാർക്ക് രേഖപ്പെടുത്തിയ അപേക്ഷകൾ ലഭ്യമായിട്ടില്ലായെന്നും, ഭാവിയിൽ ലഭ്യമാക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, പദ്ധതി തുകയുടെ വിനിയോഗം ഫലപ്രദമാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതുമാണ്.

# 1-13 വസ്തു നികുതി നിർണയം/പരിഷ്കരണത്തിലെ അപാകതകൾ

സ.ഉ. (സാധാ) 540/2019/തസ്വഭവ തീയതി 06.03.2019 പ്രകാരം നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനുള്ള പ്രാബല്യതീയതി 01.04.2016 ആയി പുനർ നിശ്ചയിച്ചിരുന്നു. നഗരസഭയിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇതുവരെയും പൂർത്തിയായിട്ടില്ല. ഇതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങളിലും അനേകം അപാകതകൾ കടന്നു കൂടിയിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം/നിർണയവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ.

1) എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) മാന്വൽ ഫോറം 2, 6 എന്നിവയിലെ വിവരങ്ങൾ സഞ്ചയ ഫോറം 6 ലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. അതായത്, മാന്വൽ ഫോറം 6ലെ റോഡിന്റെ വീതി, വഴി സൗകര്യം, കാലപ്പഴക്കം, പ്ലിന്ത് ഏരിയ തുടങ്ങിയ വിവരങ്ങൾ സഞ്ചയ ഫോറം 6 മായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണമായി കെട്ടിട നമ്പർ 1/ 98(1) ന്റെ ആകെ പ്ലിന്ത് ഏരിയ പ്ലാൻ പ്രകാരം 119.69 $m^2$ ആണ്. എന്നാൽ നികുതി നിർണ്ണയത്തിനു കണക്കിലെടുത്തത് 110.89 $m^2$ ആണ്. കൂടാതെ പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടം ദ്വിതീയ മേഖലയിൽ ആണെന്ന് രേഖപ്പെടുത്തി 10% ഇളവും നൽകിയിട്ടുണ്ട്. ലൈബ്രറി സെസ്സും സേവന ഉപനികുതിയും കൂട്ടി ആകെ 1,790/- രൂപ ഈടാക്കേണ്ടതിനു പകരം 1,493/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. അപാകത ശ്രദ്ധയിൽപ്പെടുത്തിയതിൽ (ഓഡിറ്റ് അന്വേഷണം നം. 11/18.01.2020), ഫയൽ ഒരിക്കൽ കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ റവന്യൂ ഇൻസ്പെക്ടർക്ക് കൈമാറിയതായും, തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

3) 15.03.2013 ലെ സ.ഉ.(അ) നമ്പർ 100/2013/തസ്വഭവ ഉത്തരവ് പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തിനകത്തുള്ളതോ, മുനിസിപ്പാലിറ്റി പ്രദേശത്തുകൂടി കടന്നു പോകുന്നതോ ആയ റോഡുകളെയും നടപ്പാതകളെയും വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച്, പട്ടികപ്പെടുത്തി, വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

4) മേൽ ഉത്തരവു പ്രകാരം മുൻപ് നിലവിലുണ്ടായിരുന്ന ഒരു ഗാർഹിക കെട്ടിടത്തിന് കുറഞ്ഞത് 25% ഉം പരമാവധി 60% ഉം വർദ്ധനവാണ വരേണ്ടത്. മുൻപ് നിലവിലുണ്ടായിരുന്ന ഒരു വാണിജ്യ കെട്ടിടത്തിന് പരമാവധി 100% വർദ്ധനവാണ് ഉണ്ടാകേണ്ടത്. സഞ്ചയയിൽ കെട്ടിടത്തിന്റെ പഴയ നികുതി (നിലവിലുണ്ടായിരുന്ന നികുതി) എന്നത് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ കെട്ടിടങ്ങൾക്ക് മേൽ പ്രകാരമുള്ള പരിധികൾ പാലിച്ച നികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്നു പരിശോധിക്കാനാകുന്നില്ല. പഴയനികുതി കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ചില കെട്ടിടങ്ങൾക്ക് മേൽപ്രകാരമുള്ള പരിധി പാലിക്കാത്തതായും ബോധ്യപ്പെട്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പഴയ കെട്ടിട നം | പരിഷ്കരണത്തിനു മുൻപുള്ള വസ്തുനികുതി | പുതിയ കെട്ടിട നം | പരിഷ്കരിച്ച വസ്തുനികുതി |
|---|---|---|---|
| PP8/65A | 444/- | 22/86 | 444/- |
| PP8/846A | 530/- | 22/430 | 530/- |

5) കെട്ടിട നിർമ്മാണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട 02.12.2015 ലെ സർക്കുലർ നം. 12900/ആർ/2015/തസ്വഭവ പ്രകാരമുള്ള വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടില്ല.

എ) ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിങ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയവ ഒറ്റഫയലായി ക്രമീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം, കൈവശാവകാശം തുടങ്ങിയ രേഖകൾ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. പെർമിറ്റ് നൽകിയ പ്ലാനിന്റെ പകർപ്പ് അപേക്ഷക്കൊപ്പം സൂക്ഷിച്ചിച്ചിട്ടില്ല. ആയതിനാൽ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാനാകുന്നില്ല. പരിശോധനക്കു വിധേയമാക്കിയ ഒരു ഫയലിലും അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയതായോ, ആയതിനുള്ള ഫീസ് നിശ്ചയിച്ച് ഈടാക്കിയതായോ രേഖപ്പെടുത്തി കാണുന്നില്ല.

ബി) വസ്തുനികുതി നിർണ്ണയത്തിനായുള്ള അപേക്ഷകൾ പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, സെറ്റ് ബാക്ക് അളവുകൾ, എഫ്.എ.ആർ, കവറേജ്, പാർക്കിംഗ്, ഈടാക്കേണ്ട ഫീ തുടങ്ങിയ വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുക മാത്രമാണ് സെക്ഷനിൽ നിന്നും ചെയ്യുന്നത്.

സി) റവന്യൂ സെക്ഷൻ ക്ലാർക്കിന്റെ നോട്ടിൽ അപേക്ഷകന്റെ ഉടമസ്ഥാവകാശം, ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ റിപ്പോർട്ട് ചെയ്യുന്നില്ല.

6) 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നഗരസഭ 10.2.2012 ന് ഇറക്കിയ അന്തിമ വിജ്ഞാപന പ്രകാരം ആറാലുംമൂട് വാർഡ് (വാർഡ് 1 ) പ്രഥമ മേഖല ആയാണ് തരം തിരിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത വാർഡിൽ ഉൾപ്പെട്ട 11 അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കാണുന്ന കെട്ടിടങ്ങൾ ദ്വിതീയ മേഖലയിലാണെന്ന രേഖപ്പെടുത്തി ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട്. (അടിസ്ഥാന വസ്തു നികുതി 13/$m^2$)

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഉടമയുടെ പേര് | ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 1/407 | 125.29 | ശ്രീമതി.വിദ്യവിജയൻ | 1466 | 1629 | 163 |
| 2 | 1/457(1) | 41.64 | ശ്രീമതി.ഷംലഎസ്എ | 434 | 542 | 108 |
| 3 | 1/226* | 203.08 | ശ്രീ. അബ്ദുൽ നാസർ | 2905 | 3168 | 263 |
| 4 | 1/100** | 74.10 | ശ്രീ. രഞ്ജിത് രാജ് | 771 | 867 | 96 |

*വഴിസൗകര്യം 20% വർദ്ധനവ്

** വഴി സൗകര്യം 10% ഇളവ്.

അപാകത ശ്രദ്ധയിൽപ്പെടുത്തിയതിൽ (ഓഡിറ്റ് അന്വേഷണം നം.11/18.01.2020), മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചു കൊണ്ടു റവന്യൂ ഇൻസ്പെക്ടർമാർ നൽകിയ റിപ്പോർട്ടിൽ മേഖല ദ്വിതീയം എന്ന രേഖപ്പെടുത്തി ഇളവു അനുവദിച്ചതാണെന്നും, പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതിലേക്കായി നിലവിലെ റവന്യൂ ഇൻസ്പെക്ടർമാർക്കു കൈമാറിയതായും മറുപടി ലഭ്യമാക്കി.

7) അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന ലൊക്കേഷൻ പ്ലാനിലെ പ്രവേശന മാർഗത്തിന്റെ വീതിയും നികുതി നിർണയത്തിനായി സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വീതിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇപ്രകാരം ചട്ടവിരുദ്ധമായ ഇളവുകൾ അനുവദിച്ചു നൽകിയിരിക്കുന്നു. ഉദാഹരണത്തിന് കെട്ടിട നമ്പർ 3/ 411 B യുടെ നികുതി നിർണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം പ്രവേശന മാർഗം 2.7 m വീതിയുള്ളതാണ്.

വസ്തുനികുതി ചട്ടങ്ങൾ പ്രകാരം 1.5m ൽ താഴെ വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്കു മാത്രമേ ഈയിനത്തിലെ ഇളവിനു അർഹതയുള്ളൂ. അപാകത ശ്രദ്ധയിൽപ്പെടുത്തിയതിൽ (ഓഡിറ്റ് അന്വേഷണം നം. 11/18.01.2020), ഫയൽ ഒരിക്കൽ കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ റവന്യൂ ഇൻസ്പെക്ടർക്ക് കൈമാറിയതായും, തുടർനടപടികൾ സ്വീകരിക്കുന്നതായും മറുപടി ലഭ്യമാക്കി.

8) 10-2-2012 ന് നഗരസഭ പുറത്തിറക്കിയ കെട്ടിട നികുതി പരിഷ്കരിച്ച് കൊണ്ടുള്ള അന്തിമ വിജ്ഞാപനം പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 60 രൂപയും 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയുടെ അടിസ്ഥാന നിരക്ക് 85/- രൂപയും ആണ്. 24, 25, 40 വാർഡുകളിലെ സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച:മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി നിർണയത്തിൽ അടിസ്ഥാന നിരക്ക് 85/- രൂപക്ക് പകരം 60/- രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

| ക്രമ നം | കെട്ടിട നം | വിസ്തീർണം ( ച:മീറ്റർ) | കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാനനികുതി (വിസ്തീർണംx 85 ) | സഞ്ചയ പ്രകാരം അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് /വർദ്ധനവ് | സഞ്ചയ പ്രകാരമുള്ള ഡിമാൻഡ് | യഥാർത്ഥത്തിൽ ഡിമാൻഡ് ചെയ്യേണ്ടിയിരുന്നത് * | കുറവ് |
|---|---|---|---|---|---|---|---|
| 1 | 40/422 | 163.00 | 13855 | - | 11247 | 15933 | 4686 |
| 2 | 40/423 | 169.00 | 14365 | - | 11661 | 16520 | 4859 |
| 3 | 40/901 | 386.00 | 32810 | 20% വർദ്ധനവ് | 31962 | 45278 | 13316 |
| 4 | 40/902 | 305.00 | 25925 | 35% വർദ്ധനവ് | 28412 | 40249 | 11837 |
| 5 | 40/910(1) | 104.00 | 8840 | - | 6484 | 10166 | 3682 |
| 6 | 24/1012 | 260.00 | 22100 | 35% വർദ്ധനവ് | 24219 | 34310 | 10091 |
| 7 | 25/652 | 218.22 | 18549 | 10% ഇളവ് | 13553 | 19198 | 5645 |
| 8 | 25/653 | 203.55 | 17302 | - | 14046 | 19897 | 5851 |
| **ആകെ** | | | | | | | **59967** |

* ഡിമാൻഡ് = (( അടിസ്ഥാന നികുതി - ഇളവ് ) + വർദ്ധനവ് )+ ലൈബ്രററി സെസ്സ് (5% )+ സേവന ഉപനികുതി (10% )

അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/18.01.2020) മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടങ്ങളുടെ നികുതി നിർണയം, നികുതി പരിഷ്കരണം, ഫയലുകളുടെ സൂക്ഷിപ്പ്, പരിശോധനാ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ വീഴ്ചകൾ എന്നിവയിലൂടെ വസ്തുനികുതി വരുമാനത്തിൽ ഗണ്യമായ വരുമാന ചോർച്ചയുണ്ടാകുന്നതായി വിലയിരുത്തുന്നു. ഡാറ്റാ എൻട്രിയിലും ഗൗരവതരമായ അപാകതകൾ കടന്നു കൂടിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 01.04.2016 മുതൽ നികുതി നിർണ്ണയം നടത്തിയതായ എല്ലാ കെട്ടിടങ്ങളുടെയും സഞ്ചയയിലെ അസസ്സ്മെന്റ് വിവരങ്ങൾ ഫയലുമായി പൊരുത്തപ്പെടുത്തേണ്ടതും, അപാകതകൾ പരിഹരിക്കേണ്ടതുമാണ്. കൂടാതെ മേഖലാ തരംതിരിവ്, വഴി സൗകര്യം എന്നിവ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ മാന്വൽ ഫാറം 6 മായി ഒത്തുനോക്കേണ്ടതും, അപാകതകൾ കണ്ടെത്തുന്ന പക്ഷം പുനർ പരിശോധന നടത്തി നികുതി നിർണ്ണയിക്കേണ്ടതുമാണ്.

# 1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, കരാറുകാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരിൽനിന്നും പൊതുവിൽപ്പന നികുതി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങൾ, ബാങ്കിംഗ്-ധനകാര്യ സ്ഥാപനങ്ങളും അവയുടെ ബ്രാഞ്ചുകളും, സഹകരണസംഘം ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസംഘങ്ങൾ അവയുടെ ശാഖകൾ, വിദേശ മദ്യഷാപ്പുകൾ, ബാർ ഹോട്ടലുകൾ, നക്ഷത്ര ഹോട്ടലുകൾ എന്നിവ നടത്തുന്നവർ, പെട്രോൾ ഡീസൽ പമ്പുകൾ, സർവ്വീസ് സ്റ്റേഷൻ എന്നിവ നടത്തുന്നവർ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ, ഫാക്ടറികൾ, അർദ്ധ വാർഷിക വരുമാനം 30,000/-

രൂപയിൽ താഴെയല്ലാത്ത സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ (11) വരെ പ്രകാരം അർദ്ധ വാർഷിക നികുതിയായി 1,250/- രൂപ വീതം ഈടാക്കേണ്ടതാണ്.

നഗരസഭയുടെ പരിധിയിൽ 2018-19 സാമ്പത്തിക വർഷം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 18.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2018-19 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന കരാറുകാർ തൊഴിൽ നികുതി ഒടുക്കുവാൻ അവശേഷിക്കുന്നു.

1. ശ്രീ. സി.രവി

എ.ആർ ഭവൻ, പരവൻകോട്,കൊറ്റാമം, ധനുവച്ചപുരം

2. ശ്രീ. എസ്.രാജു

ലക്ഷ്മി നിവാസ്, രാമപുരം

3. ശ്രീ. ഡി.ജയകുമാർ

തോട്ടത്തുവീട്, വഴുതൂർ, നെയ്യാറ്റിൻകര

4. ശ്രീ. എസ്.എസ്.സുനിൽകുമാർ

വടക്കേതൈതോട്ടം, റോഡരികത്തു പുത്തൻവീട്, തൊഴുക്കൽ

5. ശ്രീ. ജെ.വിജയരാജ്

ഷാരോൺ, വഴുതൂർ

6. ശ്രീ. ഡി.സ്റ്റീഫൻ

വലിയവിള പുത്തൻവീട്, വഴുതൂർ

7. ശ്രീ. കെ.ബിജു

ചരുവിള പുത്തൻവീട്, ആവണാകുഴി, താന്നിമൂട്

8. ശ്രീ. എൻ.അനിൽകുമാർ

നാരായണവിലാസം, ഇരുമ്പിൽ, നെയ്യാറ്റിൻകര

9. ശ്രീ. എ.ക്രിസ്തുദാസ്

സി.എസ്. ഭവൻ, മണലുവിള, ആറയൂർ പി.ഒ

10. ശ്രീ. ഷിജുമോൻ

ഷിബുവിലാസം, മുള്ളറവിള, പെരുംപഴുതൂർ പി.ഒ

തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 അഭിഭാഷകർ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയിട്ടില്ല

നഗരസഭയുടെ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർ ഡിമാന്റ് നോട്ടീസ് കൈപ്പറ്റാത്തതിനാൽ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ഭീമമായ വരുമാന നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഡിമാന്റ് നോട്ടീസ് നഗരസഭാധികൃതർ നേരിട്ടു നൽകിയപ്പോഴും തപാൽ മുഖേന നൽകിയപ്പോഴും അഭിഭാഷകരിൽ നല്ലൊരു ശതമാനംപേരും കൈപ്പറ്റാതെ മടക്കുകയാണുണ്ടായത്.

ഇതു സംബന്ധിച്ച് നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്ക് 18.01.2020 ൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ആകെ അഭിഭാഷകരുടെ എണ്ണം | ഡിമാന്റ് നോട്ടീസ് നൽകിയ അഭിഭാഷകരുടെ എണ്ണം | ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ അഭിഭാഷകരുടെ എണ്ണം | ഡിമാന്റ് നോട്ടീസ് നിരസിച്ച അഭിഭാഷകരുടെ എണ്ണം | നികുതി ഒടുക്കിയ അഭിഭാഷകരുടെ എണ്ണം |
|---|---|---|---|---|
| 311 | 311 | 27 | 284 | ഇല്ല |

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം നഗരസഭ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരിൽനിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ തൊഴിൽ നികുതിയിനത്തിൽ ഈടാക്കാവുന്നതാണ്. അഭിഭാഷകരിൽനിന്നും തൊഴിൽ നികുതി ഈടാക്കാത്തത്, കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 245, 249, 250, 252 എന്നിവയുടേയും 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(1,2), 4, 5, 11 എന്നിവയുടേയും ലംഘനമാണ്. അഭിഭാഷകരിൽ ബഹുഭൂരിപക്ഷവും ഡിമാന്റ് നോട്ടീസ് കൈപ്പറ്റാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി നഗരസഭയുടെ തനതുഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടത് അത്യന്താപേക്ഷിതമാണ്.

# 1-16 ഡോക്ടർമാരിൽനിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല

നഗരസഭയുടെ പരിധിയിൽ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരിൽനിന്നും 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇരുപതിലധികം ഡോക്ടർമാരാണ് സ്വകാര്യ പ്രാക്ടീസ് ചെയ്യുന്നത്.

ഇതു സംബന്ധിച്ച് നെയ്യാറ്റിൻകര നഗരസഭ സെക്രട്ടറിക്ക് 18.01.2020 ൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ഡോക്ടർമാരുടെ എണ്ണം | ഡിമാന്റ് നോട്ടീസ് നൽകിയ ഡോക്ടർമാരുടെ എണ്ണം | ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ ഡോക്ടർമാരുടെ എണ്ണം | ഡിമാന്റ് നോട്ടീസ് കൈപ്പറ്റാത്ത ഡോക്ടർമാരുടെ എണ്ണം | തൊഴിൽ നികുതി ഒടുക്കിയ ഡോക്ടർമാരുടെ എണ്ണം |
|---|---|---|---|---|
| 22 | 22 | 18 | 04 | 04 |

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ (11) വരെ പ്രകാരം നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, കരാറുകാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരിൽനിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ തൊഴിൽ നികുതിയിനത്തിൽ ഈടാക്കാവുന്നതാണ്. ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയിട്ടും നികുതി ഒടുക്കാത്ത ഡോക്ടർമാരിൽനിന്നും നികുതി കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഡിമാന്റ് നോട്ടീസ് കൈപ്പറ്റാത്ത ഡോക്ടർമാർക്കെതിരെ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-17 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 സാമ്പത്തിക വർഷം (രണ്ട് അർദ്ധ വർഷം) തൊഴിൽ നികുതി പിരിച്ചെടുക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയവരുടെ മേൽ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 253, 254, 256, 259 എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ/ഓഫീസുകളുടെ പേര് ചുവടെ ചേർക്കുന്നു.

1. പോത്തൻസ് ഹ്യുണ്ടായി, പുത്തനമ്പലം വാർഡ്

2. ഡെന്റൽ അക്കാഡമി, പുത്തനമ്പലം വാർഡ്

3. ശിവജി മോട്ടോഴ്സ്, മരുതൂർ വാർഡ്

4. യുണൈറ്റഡ് സ്റ്റീൽ, മരുതൂർ വാർഡ്

5. വെഹിക്കിൾ ഓണേഴ്സ് സൊസൈറ്റി, മരുതൂർ വാർഡ്

6. TVM മോട്ടോഴ്സ്, മരുതൂർ വാർഡ്

7. TMM മോട്ടോഴ്സ്, മരുതൂർ വാർഡ്

8. ഉത്രാടം ഡെന്റൽ ക്ലിനിക്, കൂട്ടപ്പന വാർഡ്

9. Raidco, ആലുംമൂട് വാർഡ്

10. നെയ്യാറ്റിൻകര എസ്.സി/എസ്.റ്റി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

11. നെയ്യാറ്റിൻകര താലൂക്ക് പ്രവാസി വെൽഫെയർ സഹകരണസംഘം

12. അനന്തപുരം കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഫോർട്ട് വാർഡ്

13. ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഫോർട്ട് വാർഡ്

14. നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

15. രാമേശ്വരം ശ്രീമഹാദേവ ക്ഷേത്രം

16. അവണാകുഴി സർവ്വീസ് സഹകരണ ബാങ്ക്

17. ഗവ. ആശുപത്രി എംപ്ലോയ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

18. കൊമേഴ്സ്യൽ ഡെവലപ്പ്മെന്റ് സൊസൈറ്റി

19. നെയ്യാറ്റിൻകര വെൽഫെയർ സൊസൈറ്റി

20. നെയ്യാറ്റിൻകര താലൂക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

21. വിഷ്ണുപുരം വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മുള്ളറവിള

22. പെരുംപഴുതൂർ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മുള്ളറവിള വാർഡ്

ഇതു സംബന്ധിച്ച് 18.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും തൊഴിൽ നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ഒടുക്കുന്ന മുറയ്ക്ക് ഓഡിറ്റ് വിഭാഗത്തെ അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-18 വ്യാപാരികളിൽനിന്നുള്ള നികുതി പിരിവ് കാര്യക്ഷമമല്ല

നഗരസഭയുടെ വിവിധ വാർഡുകളിലെ വ്യാപാരികളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. ഇക്കാരണത്താൽ തനത് ഫണ്ടിന് ശോഷണം സംഭവിച്ചിട്ടുണ്ട്. ആകെ 32 വാർഡുകളുള്ളതിൽ 12 എണ്ണത്തിന്റെ തൊഴിൽ നികുതി രേഖകൾ മാത്രമെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളൂ. പ്രാഥമിക പരിശോധനയിൽ മറ്റുള്ള വാർഡുകളിലെ സ്ഥിതി ഇതിൽനിന്നും വിഭിന്നമല്ല. 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത വ്യാപാരികളുടെ വിശദാംശങ്ങൾ അനുബന്ധം 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് 18.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12ന് ലഭ്യമാക്കിയ മറുപടിയിൽ 2018-19 വർഷം നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെട്ടിരുന്നതിനാൽ ബിൽ കളക്ടർമാർക്ക് വാർഡിൽ പോയി തൊഴിൽ നികുതി പിരിക്കുന്നതിന് വളരെ കുറച്ച് സമയം മാത്രമെ ലഭിച്ചിരുന്നുള്ളുവെന്നും ആയതിനാൽ

വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് സാധിച്ചിരുന്നില്ലയെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ല. വ്യാപാരികളിൽ നിന്നും നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 ആശുപത്രി ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയപ്പോൾ ഡോക്ടർമാർ ഒഴിവായി

നെയ്യാറ്റിൻകരയ്ക്ക് സമീപം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന റോളണ്ട്സ് ആശുപത്രിയിലെ 2018-19 വർഷത്തെ(രണ്ട് അർദ്ധവർഷം) തൊഴിൽ നികുതി ഡോക്ടർമാരൊഴികെയുള്ള ജീവനക്കാരിൽ നിന്നും ഈടാക്കി. ഇവിടെ നിന്നും നഗരസഭയ്ക്ക് ലഭ്യമാക്കിയ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന പത്രികയിൽ ഡോക്ടർമാരുടെ പേരോ വരുമാനമോ നികുതി സംബന്ധമായ വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. ആശുപത്രിയിൽ നിന്നും ഹാജരാക്കിയ അർദ്ധവാർഷിക വരമാന പത്രികയിൽ ഡോക്ടർമാർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് നഗരസഭ പരിശോധിച്ച് ഉറപ്പുവരുത്തിയതുമില്ല. ഇതെല്ലാം ഡോക്ടർമാരിൽ നിന്നും യഥാസമയം തൊഴിൽ നികുതി പിരിച്ചെടുക്കാതിരിക്കുന്നതിന് കാരണമായിത്തീർന്നു.

ഇതിനു കാരണമാരാഞ്ഞുകൊണ്ട് 17.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.02ന് ലഭ്യമാക്കിയ മറുപടിയിൽ റോളണ്ട്സ് ആശുപത്രിയിലെ ഡോക്ടർമാർ തൊഴിൽ നികുതി ഒടുക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഒടുക്കുന്ന മുറയ്ക്ക് ഓഡിറ്റ് വിഭാഗത്തെ അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 ആശുപത്രി കെട്ടിടത്തിന് റസിഡൻഷ്യൽ നിരക്കിലുള്ള വസ്തുനികുതി

ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നത് റസിഡൻഷ്യൽ നിരക്കിലായതിനാൽ നഗരസഭയ്ക്ക് വരുമാനത്തിൽ കുറവുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളിൽ നിന്ന് കൊമേഴ്സ്യൽ നിരക്കിലുള്ള വസ്തുനികുതിയാണ് നിയമപ്രകാരം ഈടാക്കേണ്ടിയിരുന്നത്.

വ്ലാങ്ങാമുറിയിൽ പ്രവർത്തിക്കുന്ന പൊന്നമ്പലം ചൈൽഡ് കെയർ ഹോസ്പിറ്റലാണ് റസിഡൻഷ്യൽ കെട്ടിടത്തിൽ സ്ഥിതിചെയ്യുന്നത്. 18.01.2020, 28.01.2020 എന്നീ തീയതികളിൽ നൽകിയ 14,50 നമ്പരുകൾ പ്രകാരമുള്ള ഓഡിറ്റ് എൻക്വയറികൾക്കു ലഭ്യമാക്കിയ മറുപടിയിലാണ് ഇക്കാര്യം പ്രസ്താവിച്ചിട്ടുള്ളത്. ഇതിനു പുറമെ Divine Dental Clinic NMC IX/487, മൃത്യുഞ്ജയം സിദ്ധവൈദ്യശാല NMC XV/75, Anand Eye Clinic NMC XI/86B, ശ്രീചിത്രാ ക്ലിനിക് ഡോക്ടർ മത്തായീസ് ക്ലിനിക്, ഉത്രാടം ഡെന്റൽ കെയർ ക്ലിനിക് റെയിൽവേ സ്റ്റേഷൻ റോഡ് നെയ്യാറ്റിൻകര, എന്നീ ആശുപത്രികളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്ന രീതി റസിഡൻഷ്യലാണോ കൊമേഴ്സ്യലാണോ നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നാണ് പ്രസ്തുത മറുപടികളിൽ വ്യക്തമാക്കിയിട്ടുള്ളത്.

കെട്ടിടത്തിന്റെ ഉപയോഗത്തിനനുസൃതമായി നികുതി നിർണ്ണയം ശരിയായ രീതിയിൽ നടത്തേണ്ടതും സമയ ബന്ധിതമായി നികുതി പിരിച്ചെടുത്ത് തനതുഫണ്ടിൽ മുതൽ കൂട്ടേണ്ടതും നഗരസഭ ഉദ്യോഗസ്ഥരുടെ അനിവാര്യമായ കടമയാണ്.

## 1-21 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ വർഷത്തിലൊരിക്കൽ നികുതിയായി നഗരസഭയിൽ ഒടുക്കേണ്ടത്. ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം 17 മൊബൈൽ ടവറുകൾ പ്രവർത്തിച്ചിരുന്നുവെന്നും അതിൽ 4 എണ്ണം അനധികൃതമായിരുന്നുവെന്നും വ്യക്തമാകുന്നു. രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | 2018-19ൽ ഒടുക്കേണ്ട വസ്തുനികുതി |
|---|---|---|---|
| The general manager, BSNL, Tvpm | NMC II/ 308(1) U/A | 150.38 $m^2$ | 25,200/- |
| M/S Idea Mobile Communication Ltd. | NMC III/361(1) U/A | 189.1 $m^2$ | 25,200/- |
| The Manager, Reliance Communication Ltd. | NMC V/245(1) U/A | 131.32 $m^2$ | 25,200/- |
| India Telecom Infra Ltd. | NMC IV/611(1) U/A | 127.26 $m^2$ | 25,200/- |
| M/S Reliace Infra Ltd. | NMC XIV/1924(1) 36/198(1) | 47.12 $m^2$ | 25,200/- |
| ATC Telecom Infrastructure Pvt Ltd. | NMC XIII/270(1), 37/496(1) | 78.96 $m^2$ | 22,140/- |
| Tower Vission India Pvt Ltd. | NMC VII/321(B1) 16/17(1) | 77.42 $m^2$ | 27,000/- |
| ACT Telecom Infrastructure Pvt Ltd. | NMC V/231A 3/381(1) | 228.8 $m^2$ | 27,000/- |
| Wireless TT Infoservice Ltd. | NMC VII/100M 27/142 | 107.36 $m^2$ | 25,200/- |
| Wireless ITL Arcade | NMC V/436B1 3/617(1) | 152.88 $m^2$ | 27,000/- |
| The Manager (WTTIL) | NMC XIII/220D 37/290(1) | 63.96 $m^2$ | 22,140/- |
| The Manager (WTTIL) | NMC VI/616P | 216 $m^2$ | 23,100/- |
| Bharathi Infratel Airtel | NMC XVII/100P 24/143 | 159 $m^2$ | 25,080/- |
| Bharathi Infratel Airtel | NMC XV/194B 25/278(1) | 247.5 $m^2$ | 25,080/- |
| Bharathi Infratel Airtel | NMC VII/410A 37/438(1) | 168.84 $m^2$ | 25,080/- |

ഇതു സംബന്ധിച്ച് 21.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.21ന് ലഭ്യമാക്കിയ മറുപടിയിൽ വാർഡടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ ലിസ്റ്റ് റവന്യൂ ഇൻസ്പെക്ടർമാർ എടുക്കുന്നുണ്ട് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 17 ടവറുകളിൽ 2 എണ്ണത്തിനു മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്. ഇതിന്റെ രസീത് നമ്പർ രജിസ്റ്ററിൽ വ്യക്തമല്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

# 1-22 റേഷൻ കടകൾക്ക് ലൈസൻസ് നൽകിയിട്ടില്ല

നഗരസഭയുടെ പരിധിയിലുള്ള റേഷൻ കടകൾ 2018-19 സാമ്പത്തിക വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചത്. ഇതിനു കാരണമാരാഞ്ഞുകൊണ്ട് 20.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.20ന് ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമില്ലാത്തതാകുന്നു എന്നു വ്യക്തമാക്കിയിട്ടുണ്ട്. റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവയിൽ നിന്നും നിലവിലെ ചട്ടങ്ങൾ പ്രകാരം ഒഴിവാക്കാൻ കഴിയുന്നതല്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ 22.01.2019 ലെ നം. (സി.എസ്) എ9-764/2019 കത്ത് മുഖേനയും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ റേഷൻ കടകളിൽ നിന്നും ലൈസൻസ്/തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-23 മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ആവശ്യമായ ചില സ്ഥാപനങ്ങൾക്ക് ആയത് ഇല്ലാതെ തന്നെ ലൈസൻസ് അനുവദിച്ചു നല്കിയിട്ടുണ്ട്. രണ്ടോ മൂന്നോ മാസങ്ങൾക്കുള്ളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ഹാജരാക്കിക്കൊള്ളാമെന്ന സ്ഥാപന ഉടമകളുടെ രേഖാമൂലമുള്ള ഉറപ്പിന്മേലാണ് ലൈസൻസ് നല്കിയിട്ടുള്ളത്. പക്ഷെ പിന്നീട് ഇവരാരും പ്രസ്തുത അനുമതിപത്രം ഹാജരാക്കിയതായി കാണുന്നില്ല. ഇക്കാരണത്താൽ സ്ഥാപനത്തിനെതിരെ സ്റ്റോപ്പ് മെമ്മൊ പോലുള്ള നടപടികൾ എടുത്തിട്ടുമില്ല. രേഖാമൂലമുള്ള ഉറപ്പിന്മേൽ ലൈസൻസ് അനുവദിച്ചതിനു നിയമ സാധുതയില്ല. ഇത്തരത്തിൽ ലൈസൻസ് അനുവദിച്ച ചില സ്ഥാപനങ്ങൾക്ക് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ | ഫയൽ നമ്പർ | സ്ഥാപനം |
|---|---|---|---|---|
| 1 | ശ്രീ.രാധാകൃഷ്ണൻ | NMC XVII/96 | H1/4253/18 | അയ്യപ്പ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് |
| 2 | ശ്രീ.സന്തോഷ് കുമാർ | NMC XVII/42 | H1/5132/18 | ഫ്ലോർ മിൽ, അമരവിള |
| 3 | ശ്രീ.സാംരാജ് | NMC XVIII/4 | H1/4224/18 | ഏയ്ഞ്ചൽ ഇൻഡസ്ട്രീസ്, അമരവിള |
| 4 | ശ്രീ.ഗണേശൻ | NMC XIX/295,296 | H1/5134/18 | അമരവിള ഫ്ലോർ മിൽ |

ടി സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് സ്വീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും അല്ലാതെ ലൈസൻസ് നൽകിയിട്ടില്ലെന്നും 2020-21 വർഷത്തേയ്ക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം ഹാജരാക്കുന്ന മുറയ്ക്കു മാത്രമെ ലൈസൻസ് ഫീസ് സ്വീകരിക്കുകയുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന മുഴുവൻ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് മാത്രം ലൈസൻസ് നൽകേണ്ടതാണ്.

# 1-24 പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്വകാര്യ ആശുപത്രികളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

നഗരസഭ കാര്യാലയത്തിനു സമീപം പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ എന്നിവയ്ക്ക് 2018-19 കാലയളവിൽ ലൈസൻസ് നൽകിയിട്ടില്ല. ഇത്തരത്തിലുള്ള ഏതാനും സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അനുപമ C.T Scan, Digital X-ray, Laboratory, Hospital Junction, Neyyattinkara

2. അമ്മ കണ്ണാശുപത്രി, റെയിൽവേ സ്റ്റേഷൻ റോഡ്, നെയ്യാറ്റിൻകര

3. അർച്ചന ക്ലിനിക്കൽ ലബോറട്ടറി, റെയിൽവേ സ്റ്റേഷൻ റോഡ്, നെയ്യാറ്റിൻകര

4. ഗ്രെയ്സ് ഫിസിയോതെറാപ്പി ക്ലിനിക്, റെയിൽവേ സ്റ്റേഷൻ റോഡ്, നെയ്യാറ്റിൻകര

5.ഡോക്ടർ മത്തായീസ് ക്ലിനിക്, റെയിൽവേ സ്റ്റേഷൻ റോഡ്, നെയ്യാറ്റിൻകര

6. ഉത്രാടം ഡെന്റൽ ക്ലിനിക്, റെയിൽവേ സ്റ്റേഷൻ റോഡ്, നെയ്യാറ്റിൻകര

7. ആശ്രയ ഹോമിയോ ക്ലിനിക്, റെയിൽവേ സ്റ്റേഷൻ റോഡ്, നെയ്യാറ്റിൻകര

8. ഡോക്ടർ. ജയകുമാർ, എം.വി ഹോസ്പിറ്റൽ ആലുംമൂട് വാർഡ്

ഇതിനു കാരണമാരാഞ്ഞുകൊണ്ട് 25.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.47 ന ലഭ്യമാക്കിയ മറുപടിയിൽ ഡോക്ടർ. ജയകുമാർ നടത്തുന്ന ക്ലിനിക് (കൺസൾട്ടേഷൻ മാത്രം) ടിയാന്റെ താമസസ്ഥലത്തോട് ചേർന്നായതിനാൽ ലൈസൻസ് എടുക്കേണ്ടതില്ല എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മറുപടി സ്വീകാര്യമല്ല. മേൽ പരാമർശിച്ചിരിക്കുന്നതുൾപ്പെടെ നഗരസഭാതിർത്തിയിലെ എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്വകാര്യ ആശുപത്രികളും ബാധകമായ ഫീസ് ഒടുക്കി ലൈസൻസ് എടുത്തു എന്ന് ഉറപ്പാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 ട്യൂട്ടോറിയൽ കോളേജുകൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 507 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ നഗരസഭ പരിധിയിൽ നിരവധി ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിച്ച് വരുന്നു. ഇത്തരത്തിലുള്ള ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അക്ഷര, കോൺവെന്റ് റോഡ്, നെയ്യാറ്റിൻകര

2.ആചാര്യ, കോൺവെന്റ് റോഡ്, നെയ്യാറ്റിൻകര

3. G Tech, കോൺവെന്റ് റോഡ്, നെയ്യാറ്റിൻകര

4. നളന്ദ, മൂന്നുകല്ലിൻമൂട്

5.വിദ്യാനികേതൻ, കോൺവെന്റ് റോഡ്, നെയ്യാറ്റിൻകര

6.ഗുലിക, ആശുപത്രി ജംഗ്ഷൻ

7. പ്രതിഭ, വഴുതൂർ

8. പ്രീമിയർ, നെയ്യാറ്റിൻകര

9. ഹെബ്രോൺ, വിശ്വഭാരതിക്ക് എതിർവശം

ഇതിനു കാരണമാരാഞ്ഞുകൊണ്ട് 25.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.47 ന ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ട്യൂഷൻ കൊടുക്കുന്ന സ്ഥാപനങ്ങൾ മാത്രമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഈ മറുപടി സ്വീകാര്യമല്ല. മേൽ പരാമർശിച്ചിരിക്കുന്നതുൾപ്പെടെ നഗരസഭാതിർത്തിയിലെ എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു എന്നുറപ്പാക്കേണ്ടതും അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 508 പ്രകാരം നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-26 കുറഞ്ഞ തുകയ്ക്ക് മരങ്ങൾ ലേലം ചെയ്തതിലൂടെ നഗരസഭയ്ക്ക് നഷ്ടം

നെയ്യാറ്റിൻകര ഗവ.ആയുർവേദ ആശുപത്രി കോമ്പൗണ്ടിനുള്ളിലെ വൃക്ഷങ്ങൾ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി

ഡിവിഷൻ നിശ്ചയിച്ച മുഖവിലയേക്കാൾ വളരെ കുറഞ്ഞ തുകയ്ക്ക് (61% കുറവ്) ലേലം ചെയ്ത് വിറ്റതിലൂടെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടായി. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

# 1-27 വാടക/ലേലം എന്നിവയിലെ അപാകതകൾ

വാടക പിരിച്ചെടുക്കൽ, ലേലം എന്നിവയിലെ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ അർഹമായ തനതു വരവ് യഥാസമയം മുതൽക്കൂട്ടുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

എ) വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവ വാടക കുടിശ്ശിക വരുത്തിയിരിക്കുന്നു. കുടിശ്ശിക തുക പിഴപ്പലിശ സഹിതം കൃത്യമായി പിരിച്ചെടുത്ത് തനത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. കുടിശ്ശിക വരുത്തിയ ഉടമകളുടെ വിശദവിവരങ്ങൾ അനുബന്ധം 5 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇതു സംബന്ധിച്ച് 22.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.27ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്ത് നഗരസഭ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതാണ് എന്നു വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബി) വാടക കരാർ പുതുക്കിയിട്ടില്ല

അക്ഷയ ഷോപ്പിംഗ് കോംപ്ലക്സിലെ 13 കടമുറികളുടെ വാടകക്കരാർ യഥാസമയം പുതുക്കിയിട്ടില്ല. എഗ്രിമെന്റ് വയ്പിക്കാത്തപക്ഷമോ പുതുക്കാത്തപക്ഷമോ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും ഉണ്ടാകും.

ഇതു സംബന്ധിച്ച് 22.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.27ന് ലഭ്യമാക്കിയ മറുപടിയിൽ സമയബന്ധിതമായി എഗ്രിമെന്റ് പുതുക്കിയിട്ടില്ലാത്ത എല്ലാ ലൈസൻസികളുമായും ഉടമ്പടിയിൽ ഏർപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നു പ്രതിപാദിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകകരാറുകൾ പുതുക്കാൻ നടപടി സ്വീകരിക്കേണ്ടതും കുടിശിക ഈടാക്കേണ്ടതുമാണ്.

സി) കാലാവധി കഴിഞ്ഞിട്ടും ലേല തുക പിരിച്ചെടുത്തിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിൽ ജനറൽ ആശുപത്രി ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഡോർമിറ്ററി കം കംഫർട്ട് സ്റ്റേഷനിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം 4,18,000/-രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ള ശ്രീ. അനിൽകുമാർ. പി, കുളത്തിൻകര മേലെ പുത്തൻവീട്, മാങ്കോട്ടുകോണം, അമരവിള. പി.ഒ. എന്ന വ്യക്തി 1,04,500/-രൂപ മാത്രം നഗരസഭയിൽ ഒടുക്കിയതിനു ശേഷം നഗരസഭയുമായി കരാറിലേർപ്പെടാതെ അനധികൃതമായി ഫീസ് പിരിവ് നടത്തിയിരിക്കുന്നു. വിശദാംശം ഖണ്ഡിക 2-2 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-28 വാഹനങ്ങൾ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 8(1) അനുസരിച്ച് ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വാഹനങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകൾ പരിശോധിച്ചുവെങ്കിലും ഒരു വാഹനത്തിനു പോലും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് 27.01.2020 ൽ 55 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയിലൂടെ 2018-19 വർഷത്തെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടെങ്കിലും ഒരെണ്ണം പോലും ഹാജരാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. ഇതിനു വിശദീകരണവും നൽകിയിട്ടില്ല. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളെ 2018-19 വർഷം മേൽപ്പറഞ്ഞ രീതിയിൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ലെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

ചട്ടപ്രകാരം യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുകയും ചെയ്യുന്നു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള എല്ലാ വാഹനങ്ങളുടേയും ഫ്യൂവൽ കൺസംപ്ഷൻ

ടെസ്റ്റ് 2000- ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം സമയബന്ധിതമായി നടത്തുവാൻ ചുമതലപ്പെട്ട നഗരസഭ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ലോഗ്ബുക്ക് പരിപാലനം ചട്ടപ്രകാരമല്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലർ, 30.06.07ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്നിവയിലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ കസ്റ്റോഡിയൻ നഗരസഭ സെക്രട്ടറിയാണ്. 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ ആറാം നമ്പർ നിർദ്ദേശ പ്രകാരം തൻ മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ നിർദ്ദേശങ്ങളൊന്നും ഒരു ലോഗ് ബുക്കിലും പാലിക്കപ്പെട്ടിട്ടില്ല.

2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 9 പ്രകാരം വാഹനങ്ങളുടെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനങ്ങളുടെ ടാങ്ക് കപ്പാസിറ്റിയും അതത് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

ലോഗ്ബുക്കിലെ 5 -ാം കോളം പൂർണ്ണമായും ശരിയായും പൂരിപ്പിക്കേണ്ടതാണ്. "Purpose of journey (if on official duty full details and place or places to which proceeding)" "എന്ന കോളത്തിൽ വിവിധ വാർഡുകളിൽ പോയിവന്നു" എന്ന വാക്യമാണ് ഒട്ടു മിക്ക ലോഗ്ബുക്കിലും രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രയുടെ ഉദ്ദേശ്യം പൂർണ്ണമായ വിവരം ഉൾക്കൊള്ളുന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്. ഓരോ അറ്റകുറ്റപ്പണികളേയും ഇന്ധനത്തെ സംബന്ധിച്ച വിവരങ്ങളും യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിൽ പത്തു വാഹനങ്ങളുണ്ടെന്ന് 27.01.2020 ലെ 55-ാം നം ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും 6 വാഹനങ്ങളുടെ ലോഗ്ബുക്കുകളാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. KL 20D 2612, KL 20E 626, KL 20C 5714, KL 20F 3409 എന്നീ വാഹനങ്ങളുടെ ലോഗ്ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വാഹനങ്ങളുടെ കസ്റ്റോഡിയനായ നഗരസഭ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും നഗരസഭ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും ചട്ടപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-30 രസീതുപ്രകാരം പിരിച്ചെടുത്ത തുക അനധികൃതമായി കൈയിൽ സൂക്ഷിച്ചു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 20G 7963 നം. ആംബുലൻസ് നൽകുന്ന സേവനത്തിന് രസീതുപ്രകാരം പിരിച്ചെടുത്ത തുക മുഴുവനായും കൃത്യമായും യഥാസമയം നഗരസഭ ഫണ്ടിൽ ഒടുക്കിയിട്ടില്ല. പ്രസ്തുത ആംബുലൻസിന്റെ ഡ്രൈവർ ശ്രീ. സുനീഷ് കുമാരൻ.ജെ ആണ് നഗരസഭയുടെ രസീതുപ്രകാരം പിരിച്ചെടുത്ത കളക്ഷൻ തുക പൂർണ്ണമായും

കൃത്യമായും ഒടുക്കാതെ അനധികൃതമായി കൈയിൽ സൂക്ഷിച്ചത്. ഇതിന് ഏതാനം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് പ്രകാരം പണം കൈപ്പറ്റിയ തീയതി | രസീത് നമ്പർ | പിരിച്ചെടുത്ത തുക (രൂപ) |
|---|---|---|
| 01.04.2018 | 101 | 500 |
| 01.04.2018 | 102 | 500 |
| 01.04.2018 | 103 | 500 |
| 03.04.2018 | 104 | 500 |
| 03.04.2018 | 105 | 200 |
| 03.04.2018 | 106 | 500 |
| 03.04.2018 | 107 | 500 |
| 04.04.2018 | 108 | 500 |
| 05.04.2018 | 109 | 500 |
| 05.04.2018 | 110 | 500 |
| ആകെ | | **4,700/-** |
| നഗരസഭ ഫണ്ടിൽ ഒടുക്കിയ തീയതി. 07.04.2018 രസീത് നം.01/118160100179 | | |
| 05.04.2018 | 111 | 500 |
| 05.04.2018 | 112 | 500 |
| 05.04.2018 | 113 | 500 |
| 06.04.2018 | 114 | 500 |
| 06.04.2018 | 115 | 500 |
| 07.04.2018 | 116 | 500 |
| 07.04.2018 | 117 | 500 |
| 07.04.2018 | 118 | 500 |
| ആകെ | | **4,000/-** |
| നഗരസഭ ഫണ്ടിൽ ഒടുക്കിയ തീയതി. 12.04.2018 രസീത് നം.01/118160100310 | | |
| 08.04.2018 | 119 | 500 |
| 10.04.2018 | 120 | 500 |
| 11.04.2018 | 121 | 500 |
| 11.04.2018 | 122 | 500 |
| 11.04.2018 | 123 | 500 |
| 11.04.2018 | 124 | 500 |
| 12.04.2018 | 125 | 500 |
| ആകെ | | **3,500/-** |
| നഗരസഭ ഫണ്ടിൽ ഒടുക്കിയ തീയതി. 19.04.2018 രസീത് നം.01/118160100482 | | |
| 13.04.2018 | 126 | 500 |
| 13.04.2018 | 127 | 500 |
| 13.04.2018 | 128 | 500 |
| 13.04.2018 | 129 | 500 |
| 15.04.2018 | 130 | 500 |
| 15.04.2018 | 131 | 500 |
| 15.04.2018 | 132 | 500 |
| 17.04.2018 | 133 | 500 |
| 17.04.2018 | 134 | 500 |
| 19.04.2018 | 135 | 500 |

| | | |
|---|---|---|
| ആകെ | | **5,000/-** |
| നഗരസഭ ഫണ്ടിൽ ഒടുക്കിയ തീയതി. 23.04.2018 രസീത് നം.01/118160100606 | | |
| 19.04.2018 | 136 | 500 |
| 19.04.2018 | 137 | 500 |
| 21.04.2018 | 138 | 400 |
| 21.04.2018 | 139 | 500 |
| 21.04.2018 | 140 | 500 |
| 21.04.2018 | 141 | 500 |
| 21.04.2018 | 142 | 500 |
| ആകെ | | **3,400/-** |
| നഗരസഭ ഫണ്ടിൽ ഒടുക്കിയ തീയതി. 27.04.2018 രസീത് നം.01/118160100821 | | |
| 22.04.2018 | 143 | 500 |
| 23.04.2018 | 144 | 500 |
| 23.04.2018 | 145 | 500 |
| 23.04.2018 | 146 | 500 |
| 24.04.2018 | 147 | 500 |
| 25.04.2018 | 148 | 500 |
| 25.04.2018 | 149 | 300 |
| 25.04.2018 | 150 | 500 |
| 25.04.2018 | 151 | 500 |
| 26.04.2018 | 152 | 500 |
| 27.04.2018 | 153 | 500 |
| 27.04.2018 | 154 | 500 |
| ആകെ | | **5,800/-** |
| നഗരസഭ ഫണ്ടിൽ ഒടുക്കിയ തീയതി. 03.05.2018 രസീത് നം.01/118160100972 | | |
| 29.04.2018 | 155 | 500 |
| 29.04.2018 | 156 | 500 |
| 29.04.2018 | 157 | 400 |
| 29.04.2018 | 158 | 500 |
| 30.04.2018 | 159 | 500 |
| 30.04.2018 | 160 | 500 |
| 30.04.2018 | 161 | 500 |
| 01.05.2018 | 162 | 500 |
| 01.05.2018 | 163 | 500 |
| 01.05.2018 | 164 | 300 |
| ആകെ | | **4,700/-** |
| നഗരസഭ ഫണ്ടിൽ ഒടുക്കിയ തീയതി. 07.05.2018 രസീത് നം.01/118160101115 | | |

മേൽ സൂചിപ്പിച്ചിട്ടുള്ളത് ഒരു മാസത്തെ മാത്രം കണക്കാണ്. തുടർന്നുള്ള 11 മാസങ്ങളിലും ഇതേ രീതി തന്നെയാണ് അനുവർത്തിച്ചു പോരുന്നത്. രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ പൂർണ്ണമായും കൃത്യമായും ഒടുക്കാതിരുന്നത്; ഒടുക്കു വിവരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ട ഉദ്യോഗസ്ഥന്റെ ജാഗ്രതക്കുറവാണ് സൂചിപ്പിക്കുന്നത്. 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 16(2) പ്രകാരം നഗരസഭയുടെ എല്ലാ വരവുകളും അതതു ദിവസം തന്നെ നഗരസഭ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് മാന്വൽ, അദ്ധ്യായം.5, ഖണ്ഡിക 5.7സി(എ) പ്രകാരം നഗരസഭയുടെ എല്ലാ വരവു തുകകളും തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറി അക്കൗണ്ടിലോ ബാങ്ക് അക്കൗണ്ടിലോ ഒടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 29.01.2020 ൽ 66 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കാര്യ കാരണ സഹിതം വിശദീകരണം നൽകുന്നതിനു പകരം "ലഭ്യമായ തുക നഗരസഭയിൽ ഒടുക്കുന്നതിലെ കാലതാമസം ഉണ്ടാകാതിരിക്കാൻ തുടർന്ന് ശ്രദ്ധ കൂടുതൽ കേന്ദ്രീകരിക്കുന്നതാണ്" എന്ന മറുപടിയാണ് ലഭിച്ചത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. വരവുകൾ യഥാസമയം നഗരസഭ ഫണ്ടിൽ ഒടുക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ നഗരസഭ നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. തൻവർഷം മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയിൽ നിന്നും 864369/- രൂപ ചെലവ് പത്രിക പ്രകാരം വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 8643/- രൂപ തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതായിരുന്നു. വരും വർഷങ്ങളിൽ അർഹമായ തുക തനതു ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ഇ-ടെൻഡർ ഫോറം വില ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ, ലഭിച്ച തുക, ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/18.1.2020) മറുപടി ലഭ്യമാക്കിയില്ല. അഞ്ച് ലക്ഷത്തിന് മുകളിൽ അടങ്കൽ തുക വരുന്ന പദ്ധതികൾ ഇ-ടെൻഡർ മുഖേന നടപ്പാക്കിയിട്ടുള്ളതുമാണ്. ഇ-ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്തിൽനിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-33 സമയപരിധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, ഭരണസമിതിയുടെ അനുമതിയോടെ ദീർഘിപ്പിക്കേണ്ടിവരുന്ന ആദ്യ മുപ്പത് ദിവസങ്ങൾക്ക് PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% കാലയളവ് നീട്ടികൊടുക്കുന്നതിനും തുടർന്ന് വരുന്ന കാലയളവിന് 2% ഫൈൻ ഈടാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് മാന്വൽ - 2012, സെക്ഷൻ 2112പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ നമ്പർ | അടങ്കൽ തുക, ഫണ്ട് | കരാറുകാരൻ PAC | ചെലവ് തുക/ ബിൽ നം | കരാർ / സൈറ്റ് കൈമാറിയ തീയതി | പൂർത്തീ കരിക്കേണ്ട തീയതി | എം ബുക്ക് പ്രകാരം പൂർത്തീ കരിച്ച തീയതി |
|---|---|---|---|---|---|---|---|
| 1 | ഫോർട്ട് വാർഡിൽ കോടതിയുടെ ഫ്രണ്ട് റോഡ് ഇന്റർലോക്കിംഗ് (247/19) | 3,00,000/- സി.എഫ്.സി | ജയകുമാർ.ഡി 2,99,700/- | 2,99,327/- 901329653, 9.3.2019 | 27.7.2018 | 26.10.2018 | 28.1.2019 |
| 2 | ആറാല്ലുംമൂട് വാർഡിൽ കൈതോട്ട്കോണം കരപറ്റ് വിള റോഡ് കോൺക്രീറ്റ് (SO104/19) | 3,50,000/- സി.എഫ്.സി | രാധാകൃഷ്ണൻ നായർ വി 3,49,300/- | 3,44,373/- 901455542, 21.3.2019 | 31.8.2018 | 30.11.2018 | 27.2.2019 |
| 3 | മൂന്ന് കല്ലിൻമൂട് | 5,00,000/- | വിജയൻ വി | 443211/- | 5.2.2018 | 4.5.2018 | 28.3.2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വാർഡിൽ പനയത്തേരി പത്താംകല്ല് റോഡ് റീടാറിംഗ് (403/19) | സി.എഫ്.സി | 5,00,000/- | 901545302, 28.3.2019 | | | |
| 4 | വഴിമുക്ക് വാർഡിൽ വിവേകാനന്ദ റോഡ് റീ-ടാറിംഗ് (391/19) | 5,10,000/- മെയിഫണ്ട് റോഡ് | ശശാങ്കൻ. കെ .ബി 4,61,279/- | 4,61,279/- 900562062, 24.9.2018 | 22.2.2018 | 21.5.2018 | 4.9.2018 |
| 5 | ടൈൽ ഫാക്ടറി റോഡ് റീ-ടാറിംഗ് ഡ്രെയിൻ കവറിംഗ് സ്ലാബ് (SO404/19) | | മധു. ജെ 4,57,782/- | 4,50,502/- 900384657, 30.7.2018 | 20.10.2017 | 19.01.2018 | 28.5.2018 |
| 6 | ആറാലുംമൂട് വാർഡിൽ മലക്കറിചന്ത മുതൽ കൈതോട്ട്കോണം വരെ റോഡ് റീ-ടാറിംഗ് (378/19) | 11,00,000/- (692000 MNR, 408000 CFC) | അനിൽ ആർ 10,97,780/- | 10,97,575/- 4708690097119, 20.12.2018 | 19.1.2018 | 18.04.2019 | 6.12.2018 |
| 7 | പിരായുംമൂട് വാർഡിൽ പിണമിട്ടകുഴി റോഡ് റീടാറിംഗ് (SO423/29) | 6,00,000/ (245063 CFC, 354937 MNR) | ജിജോപോൾ ജെ, 5,68,940/- | 2,34,000/- 86901175742, 8.2.2019 325709/- 86901176125, 8.2.2019 | 28.3.2018 | 27.06.2018 | 23.12.2018 |
| 8 | പള്ളിവിളാകം വാർഡിൽ ജോയ് പാലസ് റോഡ് റീടാറിംഗ് (SO382/19) | 4,99,000/- | അനിൽ ആർ 4,98,750/- | 4,91,030/- 900732076, 29.10.2018 | 23.10,2017 | 22.01.2018 | 29.9.2018 |
| 9 | മരുതത്തൂർ വാർഡിൽ തേവിയൽ ചായ്ക്കോട്ടുകോണം റോഡ് റീടാറിംഗ്, കോൺക്രീറ്റ് (83/19) | 5,50,000/- (MNR) | എൻ അനിൽ കുമാർ 5,49,817/- | 5,45,568/- 86901259385, 25.2.2019 | 3.9.2018 | 2.12.2018 | 18.2.2019 |
| 10 | പുല്ലാമല വാർഡിൽ കുറുന്നള്ളി നള്ളിക്കോട് റോഡ്, അമരവിള സ്കൂൾ ബാക്ക് സൈഡ് റോഡ് ടാറിംഗ്, സംഗമം റോഡ് റീടാറിംഗ് | 6,70,000/- CFC | സാജു എസ് എൽ, 611056/- | 6,06,389/- 86901350193, 12.3.2019 | 12.9.2018 | 11.12.2018 | 20.2.2019 |
| 11 | കൃഷ്ണപുരം വാർഡിൽ അമരവിള കടവ് റോഡ് കോൺക്രീറ്റ് (357/19) സ്പിൽ ഓവർ | 4,90,000/- CFC | ശ്രീ.മധു ജെ 490000/- | 4,36,812/- 86900386033, 30.7.2018 | 13.09.2017 | 12.12.2017 | 29.05.2018 |
| 12 | കൊടങ്ങാവിള ചന്ത നവീകരണം (482/19 സ്പിൽ ഓവർ) | 13,59,568/- CFC | ശ്രീ.മധു ജെ 1359568/- | 11,41,297/- (7086901320365, 27.3.2018) 2,18,270/- (86901449493, 21.3.2019) | 13.11.2017 | 12.02.2018 | 2.6.2018 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | അമ്മോട്ട്കോണം കുളം നവീകരണം (348/19) | 10,00,000/- വി ഫ | ജയചന്ദ്രൻ എസ് 817757/- | 8,16,637/- 869003338801, 17.7.18 | 10.11.2017 | 9.2.2018 | 24.05.2018 |
| 14 | ഇളവനിക്കര വാർഡിൽ വള്ളക്കടവ് ഓടയും, കരിക്കകം റോഡ് ഓടയും (371/19) | 4,80,000/- വി ഫ | ശ്രീ.മധു ജെ 4,80,000/- | 4,22,533/- 86400386403, 30.7.2018 | 20.10.2017 | 19.01.2018 | 28.5.2018 |
| 15 | അത്താഴമംഗലം വാർഡിൽ കൈവൻ വിള റീ-ടാറിംഗ് (153/19) | 10,00,000/- | ഇസ്രായേൽ വൈ.എൽ 927516/- | 9,12,195/- 86901417040, 19.3.2019 | 1.8.2018 | 30.11.2018 | 15.2.2019 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 72/20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ പ്രവൃത്തികളുടെയും 2018-19ൽ ഫൈൻ ഈടാക്കാത്ത മറ്റെല്ലാ പ്രവൃത്തികളുടെയും ഫയലുകൾ പരിശോധിച്ച് നിയമാനുസൃത പിഴ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-34 മുനിസിപ്പൽ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി **(ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ** ചട്ടം7, 8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ച് ശതമാനം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് 15-ാം തീയതിയ്ക്ക് മുൻപ് പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. **ചട്ടം 10 പ്രകാരം** പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ഈ ആവശ്യത്തിന് വേണ്ടി ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ വരവ് വയ്ക്കേണ്ടതുമാണ്.

20 റഗുലർ പെൻഷനേഴ്സിനും 13 ഫാമിലി പെൻഷനേഴ്സിനും മാസം തോറും ഈയിനത്തിൽ ഏകദേശം അഞ്ച് ലക്ഷം രൂപ ചെലവ് വരുന്നു. ഇതിന് പുറമേ ഡി സി ആർ ജി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനും തുക കണ്ടെത്തേണ്ടതുണ്ട്. മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ നഗരസഭ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻകാരുടെ ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കുന്നതിന് സാധിക്കുന്നില്ല. പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള ചെലവ് തനത് ഫണ്ടിൽ നിന്നുമാണ് നൽകിവരുന്നത്. ഇത് നഗരസഭയുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. ഈ വിഷയം ഭരണസമിതി പരിഗണിക്കേണ്ടതും, പെൻഷൻഫണ്ട് രൂപീകരണം യാഥാർഥ്യമാക്കി ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിനും ബാധ്യതകൾ ഒഴിവാക്കി പൊതുവായ വികസന ക്ഷേമ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടപ്പാക്കുന്നതിന് പരിശ്രമം ഉണ്ടാകേണ്ടതുമാണ്.

# 1-35 ജീവനക്കാരുടെ ശമ്പളറിക്കവറി തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഒടുക്കുന്നതിൽ കാലതാമസം

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പി.എഫ് വരിസംഖ്യ, ലോൺ തിരിച്ചടവ്, ജി.ഐ.എസ്, എസ്.എൽ.ഐ, സി.എം.ഡി.ആർ.എഫ് തുകകൾ യഥാസമയം അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കുന്നില്ല. ഉദാഹരണമായി കണ്ടിജന്റ് ജീവനക്കാരുടെ പി.എഫ്. വരിസംഖ്യ, ലോൺ തിരിച്ചടവ് തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | ഈടാക്കിയ തുക | ട്രഷറിയിൽ ഒടുക്കിയ ചെക്ക് നം, തീയതി |
|---|---|---|
| 4/2018 | 1,13,860/- | 277894/9.10.2018 |
| 5/18 to 9/18 | 6,05,558/- | 2304231/13.11.2018 |
| 9/18 | 10,290/- (9/18 ൽ കുറവായി ഒടുക്കിയ തുക) | 2278910/21.12.2018 |
| 10/18 to 11/18 | 2,23,020/- | 515354/5.3.2019 |
| 12/18 to 01/19 | 2,23,020/- | 832317/22.3.2019 |
| 2/19 | 1,26,394/- | 832668/17.9.2019 |

| | | |
|---|---|---|
| 3/19 | 1,26,394/- | 832742/14.10.2019 |

സി.എം.ഡി.ആർ.എഫിൽ ഒടുക്കുന്നതിനുള്ള തുക നാളിതുവരെ ഒടുക്കിയിട്ടില്ലാത്തതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 68/29.1.2020 ന് മറുപടിയായി ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് യഥാസമയം തുക ഒടുക്കുന്നതിന് കാലതാമസം നേരിട്ടതെന്ന് അറിയിച്ചു. കുടിശ്ശിക ഉൾപ്പെടെയുള്ള സ്ഥാപനത്തിന്റെ തനത് വരവ് യഥാവിധി പിരിച്ചെടുക്കുന്നതിനും മുൻഗണനാ ക്രമമനുസരിച്ച് വരവ് ചെലവുകൾ ക്രമപ്പെടുത്തി യഥാസമയം റിക്കവറി തുകകൾ അതാത് ഹെഡിൽ ഒടുക്ക് വരുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതുമാണ്.

# 1-36 ശമ്പള നിർണ്ണയങ്ങൾ ആധികാരികമാക്കിയിട്ടില്ല

നഗരസഭയിലെ റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം, പ്രൊമോഷൻ, ഗ്രേഡ് പ്രൊമോഷൻ എന്നിവയിലൂടെ നിർണ്ണയിച്ച് നൽകുന്ന ശമ്പളം അംഗീകരിച്ച് നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാതെയാണ് നിലവിൽ ഭൂരിഭാഗം ജീവനക്കാർക്കും ആനുകൂല്യങ്ങൾ നൽകിവരുന്നത്. എല്ലാ ജീവനക്കാരുടേയും നാളിതുവരെയുള്ള ശമ്പളനിർണ്ണയങ്ങൾ അംഗീകൃതമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-37 താല്ക്കാലിക ജീവനക്കാരെ അനധികൃതമായി സ്ഥിരപ്പെടുത്തി

നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർമാരായി ജോലി ചെയ്തിരുന്ന ശ്രീ. സുനീഷ് കുമാരൻ. ജെ, ശ്രീ. പി.വിജയ കുമാർ എന്നിവരെയാണ് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയത്. 02.10.2006 മുതൽ ടിയാളുകൾ നഗരസഭയിൽ ജോലി ചെയ്യുന്നു എന്ന കാരണത്താലാണ് നിയമനം നൽകിയിട്ടുള്ളത്.

കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനരീതിയും വ്യവസ്ഥകളും എപ്രകാരമായിരിക്കണമെന്ന് വിവിധ ഉത്തരവുകളിലൂടെ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (22.04.1982 ലെ സ.ഉ(എം.എസ്) 14/82/എൽ.ബി.ആർ, 29.03.2011 ലെ സ.ഉ(എം.എസ്) 91/2001/തസ്വഭവ). എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ഉദ്യോഗാർത്ഥികളുടെ നിയമനപട്ടിക ലഭ്യമാക്കി അതിൽനിന്നും ഇന്റർവ്യൂ നടത്തി സംവരണക്രമം പാലിച്ചുകൊണ്ട് നിയമനം നടത്തുകയാണ് ചെയ്യേണ്ടത്. കണ്ടിജന്റ് ജീവനക്കാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും നടത്തണമെന്ന് വ്യവസ്ഥയുള്ളപ്പോൾ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത് നിയമപരമല്ല.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 18.09.2018 ലെ WP(c) No.30586/2018 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നാണ് നഗരസഭയുടെ വാദം. പക്ഷെ പ്രസ്തുത വിധിയിൽ മേൽ പ്രസ്താവിച്ച വ്യക്തികളുടെ പരാതി പരിഗണിക്കാനേ ബഹു. കോടതി നിർദ്ദേശം നൽകിയിട്ടുള്ളൂ. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിയമോപദേശം കണക്കിലെടുത്ത് 29.07.2019 ലെ സാധാരണ കൗൺസിൽ യോഗ തീരുമാനം നം.7പ്രകാരം "ടിയാൻമാരുടെ നീണ്ടവർഷക്കാലത്തെ സേവനം മുൻനിർത്തി ടിയാന്മാരെ കണ്ടിജന്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി 01.08.2019 മുതൽ സ്ഥിരപ്പെടുത്തുന്നതിന് കൗൺസിൽ തീരുമാനിച്ചു."ഇതിൻപ്രകാരം 01.08.2019 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 08.08.2019 തീയതിയിൽ ഇ4/എച്ച്1/9498/09 നമ്പരായി സെക്രട്ടറി നിയമന ഉത്തരവ് പുറപ്പെടുവിച്ചു. ഇവർക്ക് 17000-37500/-രൂപ എന്ന സ്കെയിലിൽ ശമ്പളം നിർണയിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 29.01.2020 ൽ 66 -ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽപ്പറഞ്ഞ കൗൺസിൽ തീരുമാനവും ബഹു. കോടതിയുടെ ഉത്തരവുമാണ് സ്ഥിര നിയമനത്തിനുള്ള കാരണമായി പരാമർശിച്ചിട്ടുള്ളത്.

സ.ഉ.(സാധ) നം.984/2013/തസ്വഭവ തീയതി. 11.04.2013, സ.ഉ.(സാധ) നം. 2285/2019/തസ്വഭവ തീയതി. 17.10.2019 എന്നിവ പ്രകാരം സംസ്ഥാനത്തെ രണ്ടു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന സമാന രീതിയിലുള്ള നിയമനങ്ങളെ സർക്കാർ നിരസിക്കുകയാണുണ്ടായത്. ഇതിന്റെ വെളിച്ചത്തിൽ നിലവിലുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും മറികടന്നുകൊണ്ട് നെയ്യാറ്റിൻകര നഗരസഭയിൽ നടന്ന പ്രസ്തുത നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം വാങ്ങേണ്ടത് അത്യന്താപേക്ഷിതമാണ്. സർക്കാർ അംഗീകാരമില്ലാതെ ഈ ജീവനക്കാർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥിരനിയമനം നൽകിയതിനാൽ 01.08.2019 മുതൽ നിശ്ചയിച്ചു നൽകിയ ശമ്പളത്തിന്റേയും

മറ്റ് ആനുകൂല്യങ്ങളുടേയും ബാദ്ധ്യത ബന്ധപ്പെട്ട കൗൺസിൽ അംഗങ്ങളിലും നഗരസഭ സെക്രട്ടറിയിലും നിക്ഷിപ്തമായിരിക്കുന്നതാണ്.

# 1-38 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

ജി.ഒ.(പി)419/2011 ധന തീയതി.04.10.2011 -ൽ മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന വൗച്ചർ പ്രകാരം നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല.

| ചെക്ക് നം. | തുക | റിമാർക്സ് |
|---|---|---|
| 588655/8.8.18 | 10,000/- | ശ്രീമതി.ഷിംന, പി.ഡബ്യു.ഒ 2 -ന് ഗവ. ഗേൾസ് എച്ച്.എസ്.എസിന് അഡ്വാൻസ് നൽകിയത് |
| 588695/31.8.18 | 75,000/- | ചെങ്ങന്നൂർ പ്രളയബാധിത പ്രദേശത്ത് ശുചീകരണ യജ്ഞം നടത്തുന്നതിന് വേണ്ടക്രമീകരണങ്ങൾ നടത്തുന്നതിന് ശ്രീ..കുമാർ, ജെ.എച്ച് .ഐ-ക്ക് നൽകിയ തുക |
| 917258/18.5.18 | 20,000/- | സ്റ്റേറ്റ് മിനിസ്ട്രി ആനിവേഴ്സറി സെലബ്രേഷൻ- ശ്രീ. അമിതാബ് ജോൺ ന് നൽകിയത്. |
| 588587/12.7.2018 | 25,000/- | PMAY ഉത്ഘാടനവുമായി ബന്ധപ്പെട്ട് – Sri.Sajukumar.N, Project Officer-ന് നൽകിയത് |
| 2304212/29.05.2018 | 2,04,120/- | പ്രീമൺസൂൺ സാനിട്ടേഷൻ - ഹെൽത്ത് സൂപ്പർവൈസർക്ക നൽകിയത്. |
| 917343/18.06.2018 | 25,000/- | പുത്തനമ്പലം വാർഡ് -മാതൃകാ പകൽവീട് ഉദ്ഘാടനത്തിന് ശ്രീ. കുമാർ, ജെ.എച്ച്.ഐ. II ന് നൽകിയ മുൻകൂർ |
| 227765/26.10.2018 | 30,000/- | ശിശുദിനം 2018 ചെലവുകൾക്ക് ഹെൽത്ത് സൂപ്പർവൈസർക്ക നൽകിയത് |
| 588799/1.10.2018 | 10,000/- | ബ്രഹ്മംകോട് നഴ്സറി സ്കൂളിലെ കുട്ടികൾക്ക് യൂണിഫോം - ശ്രീമതി അന്നമ്മ ടീച്ചറിന് മുൻകൂർ നൽകിയത് |
| | 3,99,120/- | |

മുൻകൂർ തുകകൾ അനുവദിച്ച ശേഷം ക്രമീകരിക്കാതെ, അതേ ഉദ്യോഗസ്ഥനു തന്നെ ആവർത്തിച്ച് മുൻകൂറുകൾ അനുവദിച്ചിരിക്കുന്നതും ക്രമവിരുദ്ധമാണ്. മുൻകൂറുകൾ ക്രമീകരിച്ചതിനുള്ള രേഖകൾ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.69,76) മറുപടി ലഭ്യമാക്കിയില്ല. മുൻകൂറുകൾ കൈപ്പറ്റിയ ജീവനക്കാരിൽ നിന്ന് അന്തിമ ബിൽ ലഭ്യമാക്കി, മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-39 തനത് ഫണ്ട് വൗച്ചറുകൾ- പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

നഗരസഭയിൽ തനത് ഫണ്ട് വൗച്ചർ സൂക്ഷിക്കുന്നതിൽ വീഴ്ചസംഭവിച്ചിട്ടുണ്ട്. ഓരോ ചെലവിനും സാംഖ്യയിൽ ചെലവ് ബുക്ക് ചെയ്ത് ക്രമപ്പെടുത്തിയിട്ടില്ല. ചെലവ് വിവരങ്ങൾ (ചെക്ക് നം, തുക, ചെലവ് വിവരം) രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരമുള്ള എല്ലാ വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സൂക്ഷിച്ചിട്ടുള്ള വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല. വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

i. വൗച്ചർ സൂക്ഷിച്ചിട്ടില്ല

05/19, 08/19, 11/19 എന്നീ മാസങ്ങളിലെ വൗച്ചറുകളുടെ പരിശോധനയിൽ തനത് ഫണ്ടിന് ചെലവുണ്ടെങ്കിലും (ചെക്ക് നം, തുക, ചെലവ് വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ) അനുബന്ധ രേഖകൾ ഉൾപ്പെടുത്തി വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം ഓഡിറ്റിന് ലഭ്യമാക്കാത്ത വൗച്ചറുകളുടെ വിവരം അനുബന്ധം 6 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ii. ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല

ചുവടെ ചേർക്കുന്ന വൗച്ചറുകളോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടില്ല.

| വൗച്ചർ നം./ തീയതി | ചെക്ക് നം. | തുക | റിമാർക്സ് |
|---|---|---|---|
| 22/4.8.18 | 588640 | 11,299/- | KL 20G 7963 ആംബുലൻസിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിന് |
| 26/4.8.18 | 588644 | 6,000/- | ഡെസ് പാച്ച് സെക്ഷനിൽ സ്റ്റാംപ് വാങ്ങിയതിന് |
| 27/4.8.18 | 588645 | 6,000/- | മിനറൽ വാട്ടർ വാങ്ങിയതിനുള്ള ചെലവ് |
| 36/8.8.18 | 588650 | 804/- | ഗ്രാസ് കട്ടറിന്റെ ഡീസൽ ചാർജ്ജ് |
| 86/18.8.18 | 588667 | 69,064/- | പുത്തനമ്പലം വാർഡിലെ മാതൃകാ സായംപ്രഭ ഹോമിലേക്ക് ആവശ്യമായ ഫർണിച്ചർ അനുബന്ധ സാധനങ്ങൾ പർച്ചേസ് ചെയ്ത വകയിൽ |
| 104/21.8.18 | 588682 | 30,584/- | KL 20F 3409 ടിപ്പർ ലോറിയുടെ ഇൻഷ്വറൻസ് പുതുക്കുന്നതിന് |

2018-19 ലെ മുഴുവൻ വൗച്ചറുകളും രജിസ്റ്ററുമായി ഒത്തുനോക്കേണ്ടതും എല്ലാവൗച്ചറുകളും ലഭ്യമാക്കി രേഖകൾ ഉൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മുൻവർഷ റിപ്പോർട്ടുകളിൽ വൗച്ചർ സൂക്ഷിക്കുന്നതിലെ അപാകത റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിലവിലും അപാകതകൾ ആവർത്തിക്കുന്നത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-40 ഇ.പി.എഫ്. ഒടുക്കുന്നതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല

2018-19 സാമ്പത്തിക വർഷത്തിൽ ക്വട്ടേഷൻ സ്വീകരിച്ച് രണ്ടു കടത്തുവള്ളങ്ങൾ നടത്തുന്നുണ്ട്. വള്ളം ഒന്നിന് പ്രതിദിനം 550/- രൂപ വാടകയും, 150/- രൂപ വള്ളക്കൂലിയുമാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. മേൽ തുകയിൽ നിന്നും ഒരോ മാസവും നഗരസഭ ഇ.പി.എഫ്. ഈടാക്കുന്നുണ്ട്. എന്നാൽ പ്രസ്തുത തുക തൊഴിൽ ദാതാവിന്റെ വിഹിതം ഉൾപ്പെടെ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമായില്ല.

കടത്തുവള്ളങ്ങൾക്ക് നൽകിയ വേതനം സംബന്ധിച്ച ഒരു മാസത്തെ വിവരം ചുവടെ ചേർക്കുന്നു.

**എ) വീരചക്രം കടത്തുവള്ളം - ശ്രീ. ശശീന്ദ്രൻ (സെപ്റ്റംബർ 2018 മാസത്തെ വിവരം)**

വള്ളം വാടക - 30x550 = 16,500/-

വള്ളക്കൂലി - 30 x 150 = 4,500/-

EPF റിക്കവറി - 1,800/- (-)

അനുവദിച്ച തുക = 19,200/-

**ബി) കന്നിപ്പുറം കടത്തുവള്ളം - ശ്രീ. ഷൈജു (സെപ്റ്റംബർ 2018 മാസത്തെ വിവരം)**

വള്ളം വാടക - 30x550 = 16,500/-

വള്ളക്കൂലി - 30x150 = 4,500/-

EPF റിക്കവറി - 1,800/- (-)

അനുവദിച്ച തുക = 19,200/-

ഇ.പി.എഫ്. വിഹിതമായി മേൽ മാസത്തിൽ മാത്രം 3,600/- രൂപ രണ്ടു കടത്തു വള്ളം ഉടമകളിൽ നിന്നുമായി ഈടാക്കിയിട്ടുണ്ട്. മേൽ തുക തൊഴിലുടമയുടെ വിഹിതം ഉൾപ്പെടെ ഇ.പി.എഫിൽ ഒടുക്കിയതിനുള്ള രേഖകൾ, ഇ.പി.എഫ്. വാർഷിക സ്റ്റേറ്റ്മെന്റുകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 76/30.01.2020) മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. നഗരസഭ താത്കാലിക ജീവനക്കാരുടെ ഇ.പി.എഫ്. വിഹിതം ഒടുക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനക്കു ലഭ്യമാക്കേണ്ടതാണ്. കൂടാതെ, വള്ളം വാടകയിൽ നിന്നും ഇ.പി.എഫ്. ഈടാക്കുന്നതു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുമാണ്.

## 1-41 ഐ.കെ.എം. നു പ്രവർത്തനഫണ്ടു നൽകിയതിലെ അപാകത

സ.ഉ.(സാധാ)1228/2016/തസ്വഭവ തീയതി 08.03.2016 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ അവർക്കു ലഭിക്കുന്ന പ്ലാൻ

ഫണ്ടിന്റെ 0.25% തുക ഐ.കെ.എം.ന്റെ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ നഗരസഭക്ക് പദ്ധതിയിനത്തിൽ ആകെ 16,85,42,737/- രൂപ ലഭിച്ചിട്ടുണ്ട്. അതായത്, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം. നുള്ള വിഹിതം ഇനത്തിൽ ഒടുക്കേണ്ടിയിരുന്നത് 4,21,357/- രൂപ മാത്രമാണ്. എന്നാൽ നഗരസഭ ഇതിലേക്കായി 6,08,220/- രൂപ (ബിൽ നം.187074/08.06.2018) ഒടുക്കിയിട്ടുണ്ട്. അതായത് തൻവർഷം 1,86,863/- രൂപ അധികമായാണ് ഒടുക്കിയിട്ടുള്ളത്. പദ്ധതി ഫയൽ, ഐ.കെ.എം. ന്റെ കൈപ്പറ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. പദ്ധതി ഫയൽ ലഭ്യമാക്കുവാനറിയിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/17.11.2020) ഐ.കെ.എം. വിഹിതം പ്ലാൻ ഫണ്ടിന്റെ 0.25% ആയി നിജപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. തൻ വർഷം അധികമായി ഒടുക്കിയ തുക IKM ൽ നിന്ന് തിരികെ ഈടാക്കുകയോ, തുടർന്നുള്ള വർഷങ്ങളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 1-42 എസ്.എസ്.എ വിഹിതം - അന്തിമ ചെലവു രേഖകൾ ലഭ്യമായില്ല-26,29,056/-രൂപ തടസ്സം ചെയ്യുന്നു

എ) പ്രോ. നം. 6/19 എസ്.എസ്.എ. തസ്വഭവ വിഹിതം

അടങ്കൽ തുക - 26,29,056/- (വികസന ഫണ്ട്)

ചെലവു തുക - 26,29,056/-

ബിൽ നം. 18020247086700159021/26.05.2018 - 25,00,000/-

18020247086701315049/22.03.2019 - 1,29,056/-

മേൽ പദ്ധതി പ്രകാരം ആകെ 2629056/- രൂപ എസ്.എസ്.എ. ക്ക് നൽകിയിട്ടുണ്ട്. പദ്ധതി തുക ആവശ്യപ്പെട്ട കൊണ്ട് എസ്.എസ്.എ. നൽകിയ ഡിമാന്റ് ലെറ്റർ, തുക നഗരസഭാ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ / വിദ്യാർത്ഥികളുടെ ആവശ്യത്തിലേക്കായി വിനിയോഗിച്ചതിനുള്ള ബില്ലുകൾ, വിനിയോഗ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/17.01.2020) രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം, ചെലവ് വിശദാംശം എന്നിവ ലഭ്യമല്ലാത്തതിനാൽ ചെലവു തുക 2629056/-രൂപ തടസ്സം ചെയ്യുന്നു. രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-43 ചെയർമാൻ ചേംബർ മാസവരി ഒടുക്കിയതിന് സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രോ. നം. 492/19 ചെയർമാൻ ചേംബർ മാസവരി

അടങ്കൽ തുക - 60,000/- വികസന ഫണ്ട്

ചെലവു തുക - 60,000/-

ബിൽ നം. 1802024708670440894/25.03.2019

ചെയർമാൻ ചേംബർ മാസവരി ഒടുക്കുന്നതിലേക്കായി മേൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 60,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 24.02.2018 ലെ നം.47/എഫ്.എം.2/2018/ത.സ്വ.ഭ.വ കത്ത് പ്രകാരം പ്രസ്തുത പദ്ധതിക്കായി തനതു ഫണ്ട് ഉപയോഗിക്കണമെന്നും, തനതു ഫണ്ടില്ലായെങ്കിൽ മാത്രം വികസന ഫണ്ട് ഉപയോഗപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/17.01.2020) തനതു ഫണ്ട് കുറവായിരുന്നതിനാലാണ പദ്ധതി പ്രകാരം തുക വിനിയോഗിച്ചതെന്ന മറുപടി ലഭ്യമാക്കി. നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം വിവിധ തനതു അക്കൗണ്ടുകളിലായി ഒരു കോടി രൂപയോളം നീക്കിയിരിപ്പുണ്ട്. തനതു ഫണ്ടിൽ നിന്നും തുക ഒടുക്കുന്നതിനുള്ള സാധ്യതപോലും പരിശോധിക്കാതെ 01.03.2019 ലെ 46-ാം നമ്പർ ഭരണസമിതി തീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ വികസന ഫണ്ട് ഉപയോഗപ്പെടുത്തുകയാണുണ്ടായത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

# 1-44 ആദായനികുതി ഈടാക്കിയില്ല

പ്രോ. നം. 308/19 നഗരസഭ ലൈബ്രറി ഡിജിറ്റലൈസേഷൻ

അടങ്കൽ തുക - 4,00,000/- വികസന ഫണ്ട്

ചെലവു തുക - 3,49,000/-

ബിൽ നം. 3060/05.03.2019

നിർവഹണാധികാരി - മുനിസിപ്പൽ സെക്രട്ടറി

പദ്ധതി പ്രകാരം നഗരസഭാ ലൈബ്രറിയുടെ ഡിജിറ്റൈസേഷൻ പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിക്കുകയും, കുറഞ്ഞ നിരക്കു രേഖപ്പെടുത്തിയ 'parchment library organization' എന്ന സ്ഥാപനത്തിന് പ്രവൃത്തി നൽകുകയും ചെയ്തു. പ്രവൃത്തിയുടെ ചെലവു വിശദാംശം ചുവടെ.

കമ്പ്യൂട്ടർ, യു.പി.എസ്. ലഭ്യമാക്കിയത് (ജി.എസ്.ടി. ഉൾപ്പെടെ) - 60,000/-

ബാർ കോഡ് സ്കാനർ സ്ഥാപിച്ചത് - 7,500/-

ലൈബ്രറി ഓട്ടമേഷൻ ജോലികൾ (ക്ലാസ്സിഫിക്കേഷൻ, ഷെൽവിംഗ്, ഡാറ്റാ എൻട്രി,

ലേബലിംഗ് തുടങ്ങിയവ) – 2,56,500/-

സോഫ്റ്റ് വെയർ ഇൻസ്റ്റലേഷൻ - 25,000/-

**ആകെ - 3,49,000/-**

മേൽ പ്രവൃത്തിയുടെ സേവന ഭാഗമായ 2,56,500/- രൂപയുടെ ചെലവിന് 2% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും (1961 ലെ ആദായനികുതി നിയമം വകുപ്പ് 194 സി), അപ്രകാരം ഈടാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ 2% ആദായനികുതി (5,130/- രൂപ ) ഈടാക്കി ഒടുക്കേണ്ടതാണ്.

# 1-45 നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയതിലെ അപാകതകൾ

പൈപ്പ് ലൈനുകളും, ഇലക്ട്രിക് ലൈനുകളും ദീർഘിപ്പിക്കുന്നതിലേക്കായി നഗരസഭ നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇതിലേക്കായി സ.ഉ. (കൈ)നം. 11/2018/തസ്വഭവ തീയതി 29.01.2018 (ഖണ്ഡിക 11.2) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

**എ) പ്രോ. നം. 284/19 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ**

അടങ്കൽ തുക - 44,66,000/- ധനകാര്യ കമ്മിഷൻ അവാർഡ്

ചെലവു തുക - 44,66,000/-

ബിൽ നം. 1802024815167/21.11.2018

നിർവഹണാധികാരി - മുനിസിപ്പൽ സെക്രട്ടറി

പദ്ധതി പ്രകാരം 44,66,000/- രൂപ വാട്ടർ അതോറിറ്റിക്കു കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ആവശ്യം, ദീർഘിപ്പിക്കേണ്ടി വരുന്ന ലൈനുകൾ, വാർഡുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നിക്ഷേപ പ്രവൃത്തിക്കായി തുക കൈമാറുന്നതിനു മുൻപായി പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി, സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടിയിരുന്നു. പദ്ധതിയുടെ സമയബന്ധിതമായുള്ള പൂർത്തീകരണം, പദ്ധതിതുകയുടെ കാര്യക്ഷമമായ വിനിയോഗം എന്നിവ ഉറപ്പു വരുത്തുന്നതിനു സ്ഥാപനവുമായി യഥാവിധി കരാറിലേർപ്പെടേണ്ടതു ആവശ്യമായിരുന്നു. നാളിതുവരെ പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

**ബി) പ്രോ. നം. 485/19 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (റ്റി.എസ്.പി.)**

അടങ്കൽ തുക - 523000/- ടി.എസ്. പി. ഫണ്ട്

ചെലവു തുക - 5,16,890/-

ബിൽ നം. 18020247086701436402/22.03.2019

നിർവഹണാധികാരി - മുനിസിപ്പൽ സെക്രട്ടറി

പദ്ധതി പ്രകാരം ഇളവനിക്കര വാർഡിലെ കുറവോട്ടുകോണം ചാമുണ്ഡി ക്ഷേത്രത്തിനു മുൻപിലുള്ള റോഡിൽ ഇലക്ട്രിക് ലൈൻ സ്ഥാപിച്ച് ഇലക്ട്രിക് ലൈറ്റ് പ്രവർത്തിപ്പിക്കുന്നതിലേക്കായി 5,16,890/- രൂപ കെ.എസ്.ഇ.ബി. ക്കു കൈമാറിയിട്ടുണ്ട്. എന്നാൽ, നിക്ഷേപ പ്രവൃത്തിക്കായി തുക കൈമാറുന്നതിനു മുൻപായി പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി, സ്ഥാപനവുമായി കരാറിലേർപ്പെട്ടില്ല. നാളിതുവരെ പദ്ധതി പൂർത്തിയാക്കിയിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/17.01.2020) 44 വാർഡുകളിലും ലൈൻ എക്സ്റ്റൻഷൻ ചെയ്യുന്നതിന് ബന്ധപ്പെട്ട കൗൺസിലർമാർ ആവശ്യപ്പെടുന്നതു പ്രകാരമാണ് പ്രവൃത്തി നിർവഹിക്കുന്നത് എന്നും, വാട്ടർ അതോറിറ്റിയുടെയും കെ.എസ്.ഇ.ബി.യുടെയും വിനിയോഗരേഖകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാലും പദ്ധതിക്കായി ചെലവു ചെയ്ത തുക 49,82,890/- (4466000+516890) രൂപ തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-46 പെരുമ്പഴുതൂർ ജംഗ്ഷൻ വികസനം - ചട്ടങ്ങൾ പാലിക്കാതെ ഒരു കോടി രൂപ റവന്യൂ വകുപ്പിന് കൈമാറി - തുക നിഷ്ക്രിയ അവസ്ഥയിൽ

പ്രോജക്ട് നം. 289/19 പെരുമ്പഴുതൂർ ജംഗ്ഷൻ വികസനം സ്ഥലമെടുപ്പ്

അടങ്കൽ തുക - 1,00,00,000/- വികസന ഫണ്ട്

ചെലവു തുക - 1,00,00,000/-

ബിൽ നം., തീയതി - 469683/28.03.2019

നിർവഹണാധികാരി- മുനിസിപ്പൽ സെക്രട്ടറി

പെരുമ്പഴുതൂർ ജംഗ്ഷൻ വികസനത്തിനായി സ്ഥലമേറ്റെടുക്കുന്നതിലേക്ക് മേൽ പദ്ധതി പ്രകാരം ഒരു കോടി രൂപ വർക്ക് ഡെപ്പോസിറ്റ് ആയി ഡെപ്യൂട്ടി കളക്ടർ (എൽ.എ) യ്ക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവഹണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയോ, പദ്ധതിയുടെ ലക്ഷ്യങ്ങൾ വ്യക്തമാക്കുകയോ ചെയ്യാതെയാണ് നഗരസഭ തുക ഒടുക്കിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**എ)** സ്ഥലം ഏറ്റെടുപ്പിന് 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 3, 4, 5 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

**ബി)** പദ്ധതിയുടെ മാസ്റ്റർ പ്ലാൻ / ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. സ്ഥലമേറ്റെടുത്ത് നഗരസഭ നടപ്പാക്കാനുദ്ദേശിക്കുന്ന വികസനപ്രവർത്തനം എന്താണെന്ന് വ്യക്തമല്ല. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം നിലവിൽ പൊതുമരാമത്ത് റോഡിനോടു ചേർന്നു കിടക്കുന്ന വാണിജ്യ/പാർപ്പിട മേഖലയാണ്. പ്രസ്തുത മേഖലയിൽ സ്ഥലം ഏറ്റെടുത്ത് ചെയ്യുവാനുദ്ദേശിക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച് യാതൊരു രൂപവുമില്ല.

**സി)** പദ്ധതിനടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള ഭരണാനുമതി, സാമ്പത്തികാനുമതി എന്നിവ ആവശ്യമായിരുന്നു. സർക്കാർ അനുമതി തേടാതെ തന്നെ സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് പദ്ധതി തുക ജില്ലാ കളക്ടർക്കു കൈമാറി.

**ഡി)** ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വില, സ്ഥല ഉടമകളുടെ സ്ഥലം കൈമാറുന്നതിനുള്ള സമ്മതം, പുനരധിവാസ വ്യവസ്ഥകൾ എന്നിവ ഒന്നും തീർപ്പാകാതെയും, ആർബിട്രേഷൻ ഓഫീസറെ നിയമിച്ച് നടപടികൾ പൂർത്തിയാക്കാതെയും പദ്ധതി തുക റവന്യൂ വകുപ്പിന് കൈമാറാനുണ്ടായ സാഹചര്യം വ്യക്തമല്ല.

**ഇ)** സ്ഥലമേറ്റെടുപ്പിനായി 2018-19 ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/20.01.2020) മറുപടിയായി പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല, സർവേ സ്കെച്ചാണ് തയ്യാറാക്കിയിട്ടുള്ളതെന്നും, സ്ഥലം ജംഗ്ഷന്റെ

വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിനാണെന്നും അറിയിച്ചു. സർക്കാർ അനുമതിക്കായി കത്ത് നൽകിയിട്ടുണ്ടെന്നും, സ്ഥലം ഉടമകളുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഫയൽ പ്രകാരം ഭരണാനുമതിക്കായി നഗരസഭ സർക്കാരിനു കത്ത് നൽകിയിരിക്കുന്നത് 16.03.2019ലാണ്. കൂടാതെ, വസ്തു ഉടമകളുമായി നഗരസഭ നടത്തിയ ചർച്ചയിൽ തീരുമാനങ്ങൾ / അഭിപ്രായരൂപീകരണം ഉണ്ടായിട്ടില്ല. ആയതിനാൽ നഗരസഭയുടെ മറുപടി വസ്തുതാപരമല്ല. സ്ഥലമെടുപ്പിലൂടെ ഉദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങളോ, പദ്ധതിയുടെ ലക്ഷ്യങ്ങളോ നഗരാസൂത്രണം വർക്കിംഗ് ഗ്രൂപ്പിലോ, ബന്ധപ്പെട്ട വാർഡു സഭകളിലോ ചർച്ച ചെയ്യപ്പെട്ടു കാണുന്നില്ല. 01.03.2019 തീയതിയിലെ കൗൺസിൽ യോഗതീരുമാനം 14 ന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തുക ഒടുക്കിയിട്ടുള്ളത്.

വികസന രൂപ രേഖ തയ്യാറാക്കാതേയും സ്ഥലമേറ്റെടുപ്പിനായി യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയും മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കാണിക്കുന്നതിന് മാത്രമാണ് തുക ഒടുക്കിയത്. തുക ഒടുക്കിയശേഷവും ആർബിട്രേഷൻ ഓഫീസറെ നിയമിക്കുകയോ, മറ്റു തുടർ പ്രവർത്തനങ്ങളോ ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായി നാളിതുവരെ നടന്നിട്ടില്ല.

ബജറ്റിൽ വകയിരുത്താതെ പദ്ധതി തുക ചെലവു ചെയ്യുവാനിടയായത് ഭരണസമിതി, ധനകാര്യ സ്ഥിരം സമിതി, നഗരസഭാ സെക്രട്ടറി എന്നിവരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കും, സാമൂഹ്യ ക്ഷേമ പദ്ധതികൾക്കുമായി വിനിയോഗിക്കാമായിരുന്ന ഒരു കോടി രൂപ നിഷ്ക്രിയമായതായി കാണുന്നു. റവന്യൂ വകുപ്പിന് കൈമാറിയ 1 കോടി രൂപ പദ്ധതി ലക്ഷ്യമിട്ടതു പോലെ നടപ്പാക്കാൻ കഴിയാത്ത പക്ഷം തിരികെ ലഭ്യമാക്കേണ്ടതാണ്.

# 1-47 ജല അതോറിറ്റി, വൈദ്യുതി ബോർഡിനുള്ള കുടിശ്ശികകൾ

ജല അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയ്ക്കുള്ള കുടിശ്ശികയായി പ്രാദേശിക സർക്കാരുകൾ ഒടുക്കുവാനുണ്ടായിരുന്ന തുകയുടെ 50% തുക പ്രാദേശിക സർക്കാരുകളുടെ വികസനഫണ്ടിൽ നിന്നും, പൊതുആവശ്യ ഗ്രാന്റിൽ നിന്നും കുറവു ചെയ്ത് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിന് സ.ഉ. (സാധാ) നം.9858/2018/ധന തീയതി 29.11.2018 പ്രകാരം സർക്കാർ ഉത്തരാവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ പദ്ധതി തുകയിൽ നിന്നും ഈടാക്കപ്പെട്ട തുകയുടെ വിവരം ചുവടെ.

| പദ്ധതി നം, പേര് | ചെലവു തുക, ഫണ്ടിനം |
|---|---|
| 496/19 കേരള ജല അതോറിറ്റിക്കു അടയ്ക്കേണ്ട കുടിശ്ശിക തുക | 24,49,634/-<br>വികസന ഫണ്ട് |
| 497/19 കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശിക തുക | 23,484/-<br>വികസന ഫണ്ട് |
| **ആകെ** | **24,73,118/-** |

മേൽ പ്രകാരമുള്ള കുടിശ്ശിക ഏതു കാലയളവിലേതാണെന്നതിനുള്ള രേഖകൾ, ജല അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവ ലഭ്യമാക്കിയിട്ടുള്ള ഡിമാന്റ് നോട്ടീസുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതി ഫയൽ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/17.01.2020) പദ്ധതി ജി.ഒ. പ്രോജക്ടാണ് എന്ന മാത്രമാണ് മറുപടി ലഭ്യമാക്കിയത്. 2018-19 സാമ്പത്തിക വർഷത്തിലും കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കറന്റ് ചാർജ്ജ്/വാട്ടർ ചാർജ്ജ് പദ്ധതി (പ്രോ. നം. 2/19) പ്രകാരം 11,50,145/- രൂപ നഗരസഭ ചെലവു ചെയ്തിട്ടുണ്ട്. ആയതിനാൽ, കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-48 ഇ.എം.എസ് ലോൺ- സ്ഥാപനത്തിൽ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല

പ്രോജക്ട് നമ്പർ 154/19 പ്രകാരം 50,00,000/- രൂപ 2018-19 ൽ ഇ.എം.എസ് ലോൺ ഇനത്തിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ 2017-18 വാർഷിക ധനകാര്യപത്രികയിൽ ഇ.എം.എസ് ലോൺ ഇനത്തിൽ തിരിച്ചടയ്ക്കേണ്ട തുക സംബന്ധിച്ച വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല. (2017-18, 2018-19 വാർഷിക ധനകാര്യ പത്രിക ബി-5 ഷെഡ്യൂൾ പ്രകാരം loan from bank ഇനത്തിൽ 12500/- രൂപയും from financial institution ഇനത്തിൽ 32,04,400/- രൂപയും ഒടുക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.)

സ്ഥാപനത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം.5) ലോൺ രജിസ്റ്റർ പ്രോജക്ട് വിഭാഗത്തിൽ സൂക്ഷിക്കുന്നില്ലായെന്നും, 18-19 വർഷാരംഭത്തിൽ ഇ.എം.എസ് ലോണിനത്തിൽ 1 കോടി രൂപ അടവാക്കാനുണ്ടായിരുന്നുവെന്നും ഇതിൽ 50,00,000/- രൂപ ഒടുക്കിയിട്ടുണ്ടെന്നും ബാക്കി 50,00,000/- രൂപ ഇനി അടവാക്കാനവശേഷിക്കുന്നുവെന്നും അറിയിക്കുകയുണ്ടായി.

ഇ.എം.എസ് ലോൺ ഇനത്തിൽ ലഭിച്ച തുക, നാളിതുവരെയുള്ള തിരിച്ചടവ് എന്നിവ പരിശോധാവിധേയമാക്കി കൃത്യമായ കണക്ക് ലഭ്യമാക്കേണ്ടതും, വാർഷികധനകാര്യ പത്രികയിൽ വിശദാംശം ഉൾപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

# 1-49 പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം- നിർവ്വഹണം ലൈഫ് പദ്ധതിയുമായി ഏകോപിപ്പിച്ചില്ല

സ.ഉ.(കൈ) 160/16 ത.സ്വ.ഭ.വ തീയതി. 08.11.2016 ൽ വ്യത്യസ്ത ഭവനപദ്ധതികളുണ്ടെങ്കിൽ ആയത് സംയോജിപ്പിച്ച് സമ്പൂർണ പാർപ്പിട പദ്ധതിയിലൂടെ ഏകോപിപ്പിച്ച് നടത്തേണ്ടതാണെന്നും, പണിപൂർത്തീകരിക്കാത്ത ഭവനങ്ങളുടെ സാങ്കേതിക ഓഡിറ്റ് നടത്തി പൂർത്തീകരണത്തിനാവശ്യമായ തുക നിർണയിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളെ എം.പാനൽ ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നഗരസഭ ഇത്തരത്തിലല്ല പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. നഗരസഭയിൽ നിന്നും വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് ധനസഹായം നൽകി പണിപൂർത്തീകരിക്കുന്നതിലേക്കായി രണ്ട് പ്രോജക്ടുകളാണ് 2018-19 വർഷം നടപ്പാക്കിയിട്ടുള്ളത്. ഇതിൽ ഒന്ന് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടവർക്കുള്ളതും മറ്റൊന്ന് പ്രസ്തുതലിസ്റ്റിൽ ഉൾപ്പെടാത്ത 2015-16-ലെ നഗരസഭയുടെ ഭവനപദ്ധതിപ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്കായുള്ളതുമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

i. <u>ലൈഫ് പദ്ധതി- നഗരസഭാവിഹിതം</u>

പ്രോജക്ട് നം. - 343/19

അടങ്കൽ - 42,80,716/- (വി.ഫ.(ജനറൽ))

ചെലവ് - 42,80,716/- (വി.ഫ.(ജനറൽ)) (കൂടാതെ 7,00,000/- രൂപ സംസ്ഥാന വിഹിതവും ചെലവഴിച്ചു.

2017-18 ൽ 27,85,000/- രൂപ ചെലവഴിച്ച് 2018-19 ൽ സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിക്ക് പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക കൂടാതെ ലൈഫ് മിഷൻ വിഹിതമിനത്തിൽ 7,00,000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം ധനസഹായം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന മൂന്ന് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തുക തിരിച്ചടയ്ക്കാൻ നഗരസഭാസെക്രട്ടറി കത്ത് നൽകിയിട്ടുണ്ട് (01.03.2018- PO/1808/18 നം. കത്ത്).

<u>ഗുണഭോക്താവിന്റെ പേര്, തിരിച്ചടയ്ക്കേണ്ട തുക</u>

1. ശ്രീ.ഗിൽബർട്ട്, 172500/-+ 12% പലിശ ഉൾപ്പെടെ

(വെളകുളത്തലപുത്തൻവീട്, ആറാലുമൂട്)

2. ശ്രീമതി.പുഷ്പലത 2,02,500/- + 12% പലിശ ഉൾപ്പെടെ

(സത്യാഭവൻ, തവരവിള

3. ശ്രീമതി.ബീനാകുമാരി 1,85,000/- + 12% പലിശ ഉൾപ്പെടെ

(തേരിത്തലമേലെ പുത്തൻവീട്, പെരുമ്പഴുതൂർ)

ചീഫ് എക്സി. ഡയറക്ടർ, ലൈഫ് മിഷൻ, മേൽ ഭവനപദ്ധതി പ്രകാരമുള്ള പൂർത്തീകരണ വിശദാംശം ആവശ്യപ്പെട്ടതിന് ഒന്നാം ഘട്ടത്തിൽ 165 എണ്ണത്തിൽ 163 എണ്ണം പൂർത്തീകരിച്ചതായും, ധനസഹായം കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾക്ക് (ശ്രീ.ഗിൽബർട്ട്, ശ്രീമതി.പുഷ്പലത) നൽകിയ തുക പലിശ ഉൾപ്പെടെ പിടിക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിക്കാൻ തീരുമാനിച്ചതായും (27.11.19 ലെ 19ാം നമ്പർ തീരുമാനം) നഗരസഭയിൽ നിന്ന് അറിയിച്ചിട്ടുണ്ട് (27.11.19 ലെ PO/1808/18 നമ്പർ കത്ത്). എന്നാൽ തുക തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകിയ

ഗുണഭോക്താക്കളിലൊരാളായ ശ്രീമതി.ബീനാകുമാരി പണി പൂർത്തീകരിക്കാത്ത വിവരം മേൽ കത്തിൽ പരാമർശിച്ചിട്ടില്ല. (30/4/19 ൽ ചെക്ക് നമ്പർ.275904 പ്രകാരം ടിയാൾക്ക് 1,00,000/- രൂപ വീണ്ടും അനുവദിച്ചിട്ടുണ്ട്). ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ശ്രീമതി. ബീനാകുമാരി ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും (കെട്ടിടനമ്പർ ഉൾപ്പെടെ) മറ്റ് രണ്ട് ഗുണഭോക്താക്കൾക്കെതിരെ സ്വീകരിച്ച തുടർനടപടിവിവരം അറിയിക്കേണ്ടതുമാണ്.

ii. ഭവന നിർമ്മാണം- അവസാനഗഡു നൽകൽ

പ്രോജക്ട് നം. - 455/19

അടങ്കൽ - 25,00,000/- (വി.ഫ.(ജനറൽ))

ചെലവ് - 25,00,000/-

2015-16-ലെ നഗരസഭയുടെ ഭവനപദ്ധതിപ്രകാരം(രാജീവ് ഗാന്ധി ഭവനനിർമ്മാണം) ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകി പൂർത്തീകരണം എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഒരു യൂണിറ്റിന് 20,000/- രൂപ നിരക്കിൽ 125 യൂണിറ്റ് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 72 ഗുണഭോക്താക്കൾക്ക് വിവിധനിരക്കുകളിലാണ് (100000, 60000, 40000, 20000 എന്നിങ്ങനെ) ധനസഹായം നൽകിയിട്ടുള്ളത്. പ്രസ്തുത ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരല്ല. ലൈഫ് ഒന്നാം ഘട്ടം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിൽ വന്നപ്പോൾ രാജീവ് ഗാന്ധി ഭവനപദ്ധതിയ്ക്ക് നഗരസഭ തുക വകയിരുത്തി സാധാരണനിലയിൽ നടന്നുവരികയായിരുന്നതിനാലാണ് പ്രസ്തുത ഗുണഭോക്താക്കളെ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്താത്തതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ വിശദീകരണം.

തൻവർഷം ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വാർഡ്തിരിച്ചുള്ള വിവരം, 2015-16 വർഷം ധനസഹായം നൽകിയതിന്റെ രജിസ്റ്റർ എന്നിവ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ധനസഹായം ലഭിച്ച ഗുണഭോക്താക്കൾ വീട് നിർമ്മാണം ഏത് ഘട്ടം വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നോ, മുൻപ് എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്നോ കൃത്യമായ രേഖകൾ സൂക്ഷിക്കാതെയാണ് വിവിധ നിരക്കുകളിൽ തുക നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5) വാർഡ്സഭ മുഖാന്തിരമാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. എന്നാൽ വാർഡ്സഭാമിനിട്സ് പരിശോധിച്ചതിൽ ഇപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. കൂടാതെ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട്പണി പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട അനുബന്ധരേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-50 പി.എം.എ.വൈ- ലൈഫ് ഭവനപദ്ധതി- അവലോകനം

പ്രോജക്ട് നം. - 157/19 (ലൈഫ് ഭവനപദ്ധതി- നഗരസഭാവിഹിതം)

അടങ്കൽ - 2,10,00,000/- (വികസനഫണ്ട്(ജനറൽ))

ചെലവ് - 2,10,00,000/-

ഗുണഭോക്താക്കളുടെ വിശദാംശം

| DPR | ആദ്യം ഉൾപ്പെട്ട ഗുണഭോക്താക്കൾ | പുനർനിർണ്ണയിച്ച ശേഷമുള്ള ഗുണഭോക്താക്കൾ | കരാർ വച്ചവർ |
|---|---|---|---|
| DPR 1 | 500 | 480 | 451 |
| DPR 2 | 1668 | 1203 | 537 |

പി.എം.എ.വൈ - ലൈഫ് പദ്ധതി പ്രകാരം ഡി.പി.ആർ-1, ഡി.പി.ആർ-2 ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് തൻവർഷം ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുള്ളത്. ആകെ അടങ്കൽ തുകയ്ക്ക് പുറമെ കേന്ദ്ര-സംസ്ഥാന

വിഹിതമിനത്തിലും ലോണിനത്തിലുമായി തുക ചെലവഴിച്ചിട്ടുണ്ട്. ഓരോ ഫണ്ടിനത്തിലുമുള്ള കൃത്യമായ വരവ്-ചെലവ് കണക്ക് സൂക്ഷിക്കുന്നില്ല. മേൽ പദ്ധതി ചെലവ് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റും, ചെക്ക് നൽകിയതുമായി ബന്ധപ്പെട്ട രജിസ്റ്ററും പരിശോധിച്ചതിൽ കേന്ദ്ര-സംസ്ഥാന വിഹിതമിനത്തിലും ലോണിനത്തിലുമായി ആകെ 11,84,70,713/- രൂപ പി.എം.എ.വൈ അക്കൗണ്ടിൽ നിന്ന് (നം.0716132000014) തൻവർഷം ചെലവഴിച്ചു.

ഭവനനിർമ്മാണത്തിനായി കരാർ വച്ചതിൽ 638 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കിയതായും, 350 പേർ പണി പൂർത്തീകരിച്ചിട്ടില്ലായെന്നും ഇതിൽ 96 പേർ ആദ്യഗഡു മാത്രമാണ് കൈപ്പറ്റിയിട്ടുള്ളതെന്നമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നം. 6, 59 എന്നിവയ്ക്കുള്ള മറുപടി). 16.03.2018 ലെ സ.ഉ.(കൈ) നം.34/2018/ത.സ്വ.ഭ.വ ഉത്തരവിൽ ഒന്നാം ഗഡു കൈപ്പറ്റി 6 മാസത്തിനുള്ളിൽ ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഭവനപൂർത്തീകരണത്തിന് കാലതാമസമുണ്ടായതിനുള്ള കാരണം കണ്ടെത്തേണ്ടതും കരാറിൽ ഏർപ്പെട്ട് ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളെക്കൊണ്ടും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പി.എം..എ.വൈ കണക്കുകൾ കൃത്യമായും കാലികമാക്കിയും സൂക്ഷിക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-51 രാമേശ്വരം വാർഡിൽ മൂഴിയാംതോട്ടം കരിയിൽ തോട്ടം റോഡ് പുനരുദ്ധാരണം - കൾവർട്ട് നിർമ്മാണം - അപാകതകൾ - 82,535/-രൂപ തിരികെ ഈടാക്കണം

പ്രസ്തുത പ്രവൃത്തിയിൽ ഇനം (1)ലൂടെ 129.28ഘന മീറ്റർ മണ്ണ് ലഭിച്ചിട്ടുണ്ട്. Embankment നിർമ്മാണത്തിനായി ഇനം (77ൽ) 960.12 ഘന മീറ്റർ മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ ലഭിച്ച മണ്ണിന്റെ അളവ് ആവശ്യമുള്ള മണ്ണിൽ നിന്നും കുറവ് ചെയ്യാതെ എസ്റ്റിമേറ്റ് അളവിൽ ബിൽ തയ്യാറാക്കിയിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരിക്കുവാൻ 3മാസം നൽകിയിട്ടുണ്ടെങ്കിലും പണി പൂർത്തിയാക്കിയത് 30.06.2018നാണ്. ഈ വിഷയങ്ങളിൽ സംഭവിച്ച നഷ്ടത്തിന്റെ വിശദാംശങ്ങൾ ഭാഗം 3 ൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-52 ഫോർട്ട് വാർഡിൽ ആലുംമൂട് സബ്റോഡ് നടപ്പാത ഓട നിർമ്മാണം, സ്ലാബ് & ഇന്റർലോക്ക് നിർമ്മാണം- അപാകതകൾ - 30,143/-രൂപ നിരാകരിക്കുന്നു.

മേൽ പ്രവൃത്തിയിൽ 220 കവറിംഗ് സ്ലാബുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും 217 സ്ലാബുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ കവറിംഗ് സ്ലാബുകളുടെ കനം 15സെ.മീ. ആണെന്ന് എം. ബുക്കിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും 12സെ.മീറ്ററിൽ കുറവു കനമാണ് സ്ലാബിനുള്ളത്.

മേൽ ന്യൂനതകളിലൂടെ നഷ്ടമായ തുകയുടെ വിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-53 അതിയന്നൂർ വാർഡിൽ മഠത്തുവിള നടപ്പാത, ഓട, സ്ലാബ് കോൺക്രീറ്റ് - അപാകതകൾ - 18,726/- രൂപ നിരാകരിക്കുന്നു.

അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകളുടെ പരിശോധനയിൽ ഒരു മീറ്റർ വീതിയിൽ നിർമ്മിച്ച ഓടയുടെ കവറിംഗ് സ്ലാബ് നടപ്പാതയായി ഉപയോഗിക്കുന്നതിനാൽ സ്ലാബിന്റെ കനം 15 CM ആയി നിശ്ചയിച്ച് തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ലാബിന്റെ കനം പരമാവധി 12 CM മാത്രമാണ്. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. ഈ ന്യൂനതയിലൂടെ ഉണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ഖണ്ഡിക3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-54 തൊഴുക്കൽ വാർഡിൽ വിമൻസ് ഹോസ്റ്റൽ നവീകരണം

## - ടൈൽ പാകൽ എന്ന ഇനം നടപ്പിലാക്കാതെ തുക നൽകി - 141207/- രൂപ നിരാകരിക്കുന്നു.

ഹോസ്റ്റൽ നവീകരണ പദ്ധതി അവസാനിക്കുന്നതിന് മുൻപ് തന്നെ മുറ്റത്ത് ടൈൽ പാകുന്ന ഇനം നടപ്പാക്കിയത് ഓഡിറ്റ് വേളയിലെ പരിശോധനയിൽ കണ്ടെത്താനായില്ല. എം.ബുക്ക് പ്രകാരം ടൈൽ പാകിയ സ്ഥലത്ത് നിലവിവിൽ മണ്ണ് നിറഞ്ഞും ലിഫ്റ്റ് സംവിധാനത്തിനായുള്ള കുഴിയും ആണ് കാണാൻ കഴിഞ്ഞത്. ആയതിനാൽ ചെലവ് തുക പാഴായി. വിശദവിവരം ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-55 അടങ്കൽ തുക പരിധി പാലിച്ചില്ല – ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തി നടപ്പിലാക്കി - അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ ഓലത്താന്നി PHC മെയിന്റനൻസ് എന്ന പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ യഥാർത്ഥ ചെലവ് രേഖകൾ ഹാജരാക്കാതെ തുക നൽകുകയും, 85804/- രൂപ അധികം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം ഖ.3-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-56 ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികൾ - ചെലവു രേഖകൾ ഹാജരാക്കാതെ ബിൽ തുക കൈമാറി - ചെലവു തുക തടസ്സപ്പെടുത്തുന്നു.

02.02.2018-ലെ സ.ഉ(കൈ) നം.17/2018/തസ്വഭവ ഉത്തരവിലെ 11.02.3(ബി) പ്രകാരം സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക സാങ്കേതിക സംഘടനാ ശേഷിയും സന്നദ്ധതയുമുള്ള അധ്യാപക-രക്ഷാകർതൃ സമിതികളെ ബന്ധപ്പെട്ട സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ കൂടാതെ, ഗുണഭോക്തൃ സമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം നിർവ്വഹണ ചുമതല ഏൽപിക്കാവുന്നതാണ്. ഈ രീതി അവലംബിച്ച് നടപ്പാക്കാവുന്ന പ്രോജക്റ്റുകളുടെ അടങ്കൽ തുകയുടെ പരിധി 25 ലക്ഷം രൂപയാണ്. ഇതു പ്രകാരം നടപ്പാലാക്കിയ പ്രവൃത്തികളുടെ വിവരവും അവയുടെ ഫയലുകളും അനുബന്ധ രേഖകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകളും താഴെ പറയുന്നു.

**1.** പ്രോജക്ടിന്റെ പേര് - ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് അടുക്കള

പ്രോജക്ട് നമ്പർ - 425/2019

ഫണ്ടിനം - വികസനഫണ്ട്

കരാർ - 146/2017-18, തീയതി 16.02.2018

കൺവീനർ - PT ശശികല (HM)

എം.ബുക്ക് - 137/2017-18

അടങ്കൽ - 6,50,000/-

ചെലവ് - 6,49,914/-

ബിൽ നമ്പർ - 74034/28.06.2018

**2.** പ്രോജക്ടിന്റെ പേര് - അതിയന്നൂർ UPS നവീകരണം

പ്രോജക്ട് നമ്പർ - 204/2019

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

കരാർ - 1/2018, തീയതി 06.06.2018

കൺവീനർ - പി.കെ.ശ്രീകുമാർ (HM)

എം.ബുക്ക് - 158/2017-18

അടങ്കൽ തുക - 50,00,000/-

ചെലവ് തുക - 50,00,000/-

ബിൽ നമ്പർ - 49552/03.11.2018

**3.** പ്രോജക്ടിന്റെ പേര് - അമരവിള JBS സ്കൂൾ സൈഡ്‌വാൾ നിർമ്മാണം

പ്രോജക്ട് നമ്പർ - 421/2019

ഫണ്ടിനം - വികസന ഫണ്ട്

കരാർ - 164/2017-18, തീയതി 22.02.2018

കൺവീനർ - ജയലക്ഷ്മി.റ്റി (HM)

എം.ബുക്ക് - 149/2017-18

അടങ്കൽ തുക - 2,50,000/-

ചെലവ് തുക - 2,50,000/-

ബിൽ നമ്പർ - 384471/30.07.2018

**4.** പ്രോജക്ടിന്റെ പേര് - ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

പ്രോജക്ട് നമ്പർ - 411/2019

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

കരാർ - 152/2017-18, തീയതി 16.12.2018

കൺവീനർ - പി.റ്റി.ശശികല (HM)

എം.ബുക്ക് - 156/2017-18

അടങ്കൽ തുക - 20,00,000/-

ചെലവ് തുക - 20,00,000/-

ബിൽ നമ്പർ - 445532/17.08.2018

13.11.2014-ലെ സർക്കുലർ നമ്പർ 1/1559/2010/സി.ഇ/തസ്വഭവ പ്രകാരമുള്ള മാനദണ്ഡങ്ങൾ ഗുണഭോക്തൃ സമിതി പാലിച്ചതിന്റെ അവശ്യരേഖകളും, സാമ്പത്തിക സാങ്കേതിക ശേഷി തെളിയിക്കുന്ന രേഖകളും, ചെലവു രേഖകളും മേൽ പറഞ്ഞ പ്രവൃത്തികളുടെ ഫയലുകളിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും. എന്നാൽ ചെലവു രേഖകളുടെ അഭാവത്തിലും ബിൽ തുക കൈമാറിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ മേൽ പ്രവൃത്തികളുടെ ചെലവുകളുടെ ആകെ തുകയായ 7899914/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-57 കെട്ടിടങ്ങളുടെ മെയിന്റനൻസ് - പഴയ സാധന സാമഗ്രികൾ പുനരുപയോഗമോ ലേലമോ നടത്തുന്നില്ല.

കൊടങ്ങാവിള ചന്ത നവീകരണം (482/19 സ്പിൽ ഓവർ)

അടങ്കൽ തുക – 13,59,568/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്)

ചെലവ് തുക - 11,41,297/- (7086901320365, 27.3.2018)

2,18,270/- (86901449493, 21.3.2019)

കരാറുകാരൻ ശ്രീ.മധു -ജെ

എം ബുക്ക് നം 108/17-18

എം ബുക്ക് ഇനം 1,2 എന്നിവ പ്രകാരം യഥാക്രമം 3.2 $m^3$ steel bars (10*3.2*0.1), 6.28$m^3$ bricks എന്നിവ ഡിസ്മാന്റിൽ ചെയ്ത് പുനരുപയോഗിക്കാൻ സാധിക്കുന്നവ സ്റ്റാക്ക് ചെയ്തതിന് തുക നൽകിയിട്ടുണ്ട്. ഇവ പുനരുപയോഗിച്ചതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഉപയോഗശൂന്യമായവയാണെങ്കിൽ ലേലം ചെയ്തതായും രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/2020, 23.1.2020) മറുപടി ലഭ്യമാക്കിയില്ല. സമാന രീതിയിലുള്ള അപാകതകൾ പി.എച്ച്.സി ഓലത്താന്നി എന്ന പ്രവൃത്തിയിലും കണ്ടെത്തിയിട്ടുണ്ട്.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2919.3 (G.O.(P)No.13/2012/PWD തീയതി 01.02.2012) പ്രകാരം ഇളക്കി മാറ്റിയ സാധനങ്ങൾ നിശ്ചിത മാതൃകയിൽ അക്കൗണ്ട് ചെയ്യേണ്ടതും, പുനരുപയോഗിക്കാവുന്ന സാധനങ്ങൾ ഉപയോഗപ്രദമാക്കേണ്ടതുമാണെന്നും, മറ്റുള്ളവ ഭൗതിക പരിശോധന നടത്തി പൊതുലേലം നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മേൽ പ്രവൃത്തികളിൽ ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ ഈ വസ്തുത പരിശോധിച്ച് ഉചിതമായ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# 1-58 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ തൊണ്ണൂറ് ശതമാനവും റിവൈസ് ചെയ്തിരിക്കുന്നു. പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കിയ വേളയിൽ സൈറ്റ് കണ്ടീഷൻ നേരിട്ട് പരിശോധിച്ച് ആവശ്യകത ബോധ്യപ്പെടാത്തതിനാലാണ് ഇപ്രകാരം റിവിഷൻ ആവശ്യമായി വന്നത്. തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തിയിരിക്കുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(p)13/2012pwd Dt.01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ല്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

1. മാമ്പഴക്കര വാർഡിൽ മാങ്കോട്ട്കോണം കുന്നിൻപുറം റോഡ് പുനരുദ്ധാരണം (SO 420/19) – 8,00,000/- രൂപ വകയിരുത്തിയ പദ്ധതിയിൽ 113 mtr മീറ്റർ നീളത്തിലും 2.8 mtr വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും 80 mtr നീളത്തിൽ സൈഡ് വാൾ random rubble ചെയ്യുന്നതിനും തയ്യാറാക്കിയ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത വേളയിൽ റോഡ് കോൺക്രീറ്റ് പൂർണ്ണമായും ഒഴിവാക്കുകയും, സൈഡ് വാൾ random rubble എന്നത് മാറ്റി കോൺക്രീറ്റ് വാൾ ആക്കുകയും ചെയ്തു.

2. ഗവ: ഗേൾസ് ഹയർസെക്കന്ററി സ്കൂളിന് അടുക്കള നിർമ്മാണത്തിനുള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ വാതിലിനും ജനലിനും ഷട്ടേഴ്സ്, ഫ്രെയിംസ് എന്നിവയ്ക്കായി പ്രൊവിഷൻ ഉൾപ്പെടുത്താത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നു.

3. ഫോർട്ട് വാർഡിൽ അലുംമൂട്സബ്റോഡ് നടപ്പാത ഓട നിർമ്മാണം, സ്ലാബ്, ഇന്റർലോക്ക് എന്ന പ്രവൃത്തിയ്ക്ക് 60 mm അളവിലുള്ള ഇന്റർലോക്ക് ഉപയോഗിക്കുന്നതിനുള്ള എസ്റ്റിമേറ്റിൽ, വാഹനബാഹുല്യമുള്ള റോഡായതിനാൽ 80 mm ഉപയോഗിക്കേണ്ടതാണെന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ല എന്നതാണ് വ്യക്തമാക്കുന്നത്. ശരിയായ സൈറ്റ് കണ്ടിഷൻ മനസിലാക്കിയും ആവശ്യകത നിർണയിച്ചും പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-59 കാർഷിക മേഖലയിലെ പ്രോജക്ടുകൾ- അപാകതകൾ

<u>എ. ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല- തുക അധികം ചെലവഴിച്ചത് തിരിച്ചടച്ചു</u>

പ്രോജക്ട് - 120/19 (കേട് വന്ന തെങ്ങിൻതൈകൾ മുറിച്ചുമാറ്റി പകരം പുതിയത് വയ്ക്കൽ)

അടങ്കൽ - 286800/- (275000/- വികസന ഫണ്ട് (പൊതുവിഭാഗം), 11800-ഗുണഭോക്തൃവിഹിതം)

ചെലവ് - 1,33,350/-

നിർവ്വഹണോദ്യോഗസ്ഥ -കൃഷി ഓഫീസർ, പെരുമ്പഴുതൂർ കൃഷിഭവൻ

കേട് വന്ന തെങ്ങിൻതൈകൾ മുറിച്ചുമാറ്റുന്നതിന് തെങ്ങ് ഒന്നിന് 500/- രൂപ വീതം ധനസഹായം നൽകുകയും പകരം പുതിയ തെങ്ങ് നൽകുകയുമാണ് പ്രോജക്ട് ലക്ഷ്യം. 191 തെങ്ങ് മുറിച്ചുമാറ്റാനായി ഗുണഭോക്താക്കൾക്ക് ധനസഹായമിനത്തിൽ 95,500/- രൂപയും പകരം നൽകാനായി കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ നിന്നും 478 തെങ്ങിൻതൈകൾ വാങ്ങിയതിന് 37,850/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

തെങ്ങിൻതൈക്ക് മുഴുവൻ സബ്സിഡിയും നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.22/18/തസ്വഭവ തീയതി.14.2.18 മാർഗ്ഗരേഖപ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈയ്ക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി 75% ആണ്. എന്നാൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃവിഹിതമീടാക്കാതെ മുഴുവൻ തുകയും സബ്സിഡിയായി നൽകി. അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി(നം.40) നൽകിയത് പ്രകാരം സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച 9,560/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് ചലാൻ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി (നെയ്യാറ്റിൻകര സബ്ട്രഷറി ചെലാൻ നം.KL01383643520192OM തീയതി.27.01.2020).

മുറിച്ചുമാറ്റിയ തെങ്ങിന് പകരം നൽകാനായി കൂടുതൽ തൈകൾ വാങ്ങിയതിന് വിശദീകരണമാവശ്യപ്പെട്ടതിന് പ്രോജക്ട് പ്രകാരമുള്ള മുഴുവൻ തെങ്ങും മുറിച്ചുമാറ്റും എന്ന് പ്രതീക്ഷച്ചതിനാലാണ് 478 തൈകൾ വാങ്ങിയതെന്നും, ബാക്കിവന്ന തൈകൾ ഈ ലിസ്റ്റിൽപ്പെട്ട പുതിയ തൈകൾ വയ്ക്കാൻ താല്പര്യമുള്ള ഭൂവിസ്തൃതിയുള്ള കർഷകർക്ക് വിതരണം ചെയ്യുവെന്നുമാണ് അറിയിച്ചത്(ഓഡിറ്റ് എൻക്വയറി നം.40 നുള്ള മറുപടി).

കൃത്യമായ ആവശ്യകതാ നിർണ്ണയം നടത്തി പ്രോജക്ട് നിർവ്വഹണം നടത്താത്തതിനാലാണ് ഇപ്രകാരം അധികം ചെലവഴിക്കേണ്ടിവന്നതെന്ന് വിലയിരുത്തുന്നു.

<u>ബി. ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് രസീത്ബുക്ക് ഉപയോഗിക്കുന്നില്ല</u>

നെയ്യാറ്റിൻകര കൃഷിഭവനിലെ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 24/19 (സമഗ്ര തെങ്ങ്കൃഷി വികസനം) പ്രകാരം തെങ്ങിൻതൈകൾക്കുള്ള ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് നഗരസഭയുടെ രസീത് നൽകുന്നില്ല. ഈടാക്കിയ ഗുണഭോക്തൃവിഹിതത്തിന്റെ വിശദാംശം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുമില്ല.

സർക്കാർ ഫാമുകളിൽ നിന്നാണ് തൈകൾ വാങ്ങുന്നതെന്നും, രസീത് ഉപയോഗിക്കുമ്പോൾ ഗുണഭോക്തൃവിഹിതമായി ലഭിക്കുന്ന തുക നഗരസഭയിൽ അടയ്ക്കേണ്ടിവരുന്നതിനാലാണ് രസീത് ഉപയോഗിക്കാതെ രജിസ്റ്ററിൽ രേഖപ്പെടുത്തി മുഴുവൻ തുകയും ഫാമിൽ അടച്ചതെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007-ലെ ചട്ടം 18-ൽ മുനിസിപ്പാലിറ്റിയിൽ പണം സ്വീകരിക്കുന്നതിന് രസീത് നിർബന്ധമായും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ കൃഷി ഓഫീസർ രസീത് സൂക്ഷിക്കുന്നതിലെ അപാകത ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. തുടർന്നും ഗുണഭോക്തൃവിഹിതം പിരിക്കുന്നതിൽ ഇത്തരം അപാകതകൾ സംഭവിക്കുന്നത് അംഗീകരിക്കാവുന്നതല്ല. വിഷയം ബന്ധപ്പെട്ട കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>സി. ഹരിതഭവനം പ്രോജക്ട് നടത്തിപ്പിലെ അപാകത</u>

നഗരസഭയിൽ വീടുകൾ ഹരിതഭവനം ആക്കുക എന്ന ലക്ഷ്യത്തോടെ രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. -476/19 | പ്രോജക്ട് നം. - 478/19 |
| പ്രോജക്ടിന്റെ പേര് - ഹരിത ഭവനം പെരുമ്പഴുതൂർ | പ്രോജക്ടിന്റെ പേര് - ഹരിത ഭവനം നെയ്യാറ്റിൻകര |
| അടങ്കൽ തുക – 2799920/-<br>[1,17,36,000/- (വി.ഫ.)<br>1063920 (ഗു. വി.)] | അടങ്കൽ തുക – 1941880/-<br>[12,04,000/- (വി.ഫ.)<br>737880/- (ഗു.വി)] |
| ചെലവ്തുക – 17,36,000/- | ചെലവ്തുക –2,94,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ, കൃഷി ഭവൻ പെരുമ്പഴുതൂർ | നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ, കൃഷി ഭവൻ നെയ്യാറ്റിൻകര |

പ്രോജക്ട് 476/19 പ്രകാരം 124 ഗുണഭോക്താക്കൾക്കും, 478/19 പ്രകാരം 21 ഗുണഭോക്താക്കൾക്കും ഹരിതഭവനം സാമഗ്രികൾ വിതരണം ചെയ്ത് സ്ഥാപിച്ചതിന്റെ ബില്ല് റെയ്ഡ്കോ നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക റെയ്ഡ്കോയ്ക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. (യൂണിറ്റ് കോസ്റ്റ് 22,580/- രൂപ, സബ്സിഡി- 14,000/- രൂപ , ഗു.വിഹിതം-8,580/- രൂപ).

ഗുണഭോക്താക്കളുടെ അപേക്ഷമാത്രമാണ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടോ ഫോട്ടോയോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഹരിതഭവനം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കിയിട്ടുണ്ടോയെന്നത് വ്യക്തമല്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവ സംരക്ഷണം, മാലിന്യസംസ്കരണം , ഊർജ്ജസംരക്ഷണം,ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയുടെ പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാലു വർഷങ്ങളിലായി നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ എൻറോൾമെന്റ് ഫോം വാങ്ങി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-60 പാലിന് സബ്സിഡി പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 329/19 പാലിന് സബ്സിഡി (ജനറൽ)

അടങ്കൽ/ചെലവു തുക - 20,00,000/- വികസന ഫണ്ട്

നിർവഹണാധികാരി - ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം

പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം ക്ഷീര കർഷകർക്ക് സബ്സിഡിയായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 13 ക്ഷീര സംഘങ്ങളിലെ ക്ഷീര കർഷകർക്കാണ് പദ്ധതി ആനുകൂല്യം നൽകിയിട്ടുള്ളത്. 2018 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിൽ കർഷകർ നൽകിയ പാലിന്റെ അളവിനനുസരിച്ചുള്ള തുകയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുത്തിരിക്കുന്നു.

എ) വാർഡു സഭകൾ അംഗീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്കും പദ്ധതി ആനുകൂല്യം അനുവദിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | വാർഡ് നം | ഗുണഭോക്താവ് | ബാങ്ക് അക്കൗണ്ട് നം | അനുവദിച്ച സബ്സിഡി | ക്ഷീര സംഘം |
|---|---|---|---|---|---|
| 1 | 6 | എം. തങ്കം | 67101222977 | 1975 | തൊഴക്കൽ ക്ഷീരോത്പാദക സഹകരണ സംഘം |
| 2 | 5 | ആർ. രവീന്ദ്രൻ നായർ | 67235818160 | 2701 | |
| 3 | 8 | സി. സരസ്വതി | 79172112 | 429 | |
| 4 | 5 | വൽസലാ ഭായി. എ. | 21200432217 | 2462 | |
| 5 | 5 | ലിസി. എ. | 67367612329 | 3199 | |
| 6 | 8 | അഖിലേഷ് എം.എസ്. | 67251417974 | 7791 | |
| 7 | 8 | ജി. ഉഷ | 501000020831 | 1368 | |
| 8 | 8 | എസ്. സുരേഷ് കുമാർ | 6160624885 | 1352 | |
| 9 | 6 | രാധാകൃഷ്ണൻ. വി. | 6159677568 | 5268 | |
| 10 | 4 | ശ്രീകണ്ഠൻ നായർ എം. | 57021067572 | 2352 | |

4, 8 വാർഡുസഭകൾ മേൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടേയില്ല.

ബി) 26.11.2018 തീയതിയിൽ ചെയർപേഴ്സന്റെ ചേംബറിൽ കൂടിയ യോഗത്തിന്റെ കൂടി അടിസ്ഥാനത്തിൽ മേൽ പദ്ധതിക്കായി പറയ്ക്കോട്ടുകോണം ക്ഷീര സംഘം, പിരായുംമൂട് സ്നേഹ ക്ഷീരോൽപാദക സഹകരണ സംഘം എന്നിവയിലെ അംഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനു സെക്രട്ടറി അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് ഭരണസമിതി തീരുമാനം സ്വീകരിച്ചതായോ, പ്രസ്തുത സംഘങ്ങളിലെ ഗുണഭോക്താക്കൾക്ക് വാർഡു സഭകളിൽ അംഗീകാരം നൽകിയതായോ രേഖകളില്ല.

സി) 13 ക്ഷീര സംഘങ്ങളിൽപ്പെടുന്ന ക്ഷീര കർഷകർക്ക് ആനുകൂല്യം അനുവദിച്ചതിൽ പുന്നക്കാട് ക്ഷിരോത്പാദക സഹകരണ സംഘം ക്ഷീര കർഷകർ നൽകിയ പാലിന്റെ അളവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/22.01.2020) ന 4,8 വാർഡുകളിൽ ക്ഷീര കർഷകർ കുറവായതിനാൽ, പ്രസ്തുത വാർഡുസഭകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ലായെന്നും, വാർഡു സഭകൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ വളരെ കുറവായതിനാലാണ് ക്ഷീര സംഘത്തിൽ ഉൾപ്പെട്ട കർഷകർക്ക് ആനുകൂല്യം നൽകിയത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഡു സഭാ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടി വരുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കേണ്ടതും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-61 സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കി

സ.ഉ.(കൈ) നം. 160/2016/തസ്വഭവ തീയതി 08.11.2016 ഉത്തരവു പ്രകാരം സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി നടപ്പാക്കുന്നതിലേക്കായി സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലൂടെ, വിവിധ വകുപ്പുകളിലായി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വ്യത്യസ്ത ഭവന പദ്ധതികൾ സംയോജിപ്പിച്ച് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയിലൂടെ ഏകോപിപ്പിച്ച് നടപ്പിലാക്കുവാനും, പട്ടികജാതി പട്ടിക വർഗ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളും മേൽ പദ്ധതിയുമായി സംയോജിപ്പിച്ച് നിർവഹിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കി ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ചു നൽകുവാനാണ് മേൽ പദ്ധതി പ്രകാരം സർക്കാർ ലക്ഷ്യമിടുന്നത്.

കൂടാതെ, സ.ഉ. (കൈ) നം. 34/2018 തീയതി 16.03.2018 മാർഗരേഖ പ്രകാരം ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരിച്ച ഗുണഭോക്തൃപട്ടികയിൽ നിന്നും അതിലെ അംഗീകൃത മുൻഗണനാ ക്രമമനുസരിച്ച് മാത്രമേ വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏതൊരു ഭവനപദ്ധതിയിലേക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ I, II, III) തയ്യാറാക്കിയിട്ടുള്ളതും, പ്രോജക്ട് ഓഫീസർ നിർവഹണാധികാരിയായി പി.എം.എ.വൈ-ലൈഫ് ഭവനപദ്ധതികൾ നടപ്പാക്കി വരുന്നതുമാണ്.

എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വാർഡ് സഭകളിലൂടെ ഭൂമി വാങ്ങലിനും, ഭവന നിർമ്മാണത്തിനുമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും, പ്രസ്തുത ഗുണഭോക്താക്കൾക്ക് ചുവടെ പരാമർശിച്ചിട്ടുള്ള പദ്ധതികൾ പ്രകാരം ആനുകൂല്യം അനുവദിക്കുകയും ചെയ്തിരിക്കുന്നു.

**എ) പ്രോ. നം. 291/19 വസ്തു വാങ്ങൽ**

അടങ്കൽ / ചെലവു തുക - 45,00,000/- എസ്.സി.പി. ഫണ്ട്

ബിൽ നം./ തീയതി (തുക) - 18020247085900994588/04.01.2019 (450000)

18020247085901091200/22.01.2019 (450000)

18020247085901128076/04.02.2019 (1350000)

18020247085901211797/19.02.2019 (900000)

1802024708590134802/19.03.2019 (450000)

18020247085901369765/19.03.2019 (450000)

18020247085901431726/27.03.2019 (450000)

നിർവഹണാധികാരി - പട്ടികജാതി വികസന ഓഫീസർ

പദ്ധതി പ്രകാരം വസ്തുവാങ്ങലിനായി ഗുണഭോക്താവ് ഒന്നിന് 4,50,000/- രൂപ വച്ച് 10 ഗുണഭോക്താക്കൾക്ക ആനുകൂല്യം അനുവദിച്ചു. ഭൂമി വാങ്ങുന്നതിലേക്ക് പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് തുടർ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യവും അനുവദിച്ചിട്ടുണ്ട്. നഗരസഭയുടെ ലൈഫ് ഭൂരഹിതഭവനരഹിതരുടെ പട്ടികയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കൾ മാത്രമാണുള്ളത്. മേൽ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളാരും തന്നെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഗുണഭോക്താവിന്റെ പേരിൽ ഭൂമി പോക്കുവരവ് ചെയ്ത് കരം ഒടുക്കിയതിനുള്ള രേഖകൾ, ഗുണഭോക്താവിന്റെ പേരിലുള്ള ഭൂമിയുടെ കൈവശാവകാശ രേഖകൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ബി) പ്രോ. നം. 297/19 ഭവന നിർമ്മാണം**

അടങ്കൽ തുക - 80,00,000/- എസ്.സി.പി ഫണ്ട്.

ചെലവ് തുക - 16,80,000/- രൂപ

ബിൽ നം./ തീയതി (തുക) - 18020247085901146161/19.02.2019 (540000)

18020247085901345965/19.03.2019 (360000)

18020247085901345783/19.03.2019 (420000)

1802024708590136913/19.03.2019 (120000)

18020247085901435597/27.03.2019 (240000)

നിർവഹണാധികാരി - പട്ടികജാതി വികസന ഓഫീസർ

പദ്ധതി പ്രകാരം 20 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചുവെങ്കിലും 10 ഗുണഭോക്താക്കൾ മാത്രമാണ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. നഗരസഭയുടെ ലൈഫ് ഭൂരഹിതഭവനരഹിതരുടെ പട്ടികയിൽ നിന്നും ഗുണഭോക്താക്കളെ ഉൾപ്പെടുത്താതെ വാർഡ് സഭ മുഖാന്തിരം തെരഞ്ഞെടുത്ത പട്ടിക പ്രകാരമാണ് പദ്ധതി നിർവഹിച്ചിട്ടുള്ളത്.

ഭവനനിർമ്മാണ മാർഗരേഖയിൽ നിഷ്കർഷിക്കുന്ന മറ്റു വ്യവസ്ഥകളും പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾ നഗരസഭയിൽ നിന്നും കെട്ടിട നിർമ്മാണാനുമതി നേടിയതിന്റെയും, കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിച്ചതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ അനുബന്ധം 4 ൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീമതി.രൻജിത എ | 280000 |
| 2 | ശ്രീമതിബിന്ദു സി | 340000 |
| 3 | ശ്രീമതിഅമ്മിണി എസ് | 180000 |
| 4 | ശ്രീമതി ലീല എൻ | 180000 |
| 5 | ശ്രീ സത്യശീലൻ എച്ച് | 280000 |
| 6 | ശ്രീമതി മഹിത റ്റി | 60000 |
| 7 | ശ്രീ വിജിത്രൻ ബി.ജി. | 180000 |
| 8 | ശ്രീമതി എൻ ശാന്ത | 340000 |
| 9 | ശ്രീ രാജു കെ | 340000 |
| 10 | ശ്രീമതി ദിഷകല | 180000 |

ഇതിൽ ശ്രീമതി. മഹിത റ്റി. ഒന്നാം ഗഡു മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. പദ്ധതി തുക കൈപ്പറ്റിയ ശേഷം ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമല്ല. മേൽ ഗുണഭോക്താക്കളെ കൊണ്ട് ഭവനനിർമ്മാണം

അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ ഗുണഭോക്താക്കൾ പദ്ധതിക്കായി കൈപ്പറ്റിയിട്ടുള്ള തുക തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

മേൽ പദ്ധതികളുടെ നിർവഹണത്തിലുണ്ടായ അപാകതകൾ കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്കു (നം. 67/29.01.2020, 70/29.01.2020) നഗരസഭാ സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. നഗരസഭ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത് എന്നും, ഭവന നിർമ്മാണ ഗുണഭോക്താക്കൾ രണ്ടു മാസത്തിനുള്ളിൽ പണി പൂർത്തിയാക്കുന്നതാണെന്ന് ഉറപ്പു നൽകിയതായും നിർവഹണാധികാരി മറുപടി ലഭ്യമാക്കി. ലൈഫ് പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾക്ക് ഘടകവിരുദ്ധമായാണ് നഗരസഭ മേൽ പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ആവശ്യമാണ്. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-62 പഠനമുറി ഒരുക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

പ്രോജക്ട് നം. 293/19, 447/19 (സ്പിൽ ഓവർ) എന്നീ പദ്ധതികൾ പ്രകാരം പഠനമുറി നിർമ്മാണത്തിനായി യഥാക്രമം 9,00,000/- രൂപയും 33,74,935/- രൂപയും തൻവർഷം നഗരസഭ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

എ) പദ്ധതി ആനുകൂല്യം അനുവദിക്കുന്നതിനു അസി. എഞ്ചിനീയറുടെ വാല്യുവേഷൻ ലഭ്യമാക്കിയിട്ടില്ല.

ബി) ഗഡുക്കൾ അനുവദിക്കുന്നതിനു മുൻപ് സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കി, നിർവഹണാധികാരിയുടെ വിശദമായ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.

സി) പഠനമുറി നിർമ്മാണത്തിനായി നഗരസഭയിൽ നിന്നും അനുമതി നേടിയതിന്റെയും, പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ സെക്രട്ടറിക്കു സമർപ്പിച്ചതിന്റെയും രേഖകൾ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 70/29.01.2020) നിർമ്മാണ ഘട്ടങ്ങൾ നിർവഹണാധികാരി നേരിൽ പരിശോധിച്ച ശേഷമാണ് തുക അനുവദിച്ചിട്ടുള്ളത് എന്നും, പഠനമുറി പൂർത്തിയായ ശേഷം വിവരങ്ങൾ നഗരസഭക്ക് കൈമാറേണ്ടത് ഗുണഭോക്താവാണ് എന്നുമുള്ള നിർവഹണാധികാരിയുടെ മറുപടി തൃപ്തികരമല്ല. സ.ഉ. (കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ 7.2.17 പ്രകാരം പഠനമുറി ധനസഹായം അസി. എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ടത് എന്ന് നിർദ്ദേശിച്ചുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, ഭാവിയിൽ ബന്ധപ്പെട്ട രേഖകൾ / വാല്യുവേഷൻ ലഭ്യമാക്കിയ ശേഷം മാത്രം പദ്ധതി ആനുകൂല്യം അനുവദിക്കേണ്ടതുമാണ്.

# 1-63 പ്രവൃത്തിയുടെ ആവശ്യകത നിർണ്ണയിക്കാതെ തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചു.

പ്രോ. നം. 489/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

അടങ്കൽ / ചെലവ് തുക - 15,94,000/- രൂപ എസ്.സി.പി ഫണ്ട്

ബിൽ നം./തീയതി - 18020247085901458329/27.03.2019

നിർവഹണാധികാരി - പട്ടികജാതി വികസന ഓഫീസർ

മേൽ പദ്ധതിക്കായി എസ്.സി.പി. ഫണ്ടിൽ നിന്നും 15,94,000/- രൂപ പിൻവലിച്ച് വാട്ടർ അതോറിറ്റിക്ക് നൽകി. എന്നാൽ ദീർഘിപ്പിക്കുവാനുള്ള പൈപ്പ് ലൈൻ ഏതാണെന്നോ, പൈപ്പ് ലൈൻ ദീർഘിപ്പിക്കേണ്ടതിന്റെ ആവശ്യകത, എസ്.സി.പി. ഫണ്ട് പ്രസ്തുത മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത എന്നിവയൊന്നും പരിശോധിക്കാതെ പദ്ധതി തുക പൂർണ്ണമായും വാട്ടർ അതോറിറ്റിക്കു നിക്ഷേപിക്കുകയുണ്ടായി. നിക്ഷേപ പ്രവൃത്തികൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ, പ്രവൃത്തിയുടെ ആവശ്യകത,സാധ്യതാ പഠനം നടത്തിയശേഷം, പ്രസ്തുത പ്രവൃത്തിയുടെ വിവരങ്ങൾ പ്രവൃത്തി നിർവഹിക്കുന്ന സ്ഥാപനത്തെ രേഖാമൂലം അറിയിക്കേണ്ടതും, സ്ഥാപനം ഇതിലേക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി നേടിയശേഷം, ആയത് തദ്ദേശ സ്ഥാപനത്തിനു കൈമാറുമ്പോൾ, സ്ഥാപനവുമായി നിശ്ചിത വ്യവസ്ഥകളുൾപ്പെടുത്തി കരാറിലേർപ്പെടേണ്ടതും,

കരാറിലേർപ്പെട്ടശേഷം മാത്രം പദ്ധതി തുക കൈമാറേണ്ടതുമാണ്. അതതു കാലങ്ങളിലെ പദ്ധതി മാർഗ്ഗരേഖകളിലൂടെയും, 28.12.2018 തീയതിയിലെ നം.ഡി.എ1/881/2018/തസ്വഭവ സർക്കുലർ പ്രകാരവും സർക്കാർ മേൽ നിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രവൃത്തി സ്ഥലം ഏതാണെന്ന പോലും നിശ്ചയിക്കാതെ പ്രത്യേക വിഭാഗത്തിന്റെ അഭിവൃദ്ധിക്കായി അനുവദിക്കപ്പെട്ടിട്ടുള്ള പദ്ധതി തുക കൈമാറിയിട്ടുള്ളത് ക്രമവിരുദ്ധമാണ്. എസ്.സി.പി.ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി നിർവ്വഹിക്കുന്ന വേളകളിൽ പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ് എന്നിവ ലഭ്യമാക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ മോണിട്ടറിംഗിനായി ചുമതലപ്പെട്ടിരുന്ന കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പ് 2018-19 പദ്ധതികളുടെ നിർവഹണത്തിൽ ഫലപ്രദമായ ഇടപെടലുകളോ, നിരീക്ഷണമോ നടത്തിയിട്ടില്ല.

പ്രവൃത്തി സ്ഥലം പോലും നിർണ്ണയിക്കാതെ തുക കൈമാറിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.70/29.01.2020) വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയ ശേഷം മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. നാളിതുവരെ പ്രവൃത്തി ചെയ്യേണ്ട സ്ഥലം നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച പദ്ധതി തുക 15,94,000/- രൂപ തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കി രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 1-64 നേരിട്ടു നിർവഹിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ തുക വാട്ടർ അതോറിറ്റിക്കു നിക്ഷേപമായി നൽകി - ഒരു ഗുണഭോക്താവിനും പദ്ധതി ആനുകൂല്യം ലഭിച്ചിട്ടില്ല

പ്രോ. നം. 307/19 എസ്.സി. ഭവനങ്ങളിൽ കുടിവെള്ള പൈപ്പ് കണക്ഷൻ

അടങ്കൽ/ചെലവ് തുക - 5,00,000/- രൂപ എസ്.സി.പി. ഫണ്ട്

ബിൽ നം./തീയതി - 18020247085901484082/27.03.2019

നിർവഹണാധികാരി - പട്ടികജാതി വികസന ഓഫീസർ

14.02.2018 ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ ഗുണഭോക്താക്കൾ കണക്ഷന് എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് എസ്.സി.പി വിഭാഗം ഗുണഭോക്താക്കൾക്ക് യഥാർത്ഥ ചെലവ്, സബ്സിഡിയായി അനുവദിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ നേരിട്ട് നിർവഹിക്കുന്നതിനാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നത്. ഗുണഭോക്താക്കൾ നേരിട്ട് ഗാർഹിക കണക്ഷൻ എടുത്തശേഷം, കൺസ്യൂമർ വിവരങ്ങൾ, ചെലവിനുള്ള രസീത് എന്നിവ ലഭ്യമാക്കുന്ന മുറക്ക് തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറേണ്ടിയിരുന്നു. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകളും രേഖകളും ലഭ്യമാക്കി പദ്ധതി നിർവഹണം നടത്താതെ ബിൽ പ്രകാരം തുക പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കുകയാണുണ്ടായത്. തുക നിക്ഷേപമായി നൽകുന്നതിനുമുൻപ് പാലിക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് സ്വീകരിക്കൽ, കരാർ സ്ഥാപിക്കൽ തുടങ്ങിയ നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. നാളിതുവരെ ഒരു ഗുണഭോക്താവിനും പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.70/29.01.2020) വാട്ടർ അതോറിറ്റിക്ക് കത്ത് നൽകി കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയ ശേഷം മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. പദ്ധതി ചെലവ് വർദ്ധിപ്പിക്കുന്നതിനു മാത്രമായുള്ള ഇത്തരം ചെലവുകൾ സർക്കാർ നിർദ്ദേശങ്ങൾക്കുള്ള ലംഘനമാണ്. വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച പദ്ധതി തുക 5,00,000/- രൂപ തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 1-65 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - കൂടിയനിരക്കിൽ വാങ്ങി

പ്രോജക്ട് - 34/19 (ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ)

അടങ്കൽ - 5,00,000/-

ചെലവ് - 1,74,302/-

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് വിലവിവരപ്പട്ടിക ആവശ്യപ്പെട്ട് കെൽട്രോണിനും, സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷനും കത്ത് നൽകുകയും ഉപകരണങ്ങളുടെ ആകെ വില കണക്കാക്കുമ്പോൾ കുറവ് നിരക്ക് രേഖപ്പെടുത്തിയ കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിക്കുകയുമുണ്ടായി(23.01.2019 ലെ 18-ാം നമ്പർ തീരുമാനം). എന്നാൽ ഇതിൽ Tricycle, MCR insole chappal, Walker with wheel(folding type) എന്നീ ഉപകരണങ്ങൾക്ക് കെൽട്രോണിനേക്കാൾ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയത് വികലാംഗക്ഷേമകോർപ്പറേഷനാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഉപകരണം | എണ്ണം | കെൽട്രോൺ | വികലാംഗക്ഷേമ കോർപ്പറേഷൻ | അധികം നൽകിയ തുക |
|---|---|---|---|---|
| Tricycle | 3 | 8800 | 7,035.00 | 5,295.00 (3x1765) |
| MCR insole chappal | 1 | 1705 | 1,394.40 | 311 (1x311) |
| Walker with wheel(folding type) | 2 | 3146 | 1759 | 2774 (1387x2) |
| ആകെ | | | | 8,380.00 |

ഉപകരണങ്ങളുടെ മൊത്തം വില പരിശോധിക്കുമ്പോൾ കെൽട്രോൺ ആണ് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിരുന്നതെന്നും, കൗൺസിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് കെൽട്രോണിൽ നിന്ന് വാങ്ങിയതെന്നുമുള്ള നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി (ഓഡിറ്റ് എൻക്വയറി നം.28) അംഗീകരിക്കത്തക്കതല്ല. ഇതു സംബന്ധിച്ച നഗരസഭ തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-66 വയോമിത്രം- ചെലവ്- സർക്കാർ നിർദ്ദേശം പാലിച്ചില്ല- 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് - 30/19(വയോമിത്രം)

അടങ്കൽ - 20,00,000/- (വി.ഫ(ജനറൽ)

ചെലവ് - 20,00,000/- (ബിൽ നം.3/18-19, തീ.26.7.18 – 10,00,000/-
15/18-19, തീ.20.3.19 – 10,00,000/-)

നിർവ്വഹണോദ്യോഗസ്ഥ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

വയോജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യത്തോടെ നഗരസഭയിലെ വിവിധ വാർഡുകളിൽ ക്ലിനിക്ക് സംഘടിപ്പിക്കുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷന് മുൻകൂർ തുക നൽകുകയാണ് പ്രോജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. കേരള സാമൂഹ്യസുരക്ഷാ മിഷനിൽ നിന്നുമുള്ള ചെലവ് രേഖകൾ(ബില്ലുകൾ, രസീതുകൾ എന്നിവ) പരിശോധനയ്ക്ക് വിധേയമാക്കിയാവണം മോണിറ്ററിംഗ് നടത്തേണ്ടതെന്ന് പ്രോജക്ടിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിർവ്വഹണോദ്യോഗസ്ഥയോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ മോണിറ്ററിംഗ് നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയത് പ്രകാരം സാമൂഹ്യസുരക്ഷാമിഷനിൽ നിന്നും മരുന്ന് വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടുണ്ടെങ്കിലും കൃത്യമായ ചെലവ് സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല.

44 വാർഡുകളുള്ള നഗരസഭയിൽ 36 വയോമിത്രം ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്നും, ഒരു യൂണിറ്റുകൂടി അത്യന്താപേക്ഷിതമാണെന്നും കാണിച്ച് കേരള സാമൂഹ്യസുരക്ഷാ മിഷന് നഗരസഭയിൽ നിന്ന് കത്ത് നൽകുകയും(22.10.18-ലെ p1/3683/17 നം. കത്ത്) 23.1.2019-ലെ 33-ാംനമ്പർ തീരുമാനപ്രകാരം അധീഷണൽ യൂണിറ്റിനാവശ്യമായ 10,00,000/- രൂപ കൂടി സാമൂഹ്യസുരക്ഷാ മിഷന് നൽകുകയും ചെയ്തിട്ടുണ്ട്. സ.ഉ(സാധാ) നം.1209/13/ത.സ്വ.ഭ.വ തീയതി.6.5.2013 പ്രകാരം കേരള സാമൂഹ്യസുരക്ഷാ മിഷന് ഫണ്ട് ശേഖരിക്കുന്നതിനായി നഗരസഭയ്ക്ക് ഒരു സാമ്പത്തികവർഷം നൽകാവുന്ന പരമാവധി തുക 10,00,000/- രൂപയാണ്. എന്നാൽ 18-19ൽ 20,00,000/- രൂപയാണ് നൽകിയിരിക്കുന്നത്. കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അധികം തുക നൽകിയതെന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ നൽകിയിരിക്കുന്നത്. ഈ ഇനത്തിൽ തുക അധികം ചെലവഴിച്ചതിന് സർക്കാരിൽ നിന്ന് അനുമതി വാങ്ങിയിട്ടുമില്ല.

കേരള സാമൂഹ്യസുരക്ഷാ മിഷന് അധികം തുക നൽകിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 10,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

തുടർവർഷങ്ങളിൽ ചെലവ് സംബന്ധിച്ച് കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതും, വിശദമായ വിനിയോഗ സാക്ഷ്യപത്രം കേരള സാമൂഹ്യസുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-67 പൂരകപോഷകാഹാരം- വകയിരുത്തിയതിലും അധികം ചെലവഴിച്ചു

പ്രോജക്ട് നം. - 28/19

അടങ്കൽ - 70,00,000/-(50,00,000/-വി.ഫ. (ജനറൽ), 20,00,000/-കേന്ദ്രവിഹിതം)

ചെലവ് - 82,42,591/- (50,00,000/- വി.ഫ. (ജനറൽ),

20,00,000/- കേന്ദ്രവിഹിതം (കൂടാതെ 1242591/- രൂപ കേന്ദ്രവിഹിതം അധികം ചെലവഴിച്ചു)

അങ്കണവാടി പൂരകപോഷകാഹാരം പ്രോജക്ടിലേക്ക് 2018-19 വർഷം അംഗീകാരം ലഭിച്ച ആകെ അടങ്കൽ തുക 70,00,000/-(വികസനഫണ്ട് 50,00,000/-, കേന്ദ്രവിഹിതം- 20,00,000/-) രൂപയാണ്. എന്നാൽ കേന്ദ്രവിഹിതം ഇനത്തിൽ തൻവർഷം 12,42,591/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട് (സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഇനത്തിൽ ചെലവില്ല).

i. അധികം ചെലവഴിച്ചതിൽ 10,00,000/- രൂപ 2017-18 ലെ വൗച്ചറുകൾ പ്രകാരമുള്ള ചെലവാണ്. അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് 2017-18 ലെ പ്രോജക്ട് നം. 113/18 -മായി ബന്ധപ്പെട്ട കേന്ദ്രവിഹിതമിനത്തിലെ 10,00,000/- രൂപ 2018 മെയ് മാസമാണ് മാറിയതെന്നും തുടർപദ്ധതിയായതിനാൽ മുടക്കം കൂടാതെ നടത്തുന്നതിനായി പ്രോജക്ട് സ്പിൽ ഓവർ ആക്കിയില്ല എന്നുമാണ് മറുപടി നൽകിയത്.

ii. ബാക്കിയുള്ള 2,42,591/-രൂപ 2018-19 വർഷത്തെവൗച്ചർ പ്രകാരമുള്ള ചെലവാണ് - മുൻവർഷത്തെ കേന്ദ്രഫണ്ട് മുഴുവൻ ചെലവാകാതിരുന്നതിനാൽ തുക അക്കൗണ്ടിൽ അവശേഷിച്ചിരുന്നെന്നും, ചെലവ് തുക കണക്കാക്കിയതിൽ വന്ന പിഴമൂലമാണ് 2,42,591/-രൂപ അധികം ചെലവഴിച്ചുപോയതെന്നുള്ള മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയത്.

ഭരണസമിതി അംഗീകരിച്ച്, ഡി.പി.സി. അംഗീകാരം ലഭിച്ചതിൽ അധികം തുക വിനിയോഗിച്ചത് നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-68 പ്ലാസ്റ്റിക് ഷ്രേഡിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു - പദ്ധതി നടപ്പായില്ല

പദ്ധതിയുടെ പേര് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കൽ (ടാ 319/19)

അടങ്കൽ തുക 10,00,000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ്)

ചെലവ് തുക 9,82,943/-

ബിൽ നം, തീയതി 1802024708620155166, 04.02.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് സൂപ്പർവൈസർ

നഗരസഭാതിർത്തിയിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുനരുപയോഗിക്കുന്നതിനായാണ് മേൽ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. സർക്കാർ ഉത്തരവ് (സാധാ)നം 1641/2017/ തസ്വഭവ, 19.5.2017, GO No3119/2016/LSGD, 1.7.2016 എന്നിവ പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പ്രസ്തുത കമ്പനിയുടെ പ്രൊപ്പോസലിൽ ഷ്രെഡിംഗ്, ബെയ് ലിംഗ്

മെഷിനറികൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് 1000 sq. feet ൽ കുറയാത്ത ഏരിയയിൽ ത്രീ ഫെയ്സ് ഇലക്ട്രിക് കണക്ഷനം, ജലവിതരണ സംവിധാനവും ഒരുക്കേണ്ടതാണെന്ന് നിർദേശിച്ചു. എന്നാൽ ഈ സംവിധാനങ്ങളൊന്നും ഒരുക്കാതെ, താൽക്കാലികമായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കെട്ടിടത്തിൽ സ്ഥാപിക്കുന്നത് പരിഗണിക്കാം എന്ന ഹെൽത്ത് സൂപ്പർവൈസറുടെ നിർദേശം കൗൺസിൽ അംഗീകരിക്കുകയും ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ 3.11.2018 ലെ ഇൻവോയിസ് നം 173/17-18 അനുസരിച്ച് 9,82,943/- രൂപ നൽകുകയും ചെയ്തു. മെഷീനറി ഇൻസ്റ്റാൾ ചെയ്യാതെ തന്നെ ഇൻസ്റ്റലേഷൻ ചാർജ്ജം(24,600/-രൂപ), സൂപ്പർവിഷൻ ചാർജ്ജം(41,000/-രൂപ) ഉൾപ്പെടെയുള്ള ചെലവ് തുകയാണ് കമ്പനിയ്ക്ക് നൽകിയിട്ടുള്ളത്. 26.12.2018 ൽ കമ്പനിയുമായി ഏർപ്പെട്ട കരാർ അനുസരിച്ച് ഇൻവോയിസ് തീയതി മുതൽ ഒരു വർഷമാണ് വാറണ്ടി, സൗജന്യ മെയിന്റനൻസ് കാലയളവായി നിശ്ചയിച്ചിരിക്കുന്നത്. നാളിതുവരെ പ്രസ്തുത മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയോ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽത്തന്നെ വാറണ്ടി, സൗജന്യ മെയിന്റനൻസ് എന്നിവ കാലഹരണപ്പെട്ടതുമാണ്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം 8/2020 തീയതി 18.01.2020 ന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള തൊഴക്കൽ വാർഡിൽ യൂണിറ്റ് നിർമ്മാണത്തിനുള്ള പണി ആരംഭിച്ചെങ്കിലും പരിസരവാസികളുടെ എതിർപ്പ് മൂലം പൂർത്തീകരിക്കാൻ സാധിച്ചില്ലെന്നും 1000 sq. feet ൽ കുറയാത്ത ഏരിയയിൽ ഉള്ള ഷെഡ്ഡും മറ്റ് അനുബന്ധ സംവിധാനങ്ങളും ലഭ്യമാകാത്ത സാഹചര്യത്തിൽ മെഷിനറികൾ സ്ഥാപിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. 2019-2020 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി മാർച്ച് 31നകം പ്രവർത്തനം ആരംഭിക്കും എന്നും അറിയിച്ചു.

അടിസ്ഥാന സംവിധാനങ്ങൾ ഒരുക്കാതെയും നിർവ്വഹണ ഏജൻസി ആവശ്യപ്പെടാതെയും മെഷിനറികൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് മുൻപ് ഇൻസ്റ്റലേഷൻ ചാർജ്ജം, സൂപ്പർവിഷൻ ചാർജ്ജം ഉൾപ്പെടെ മുൻകൂർ തുക നൽകിയത് ഗുരുതര വീഴ്ചയാണ്. ഇപ്രകാരം പത്ത് ലക്ഷത്തോളം വരുന്ന സർക്കാർ ഫണ്ട് ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ മറ്റ് വികസന പദ്ധതികൾക്ക് വിനിയോഗിക്കാൻ സാധിക്കാതെ നിഷ്ക്രിയമായ അവസ്ഥ സംജാതമായത് പരിശോധിക്കേണ്ടതാണ്. ദീർഘ വീക്ഷണം ഇല്ലാതേയും പ്രയോഗിക തലം പരിശോധിക്കാതേയും പദ്ധതി ആസൂത്രണം ചെയ്തതിൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും വർക്കിംഗ് ഗ്രൂപ്പിനും വീഴ്ച സംഭവിച്ചിട്ടുണ്ട്. വീഴ്ചകൾ പരിഹരിച്ച് പദ്ധതി പ്രവർത്തന ക്ഷമമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഉത്തരവാദികൾക്കെതിരെ ഉചിത നടപടി സ്വീകരിക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 9,82,943/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-69 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

പദ്ധതിയുടെ പേര് -ഹരിതകർമ്മ സേന രൂപീകരണം ( 327/19)

അടങ്കൽ തുക- 22,00,000/- രൂപ ( 10,12,429/- രൂപ CFC, 7,12,950/- രൂപ കേന്ദ്രാവിഷ്കൃതം, 4,74,621/- രൂപ സംസ്ഥാനാവിഷ്കൃതം)

ചെലവ് തുക - 3,27,906/-

ബിൽ നം, തീയതി 18020247086201439382, 20.03.2019 1,84,358/-

18020247086201477016, 22.3.2019 1,39,398/-

18020247086201457463, 21.3.2019 4,150/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് സൂപ്പർവൈസർ

ഹരിതകേരളം, ശുചിത്വ മാലിന്യ സംസ്കരണം എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി നഗരസഭാപ്രദേശത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിതകർമ്മസേന രൂപീകരിക്കുന്നതിനായി 44 വാർഡുകളിൽ നിന്നും 2 കുടുംബശ്രീ പ്രവർത്തകരെ വീതം തിരഞ്ഞെടുത്ത് യൂണിഫോം, ഐ.ഡി. കാർഡ്, വേതനം എന്നിവ നൽകുന്നതിനും, പ്രവർത്തനങ്ങൾക്കായുള്ള പരിശീലനം നൽകുന്നതിനും തുക ചെലവഴിച്ചു. പദ്ധതി നിർവ്വഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. 88 ഹരിതസേനാംഗങ്ങൾക്ക് യൂണിഫോം, ഐ ഡി കാർഡ് എന്നിവ നൽകുന്നതിനു തുക ചെലവഴിച്ചെങ്കിലും 22.3.2019 ലെ 86201477016 നമ്പർ ബിൽ പ്രകാരം 68 സേനാംഗങ്ങൾക്കാണ് വേതനം നൽകിയിരിക്കുന്നത്.

ശേഷിക്കുന്ന 20 പേർക്ക് ചെലവഴിച്ച തുക പാഴായി.

2. നഗരസഭയിൽ നാളിതുവരെ ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ സംഭരിക്കുന്ന പ്ലാസ്റ്റിക് നിർമാർജ്ജനം ചെയ്യുന്നതിന് സംവിധാനമില്ല. ഏകദേശം ഒരു ടൺ നഗരസഭാ കാര്യാലയത്തിലെ കോമ്പൗണ്ടിനുള്ളിലും രണ്ട് ടൺ നഗരസഭയുടെ വിവിധ ഭാഗങ്ങളിലും സൂക്ഷിച്ചിരിക്കുന്നതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (24/2020) അറിയിച്ചു. ഇത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കുന്നതാണ്.

3. വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും കളക്ഷൻ ചാർജ്ജായി പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ ലഭ്യമല്ല. യൂസർ ഫീയിനത്തിൽ മാസംതോറും 60/- രൂപ നിരക്കിൽ ഈടാക്കുന്നതിനാണ് കൗൺസിൽ തീരുമാനം ഉണ്ടായിട്ടുള്ളത്. 2018 ഫെബ്രുവരി മാസം മുതൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചെങ്കിലും യൂസർ ഫീ കളക്ട് ചെയ്യുന്നതിനുള്ള രസീത് പ്രിന്റ് ചെയ്ത് സേനാംഗങ്ങൾക്ക് നൽകുന്നതാണെന്ന് അറിയിച്ചു.

4. 88 സേനാംഗങ്ങൾക്ക് എബ്ലം തുന്നിച്ചേർത്ത ഓവർകോട്ട് ഉൾപ്പെടുന്ന യൂണിഫോം തയ്ക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (480/- രൂപ നിരക്കിൽ) പി ബി കുടുംബശ്രീ സ്റ്റിച്ചിംഗ് സെന്റർ പ്രൊപ്രൈറ്ററായ ശ്രീമതി ഷീജ കുമാരിയ്ക്ക് 20.3.2019 ലെ ബിൽ നം 86201439382 പ്രകാരം 42240/- (88*480) കൊടുക്കുന്നതിന് പകരം 46,640/- നൽകിയിരിക്കുന്നു. ഈ വിഷയത്തിന് നൽകിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ നഗരസഭയുടെ എംബ്ലം പ്രിന്റ് ചെയ്യുന്ന വിഷയം പരാമർശിച്ചില്ല എന്നാണ് അറിയിച്ചത്. എന്നാൽ ക്വട്ടേഷനിൽ എബ്ലം തുന്നിച്ചേർത്ത ഓവർകോട്ട് ഉൾപ്പെടുന്ന യൂണിഫോം തയ്ക്കുന്നതിനാണ് തുക ക്വാട്ട് ചെയ്തിരിക്കുന്നത്. മറുപടി സ്വീകാര്യമല്ലാത്തതിനാൽ അധികം നൽകിയ തുക (4400/-) തിരികെ ഈടാക്കേണ്ടതാണ്. മേൽ അപാകതകൾക്കുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-70 സാന്ത്വന പരിചരണം-മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ - 237/19

പ്രോജക്റ്റിന്റെ പേര് - പാലിയേറ്റീവ് കെയർ യൂണിറ്റ്

അടങ്കൽ തുക – 25,00,000/-രൂപ

ചെലവ് തുക – 23,23,340/-രൂപ

ഫണ്ടിനം - വികസന ഫണ്ട് (ജനറൽ)

പാലിയേറ്റീവ് കെയർ യൂണിറ്റ് എന്ന പ്രോജക്റ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015ലെ സാന്ത്വന പരിചരണ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.6.14 പ്രകാരം സന്നദ്ധ പ്രവർത്തകർക്ക് വർഷത്തിൽ ഒരു തവണ നടത്തുന്ന ഏകദിന തുടർപരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ഭക്ഷണച്ചെലവുകൾക്കായി ഒരാൾക്ക് പരമാവധി 60/-രൂപ നിരക്കിൽ ചെലവാക്കാവുന്നതാണ്. കൂടാതെ പരിശീലനത്തിന്റെ മറ്റു ചെലവുകൾക്കായി പരമാവധി 2,000/-രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് മറ്റു ചെലവുകൾക്ക് 4,900/-രൂപ ചെലവാക്കി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37ന് ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ അപാകതകളുണ്ടാകാതിരിക്കാൻ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
2. സബ്സിഡി മാർഗ്ഗരേഖ, സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ, തീയതി 14.02.2018, ഖണ്ഡിക 7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ NACയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ സാന്ത്വന പരിചരണത്തിന് വാങ്ങിയ ആയുർവ്വേദ മരുന്നുകളുടെ (75,000/-രൂപ) NAC ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37ന് ആയുർവ്വേദ ഫാർമസിസ്റ്റാണ് പ്രസ്തുത രേഖകൾ സൂക്ഷിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനാ വിധേയമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-71 മരുന്നു വാങ്ങൽ - ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ - 242/19

പ്രോജക്ടിന്റെ പേര് - PHC ഓലത്താന്നി - മരുന്ന വാങ്ങലും പ്രതിരോധ കുത്തിവയ്പും

അടങ്കൽ തുക – 2,50,000/-

ചെലവ് - 2,25,000/-രൂപ

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നമ്പർ - 13/18-19, തീയതി 14.02.2019

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന വാങ്ങുന്നതിന് 2,25,000/-രൂപയിൽ 2,10,641/-രൂപയുടെ ചെലവു രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 14,359/-രൂപയുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 14,359/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-72 ഗവ. സ്കൂളുകൾക്ക് മൈക്രോസ്കോപ്പ് വിതരണം - അപാകതകൾ

പ്രോജക്ട് നമ്പർ - 318/19

പ്രോജക്ടിന്റെ പേര് - ഗവ. സ്കൂളുകൾക്ക് മൈക്രോസ്കോപ്പ്.

അടങ്കൽ തുക – 1,00,000/-രൂപ

ചെലവ് - 94,140/-രൂപ

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നമ്പർ - 30/18-19, 22.03.2019

ഗവൺമെന്റ് സ്കൂളുകൾക്ക് മൈക്രോസ്കോപ്പ് വാങ്ങി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ക്വട്ടേഷൻ നടപടിയിലൂടെ Dream India School Aid, കാഞ്ഞിരപ്പള്ളി എന്ന് സ്ഥാപനത്തിൽ നിന്ന് 7,845/-രൂപ നിരക്കിൽ 12മൈക്രോസ്കോപ്പുകൾ വാങ്ങി. വാങ്ങിയ മൈക്രോസ്കോപ്പുകൾ താഴെപ്പറയുന്ന സ്കൂളുകൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മൈക്രോസ്കോപ്പിന്റെ എണ്ണം |
|---|---|---|
| 1 | ഗവ. ഗേൾസ് ഹൈസ്കൂൾ | 2 |
| 2 | ഗവ. ബോയ്സ് ഹൈസ്കൂൾ | 2 |
| 3 | MTHS ഊരൂട്ടുകാല | 2 |
| 4 | ഗവ. ഹൈസ്കൂൾ, പെരുമ്പഴുതൂർ | 2 |
| 5 | LMS HS അമരവിള | 2 |
| 6 | വിക്ടറി ഹൈസ്കൂൾ, ഓലത്താന്നി | 1 |
| 7 | PGHVHS പുല്ലാമല | 1 |

പ്രസ്തുത സ്കൂളുകളിൽ ക്രമ നമ്പർ 5,6,7 എന്നിവ എയിഡഡ് സ്കൂളുകളാണ്. ഗവ. സ്കൂളുകൾക്കായി പദ്ധതി രൂപീകരിച്ചതിനു ശേഷം എയ്ഡഡ് സ്കൂളുകൾക്കും അതിന്റെ ആനുകൂല്യം നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 63ന് ലഭ്യമായ മറുപടി നിലവിൽ സർക്കാർ സ്കൂളുകൾക്ക് ആവശ്യാനുസരണം മൈക്രോസ്കോപ്പുകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് എയിഡഡ് സ്കൂളുകൾക്ക് മൈക്രോസ്കോപ്പ് വിതരണം ചെയ്തതെന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കാതെ പദ്ധതി രൂപീകരിച്ചതിനാലാണ് ഇത്തരം അപാകതയുണ്ടായത്. ഭാവിയിൽ പദ്ധതി രൂപീകരണ വേളയിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-73 സാക്ഷരതാ തുല്യതാപരിപാടി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ - 286/19

പ്രോജക്ടിന്റെ പേര് - സാക്ഷരതാ തുല്യതാ പരിപാടി

അടങ്കൽ തുക – 4,00,000/-രൂപ

ചെലവുതുക – 22,800/-രൂപ

ഫണ്ടിനം - വികസന ഫണ്ട് (ജനറൽ)

ബിൽ നമ്പർ - 15/18-19, 28.12.2018

നഗരസഭാ പ്രദേശത്ത് വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ആൾക്കാരെ തുല്യതയിലെത്തിക്കാൻ വേണ്ടിയുള്ള സാക്ഷരതാ പ്രവർത്തനത്തിനായിട്ടാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. എന്നാൽ 31.10.2018ന് നടന്ന പഠിതാക്കളുടെ സംഗമത്തിന് ഭക്ഷണം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 65/2020ന് ലഭ്യമായ മറുപടിയിൽ പഠിതാക്കളുടെ സംഗമത്തിൽ പങ്കെടുക്കുന്നവരിൽ അധികംപേരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരായതിനാലാണ് സാക്ഷരതാ പ്രേരകിന്റെ അപേക്ഷ പ്രകാരം തുക അനുവദിച്ചതെന്നാണ്. ഭാവിയിൽ പദ്ധതി എന്താവശ്യത്തിനാണോ രൂപീകരിക്കുന്നത് പ്രസ്തുത ആവശ്യത്തിനു തന്നെ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ ശ്രദ്ധ ആവശ്യമാണ്.

# 1-74 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - ക്യാഷ് ബുക്ക് യഥാവിധി പരിപാലിച്ചിട്ടില്ല

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ക്യാഷ് ബുക്കിൽ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചെലവ് വിവരങ്ങൾ മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ പ്രതിമാസ, വാർഷിക വരവു ചെലവു കണക്കുകളും തയ്യാറാക്കിയിട്ടില്ല. വരവു, ചെലവുകൾ ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തി നീക്കിയിരിപ്പുകൾ ശരിയാണെന്ന് ഉറപ്പിച്ചിട്ടില്ല.

ക്യാഷ് ബുക്ക് പ്രകാരം 2018-19 ലെ ആകെ ചെലവ് 49,31,098/- രൂപയാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.2018 ലെ മുന്നിരിപ്പ് 2508999.50 രൂപയും 2018-19 ലെ വരവ് 75,29,789/-രൂപയും, വർഷാന്ത്യ നീക്കിയിരിപ്പ് 50,92,001.50 രൂപയുമാണ്. ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 41/24.01.2020) ബാങ്ക് ചാർജ്ജുകൾ, ബാങ്കിൽ നിന്നും റിട്ടേൺ വന്ന തുകകൾ രേഖപ്പെടുത്താത്തതിനുള്ള പിഴവുകൾ എന്നിവയാണ് വ്യത്യാസത്തിനു കാരണം എന്ന മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിക്കേണ്ടതും, തുടർന്നുള്ള ഓഡിറ്റുകളിൽ ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

# 1-75 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുവാൻ തയ്യാറാകണം

ഗ്രാമങ്ങൾ തോറും ദാരിദ്ര്യലഘൂകരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയ്ക്ക് സമാന ചിന്താഗതിയോടുകൂടി നഗരങ്ങളിൽ കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരസഭകളിൽ സെക്രട്ടറിയാണ് ഈ പദ്ധതിയുടെ നോഡൽ ഓഫീസർ, കൂടാതെ ഈ പദ്ധതി സുഗമമായി നടത്തിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ അല്ലെങ്കിൽ ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർ അടങ്ങുന്ന വിഭാഗവും ആവശ്യമാണ്. മഴക്കുഴി നിർമ്മാണം, പച്ചക്കറികൃഷി, സ്കൂൾ, അങ്കണവാടികൾക്ക് ചുറ്റുമതിൽ നിർമ്മാണം, ഭൂവികസനം, കോളനി നവീകരണ പ്രവൃത്തികൾ തുടങ്ങിയവ ഏറ്റെടുക്കാവുന്ന പ്രവൃത്തികളാണ്. 2018-19ൽ ഓട, കനാൽ, കുളം, തോട് തുടങ്ങിയവയുടെ വൃത്തിയാക്കലും നവീകരണവും ഉള്ള 44 പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്. സാമ്പത്തിക വർഷാവസാനം അക്കൗണ്ടിൽ 50,92,001.50/- രൂപ അവശേഷിക്കുന്നുണ്ട്. ആസ്തി സൃഷ്ടിക്കാൻ പര്യാപ്തമായ പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 മരങ്ങൾ ലേലം ചെയ്തതിലൂടെ നഗരസഭയ്ക്കു നഷ്ടം (ഖ.1.26 ന്റെ വിശദാംശങ്ങൾ)

നെയ്യാറ്റിൻകര ഗവ.ആയുർവേദ ആശുപത്രി കോമ്പൗണ്ടിനുള്ളിൽ നിൽക്കുകയായിരുന്ന വൃക്ഷങ്ങൾ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ നിശ്ചയിച്ച മുഖവിലയേക്കാൾ വളരെ കുറഞ്ഞ തുകയ്ക്ക് (61% കുറവ്) ലേലം ചെയ്ത് വിറ്റതിലൂടെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടായി.

നെയ്യാറ്റിൻകര ഗവ.ആയുർവേദ ആശുപത്രിയുടെ പുതിയ ഒ.പി. കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുകയായിരുന്ന 2 അക്കേഷ്യ, 4 ബദാം, 1 കശുമാവ്, 1 മഞ്ഞണാത്തി എന്നിങ്ങനെ 8 മരങ്ങൾ ലേലം ചെയ്തു വിൽക്കാനുള്ള അനുമതിക്കും വില നിർണ്ണയത്തിനുമായി ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) സി-121/2018 നം. കത്തിലൂടെ ആവശ്യപ്പെട്ടതനുസരിച്ച് തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസി. ഫോറസ്റ്റ് കൺസർവേറ്റർ (22.10.2018 ലെ എസ്.എഫ്.എ2-2794 നം. കത്ത്) പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിയും മുഖവിലയും നിർണയിച്ചു നൽകി. 26,664/-രൂപയാണ് മുഖവിലയായി നിശ്ചയിച്ചത്. ഇതിനെ തുടർന്ന് 29.11.2018 ലെ കൗൺസിൽ യോഗം 1 ആം നമ്പർ തീരുമാനത്തിലൂടെ മരങ്ങൾ ലേലം ചെയ്യുന്നതിന് ചീഫ് മെഡിക്കൽ ഓഫീസറെ (ആയുർവേദം) ചുമതലപ്പെടുത്തി. 17.01.2019 ൽ നടത്തിയ ലേലത്തിൽ ആരും തന്നെ പങ്കെടുക്കുവാൻ എത്തിയില്ല എന്നാണ് സി-12/19 ലെ കത്തിലൂടെ ചീഫ് മെഡിക്കൽ ഓഫീസർ നഗരസഭയെ അറിയിച്ചിട്ടുള്ളത്. നഗരസഭ സെക്രട്ടറിയുടെ 11.02.2019 ലെ ഇ3/121069/18 നം. അധികാരപത്രം പ്രകാരം 14.02.19ന് പരസ്യമായി ലേലം ചെയ്യുന്നതിന് റവന്യൂ ഇൻസ്പെക്ടർ ശ്രീ. ബിജു. പി. എസിനെ ചുമതലപ്പെടുത്തുകയുണ്ടായി. 14.02.19 ന് നടന്ന ലേലത്തിൽ മൂന്ന് പേർ പങ്കെടുത്തു. 10,000/-രൂപയിൽ ആരംഭിച്ച ലേലം വിളി 10,300/-രൂപയ്ക്ക് സ്ഥിരപ്പെടുത്തി. 01.03.2019 ലെ 3 ആം നമ്പർ കൗൺസിൽ തീരുമാനം ഇതിന് അംഗീകാരവും നൽകി.

തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ മുഖവില നിശ്ചയിച്ച 26,664/-രൂപ ലേലം വിളി ആരംഭിക്കേണ്ടിയിരുന്നത്. ഇതിനെക്കാൾ വളരെ കുറഞ്ഞ തുകയായ 10,000/-രൂപയ്ക്ക് (ലേല ഡയറി പ്രകാരം) ലേലം വിളി ആരംഭിക്കേണ്ടിവന്നതിന്റെ സാഹചര്യം ബന്ധപ്പെട്ട ഫയലിൽ വ്യക്തമാക്കിയിട്ടില്ല. മുഖവില പുനർ നിർണ്ണയിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി ഡിവിഷനെ സമീപിച്ചിട്ടില്ല. ഇതു സംബന്ധിച്ച് 23.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.30ന് ലഭ്യമാക്കിയ മറുപടിയിൽ 27,000/-രൂപയിൽ ലേലം വിളി ആരംഭിച്ചെങ്കിലും ആരും തന്നെ കൂട്ടിവിളിച്ചില്ല. തുടർന്ന് ടി തുക കൂടുതലാണെന്നും ആയതിനാൽ തുക കുറയ്ക്കണമെന്നും ലേലക്കാർ ആവശ്യപ്പെട്ടു. 20,000/-രൂപയിൽ ലേലം വിളി ആരംഭിച്ചു. ടി മരങ്ങൾ പാഴ്മരങ്ങൾ ആയതിനാലും മതിപ്പുകൂലി, കയറ്റിറക്ക്, ജി.എസ്.ടി എന്നിവ ഉൾപ്പെട്ടതിനാൽ 10,000/-രൂപയ്ക്ക് മുകളിൽ വിളിച്ചാൽ നഷ്ടം സംഭവിക്കുമെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് 10,000/-രൂപയ്ക്ക് പുനർലേലമായതിനാൽ ലേലം വിളി ആരംഭിച്ചതെന്ന് ആർ. ഐ റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പക്ഷെ 14.02.2019 ലെ ലേലം വിളി ആരംഭിച്ചത് 10,000/- രൂപയിലാണെന്ന് വ്യക്തമായി ലേലഡയറിയിൽ രേഖപ്പെടുത്തിയതിനാലും മറ്റു രേഖകളൊന്നും തന്നെ ഫയലിൽ

ഇല്ലാത്തതിനാലും ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ലേലത്തിൽ പിടിച്ച വ്യക്തി 1,500/-രൂപ നിരതദ്രവ്യം കഴിച്ച് വനവികസന നികുതിയും (5%) ജി.എസ്.ടി.യും (18%) ചേർത്ത് 11,263/-രൂപ 5.03.2019 ലെ 01/118160111302 നം. രസീത് പ്രകാരം നഗരസഭയിൽ ഒടുക്കുകയും ചെയ്തു.

മുഖവിലയേക്കാൾ ഇത്രയും കുറഞ്ഞ തുകയിൽ ലേലം ആരംഭിക്കേണ്ടിവന്ന സ്ഥിതിവിശേഷം സംജാതമായതിനാലും മരങ്ങൾ മുറിക്കേണ്ടത് അത്യാവശ്യമായതിനാലും നഗരസഭയുടെ സ്വന്തം ചെലവിൽ മുറിച്ചതിനുശേഷം തടികൾ ലേലം ചെയ്തു വിൽക്കുകയാണെങ്കിൽ കൂടുതൽ തുക ലഭിക്കുമായിരുന്നോ എന്ന സാഹചര്യം നഗരസഭയ്ക്കു പരിശോധിക്കാമായിരുന്നു. ഇത്തരം സാധ്യതകൾ കണക്കിലെടുക്കാതെ മുഖവിലയെ അപേക്ഷിച്ച് കുറഞ്ഞ തുകയ്ക്ക് ലേലം ചെയ്തതിനാൽ നഗരസഭഫണ്ടിന് നഷ്ടമുണ്ടായതായി കാണുന്നു. ആയതിനാൽ നഷ്ടതുക 16,364/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 കാലാവധി കഴിഞ്ഞിട്ടും ലേലതുക പിരിച്ചെടുത്തിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിൽ ജനറൽ ആശുപത്രി ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഡോർമിറ്ററി കം കംഫർട്ട് സ്റ്റേഷനിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം 4,18,000/-രൂപയ്ക്ക് ലേലം കൊണ്ടിട്ടുള്ള ശ്രീ. അനിൽകുമാർ. പി, കുളത്തിൻകര മേലെ പുത്തൻവീട്, മാങ്കോട്ടുകോണം, അമരവിള. പി.ഒ. എന്ന വ്യക്തി 1,04,500/-രൂപ മാത്രം നഗരസഭയിൽ ഒടുക്കിയതിനു ശേഷം നഗരസഭയുമായി കരാറിലേർപ്പെടാതെ അനധികൃതമായി ഫീസ് പിരിവ് നടത്തിയിരിക്കുന്നു.

ലേല കുടിശ്ശിക ആവശ്യപ്പെട്ട് നഗരസഭ ലേലക്കാരന് രണ്ടു തവണ നോട്ടീസ് നൽകിയെങ്കിലും (14.11.18, 01.01.19തീയതികളിലെ പി/22990/17 നം.നോട്ടീസുകൾ) ഫലമുണ്ടായില്ല. നഗരസഭ ലേലം കൊണ്ടിട്ടുള്ള വ്യക്തിയുമായി കരാറിലേർപ്പെടാത്തത് ലേല നടപടിക്രമങ്ങളുടെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. കൃത്യസമയത്ത് എഗ്രിമെന്റിൽ ഏർപ്പെടാതിരുന്നത് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നിയമ നടപടിക്ക് തടസ്സം നേരിടുന്നതാണ്.

ഇതു സംബന്ധിച്ച് 22.01.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.27ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക തുക ഈടാക്കുന്നതിന് ടിയാനുവേണ്ടി സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്ന അനുജ & അനുഷ്മ D/O വിജയകുമാർ പേർക്ക് RR. Reg. No. 2019/8635/01 തീയതി. 14.05.2019 പ്രകാരം ഓൺലൈനായി ജില്ലാകളക്ടർക്ക് ശിപാർശ അയച്ചിട്ടുണ്ട് എന്നു വിശദീകരിച്ചിട്ടുണ്ട്. ഈ മറുപടി തൃപ്തികരമല്ല. ലേലതുകയിൽ ശേഷിക്കുന്ന 3,13,500/- രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കാത്ത പക്ഷം നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 രാമേശ്വരം വാർഡിൽ മൂഴിയാംതോട്ടം കരിയിൽ തോട്ടം റോഡ് പുനരുദ്ധാരണം - കൾവർട്ട് നിർമ്മാണം - അപാകതകൾ - 82,535/-രൂപ തിരികെ ഈടാക്കണം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | - | 415/19 |
| അടങ്കൽ തുക | - | 25,00,000/- |
| ചെലവ് തുക | - | 19,98,493/- |
| ഫണ്ടിനം | - | വികസന ഫണ്ട് |
| എം. ബുക്ക് | - | 138/17-18 |
| ബിൽ നമ്പർ | - | 384471/30.07.18 |
| എസ്റ്റിമേറ്റ് ആധാരം | - | DSR 16 with CI 44.12% |

| | | |
|---|---|---|
| കോൺട്രാക്ടർ | - | മധു |

മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിലെ അപാകതകളും, അതിൻമേലുണ്ടായ നഷ്ടത്തിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

1. പൊതു നിർമ്മാണ പ്രവർത്തനങ്ങളും പൊതു ആവശ്യത്തിനുള്ള വാങ്ങലുകളും നടത്തുന്നതിനുള്ള പ്രോജക്ട് രൂപീകരണ ഫോറം 2ലെ ക്രമനമ്പർ 36ലെ നിലവിലുള്ള ആസ്തി മെച്ചപ്പെടുത്തുന്നതിനോ വിപുലപ്പെടുത്തുന്നതിനോ വേണ്ടിയുള്ള പ്രവൃത്തിയാണെങ്കിൽ ആസ്തി രജിസ്റ്ററിലുള്ള യുണീക് നമ്പർ രേഖപ്പെടുത്താതെയും ക്രമ നമ്പർ 37ലെ ആസ്തി നിർമ്മാണ സ്ഥലത്തിന്റെ വിവരങ്ങളും രേഖപ്പെടുത്താതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത ഭൂമിയിലെ നിർമ്മാണം നിയമപരമല്ല. ഭൂമിയടക്കം നിർമ്മിച്ച റോഡും കൾവർട്ടും ആസ്തി രജിസ്റ്ററിൽ നിയമം അനുശാസിക്കും വിധം കൊണ്ടുവരേണ്ടതുണ്ട്.

2. 130 മീറ്റർ നീളത്തിൽ 4 മീറ്റർ വീതിയിൽ ഇരുവശവും കോൺക്രീറ്റ് ചെയ്ത് ടൈം ബീം നിശ്ചിത അളവിൽ നൽകി മണ്ണ് നിറച്ചിട്ടുള്ള ഈ റോഡിന് 19,98,493/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ റോഡ് ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണമോ റോഡ് നിലനിൽക്കുന്ന രാമേശ്വരം വാർഡിന്റെ വാർഡു സഭയിൽ പ്രോജക്ട് നിർദ്ദേശം ഉന്നയിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല.

3.പ്രവൃത്തിയിൽ ഇനം (1)ലൂടെ 129.28ഘന മീറ്റർ മണ്ണ് ലഭിച്ചിട്ടുണ്ട്. Embankment നിർമ്മാണത്തിനായി ഇനം (7൭ൽ 960.12 ഘന മീറ്റർ മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ ലഭിച്ച മണ്ണിന്റെ അളവ് ആവശ്യമുള്ള മണ്ണിൽ നിന്നും കുറവ് ചെയ്യാതെ എസ്റ്റിമേറ്റ് അളവിൽ ബിൽ തയ്യാറാക്കിയിരിക്കുന്നു. 830.84 ഘന മീറ്റർ മണ്ണിനു തുക നൽകുന്നതിനു പകരം 901 ഘനമീറ്ററിന് തുക നൽകിയിട്ടുണ്ട്. അധികമായി 70.16 x 321.84 = 22,580/-രൂപ ചെലവഴിച്ചു. ലഭിച്ച മണ്ണ് ഉപയോഗയോഗ്യമല്ലെന്ന് അളവു പുസ്തകത്തിലോ, നിർദ്ദിഷ്ട ഫോറത്തിലോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അധികമായി നൽകിയ തുകയായ 22,580/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

4. പ്രവൃത്തി സ്ഥലം 08.01.2018ൽ കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുവാൻ 3മാസം നൽകിയിട്ടുണ്ടെങ്കിലും പണി പൂർത്തിയാക്കിയത് 30.06.2018നാണ്. PWD മാന്വൽ 2012, സെക്ഷൻ 2112.1 പ്രകാരം സമയം ദീർഘിപ്പിക്കുന്നതിന് കോൺട്രാക്ടർ അപേക്ഷ സമർപ്പിക്കുകയോ മറ്റു കാരണങ്ങളാൽ അസി. എഞ്ചിനീയർ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ പൂർത്തീകരണ സമയം കോൺട്രാക്ടർ ദീർഘിപ്പിച്ചതിനുള്ള പിഴ ഈടാക്കിയിട്ടില്ല.

| | | |
|---|---|---|
| ആദ്യ 30ദിവസത്തിനുള്ള പിഴ | - | കരാറു തുകയുടെ 1% = 19,985/- |
| ബാക്കി ദിവസങ്ങളിലേയ്ക്കുള്ള പിഴ | - | തുകയുടെ 2% = 39,970/- |
| പിഴയിനത്തിൽ ലഭിക്കേണ്ട 59,955/-രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്. | | |

നഷ്ടമായ ആകെ തുകയായ 82,535/-രൂപ തിരികെ ഈടാക്കിയ വിവരവും മറ്റു അപാകതകൾക്ക് സ്വീകരിക്കുന്ന തുടർനടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ഫോർട്ട് വാർഡിൽ ആലുംമൂട് സബ്റോഡ് നടപ്പാത ഓട നിർമ്മാണം, സ്ലാബ് & ഇന്റർലോക്ക് നിർമ്മാണം- അപാകതകൾ - 30,143/-രൂപ നിരാകരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | - | 230/19 |
| അടങ്കൽ തുക | - | 7,00,000/- |
| ചെലവ് തുക | - | 6,69,991/- |
| ഫണ്ടിനം | - | വികസന ഫണ്ട് |
| എസ്റ്റിമേറ്റ് ആധാരം | - | MORD with CI 44.12% |
| കോൺട്രാക്ടർ | - | ശ്രീ. ജയകുമാർ. ഡി. |
| എം. ബുക്ക് | - | 98/18-19 |
| ബിൽ നമ്പർ | - | 445532/17.08.18 |

പ്രവൃത്തിയുടെ എം. ബുക്കിലെ രേഖപ്പെടുത്തലുകളുടെ പരിശോധനയിൽ ഓടയ്ക്കായി 111.7മീറ്റർ നീളത്തിൽ മണ്ണ് മാറ്റി കുഴി എടുക്കുകയും തുടർന്ന് ഇതേ നീളത്തിൽ ബേസ് കോൺക്രീറ്റ് ഇടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓടയുടെ സൈഡ് വാൾ 104.2 മീറ്റർ നീളത്തിൽ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ 29.01.2020ൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. പരിശോധനയിൽ താഴെപറയുന്ന ന്യൂനതകൾ അളവ് പുസ്തകവുമായി വിലയിരുത്തുമ്പോൾ കാണുന്നുണ്ട്.

1. 220 കവറിംഗ് സ്ലാബുകൾ നിർമ്മിച്ചതിന് തുക നൽകിയിട്ടുണ്ടെങ്കിലും 217 സ്ലാബുകൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.
2. കവറിംഗ് സ്ലാബുകളുടെ കനം 15സെ.മീ. ആണെന്ന് എം. ബുക്കിൽ രേഖപ്പെടുത്തൽ ഉണ്ടെങ്കിലും 12സെ.മീറ്ററിൽ കുറവ് കനമാണ് സ്ലാബിനുള്ളത്.

മേൽ ന്യൂനതകളിലൂടെ നഷ്ടമായ തുകയുടെ വിവരം താഴെ പറയുന്നു.

<u>എ)സ്ലാബുകളുടെ എണ്ണത്തിൽ കുറവ്</u>

- **<u>ഇനം(7) - DSR കോഡ് 11.4.4-M20 ഉപയോഗിച്ചിട്ടുള്ള കോൺക്രീറ്റ്.</u>**

| | | |
|---|---|---|
| എം. ബുക്കിലെ അളവ് | - | 220x1.00x0.50x0.15 =16.50m$^3$ |
| ഒരു യൂണിറ്റിന്റെ നിരക്ക് | - | 8364.92 |
| നൽകിയ തുക | - | 138021.18 |
| കണക്കാക്കേണ്ടിയിരുന്ന അളവ് | - | 217x1.00x0.50x0.15 = 16.275m$^3$ |
| നൽകേണ്ടിയിരുന്ന തുക | - | 136139.07 |
| അധികമായി നൽകിയ തുക | - | 1,882/- |

- **<u>ഇനം(8) - DSR കോഡ് 11.8 – 10mm & 8mm TMT ഉപയോഗിച്ചിട്ടുള്ള Reinforcement.</u>**

| | | |
|---|---|---|
| എം. ബുക്കിലെ അളവ് | - | (220x6x0.95x0.617) + (220x7x0.45x0.395)=1047.44kg. = 1.04744tonne |
| ഒരു യൂണിറ്റിന്റെ നിരക്ക് | - | 72426.7667 |
| നൽകിയ തുക | - | 75862.69 |
| കണക്കാക്കേണ്ടിയിരുന്ന അളവ് | - | (217x6x0.95x0.617) + (217x7x0.45x0.395) = 1033.18Kg. = 1.03318 tonne |
| നൽകേണ്ടിയിരുന്ന തുക | - | 74829.89 |
| അധികമായി നൽകിയ തുക | - | 1032.80 |

**<u>ബി)സ്ലാബിന്റെ കനത്തിലെ കുറവ്</u>**

- ഇനം 7 – DSR കോഡ് 11.4.4-M20 ഉപയോഗിച്ചിട്ടുള്ള കോൺക്രീറ്റ്

| | | |
|---|---|---|
| എം. ബുക്കിലെ അളവ് | - | 217x1.00x0.50x0.15 = 16.275m$^3$<br>(3 സ്ലാബുകൾ കുറവ് ചെയ്ത എണ്ണം) |
| ഒരു യൂണിറ്റിന്റെ നിരക്ക് | - | 8364.92 |
| നൽകിയ തുക | - | 136139.07 |
| കണക്കാക്കേണ്ടിയിരുന്ന അളവ് | - | 217 x 1.00 x 0.50 x0.12 = 13.02m$^3$ |
| നൽകേണ്ടിയിരുന്ന തുക | - | 108911.25 |
| അധികമായി നൽകിയ തുക | - | 27227.82 |

അളവ് പുസ്തകത്തിലെ തെറ്റായ രേഖപ്പെടുത്തലുകൾ കാരണം നഷ്ടമായ 30,143/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# 3-3 അതിയന്നൂർ വാർഡിൽ മഠത്തുവിള നടപ്പാത, ഓട, സ്ലാബ് കോൺക്രീറ്റ് - അപാകതകൾ - 18,726/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ - 256/2019

അടങ്കൽ തുക – 4,95,000/-

ചെലവ് തുക – 3,56,894/-

ഫണ്ടിനം - വികസനഫണ്ട്

എസ്റ്റിമേറ്റ് ആധാരം - MORD with CI 44.12%

എം.ബുക്ക് - 53/2018-19

കോൺട്രാക്ടർ - ബാൽരാജ് (22 % below)

ബിൽ നമ്പർ - 56854/18.12.18

അളവു പുസ്തകത്തിലെ രേഖപ്പെടുത്തലുകളുടെ പരിശോധനയിൽ ഒരു മീറ്റർ വീതിയിൽ നിർമ്മിച്ച ഓടയുടെ കവറിംഗ് സ്ലാബ് നടപ്പാതയായി ഉപയോഗിക്കുന്നതിനാൽ സ്ലാബിന്റെ കനം 15 CM ആയി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എൻജിനീയറിംഗ് വിഭാഗവുമൊത്ത് 29.01.2020-ൽ നടത്തിയ സ്ഥലപരിശോധനയിൽ കവറിംഗ് സ്ലാബ് നടപ്പാതയായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ സ്ലാബിന്റെ കനം പരമാവധി 12 CM മാത്രമാണ് നൽകിയിട്ടുള്ളത്. ഈ ന്യൂനതയിലൂടെ താഴെ പറയുന്ന നഷ്ടം സംഭവിച്ചിട്ടുണ്ട്.

<u>ഇനം 5 – DSR കോഡ് 11.4.4 – M20 ഉപയോഗിച്ചിട്ടുള്ള കോൺക്രീറ്റ്</u>

എം ബുക്കിലെ അളവ് - 11.072 $m^3$

യൂണിറ്റ് നിരക്ക് - 8623.54

നൽകിയ തുക – 95479.83

കണക്കാക്കേണ്ടിയിരുന്ന അളവ്

1 x 2.20 x 1.00 x 0.12 = 0.264

1 x 4.50 x 1.00 x 0.12 = 0.540

1 x 2.20 x 1.00 x 0.12 = 0.27

1 x 2.75 x 1.00 x 0.12 = 0.33

2 x 0.50 x 1.00 x 0.12 = 0.12

1 x 2.40 x 1.00 x 0.12 = 0.288

1 x 2.45 x 1.00 x 0.12 = 0.294

1 x 2.75 x 1.00 x 0.12 = 0.330

1 x 2.70 x 1.00 x 0.12 = 0.324

1 x 3.60 x 1.00 x 0.12 = 0.432

1 x 0.70 x 1.00 x 0.12 = 0.084

1 x 2.85 x 1.00 x 0.12 = 0.342

1 x 2.90 x 1.00 x 0.12 = 0.348

1 x 2.70 x 1.00 x 0.12 = 0.324

1 x 2.90 x 1.00 x 0.12 = 0.348

15 x 0.50 x 1.00 x 0.12 = 0.9

13 x 0.50 x 0.90 x 0.12 = 0.702

4.5 x 0.50 x 1.00 x 0.12 = 0.27

1 x 2.65 x 1.00 x 0.12 = 0.318

1 x 2.90 x 1.00 x 0.12 = 0.348

1 x 2.80 x 1.00 x 0.12 = 0.336

1 x 2.80 x 1.00 x 0.12 = 0.336

1 x 2.85 x 1.00 x 0.12 = 0.342

1 x 2.75 x 1.00 x 0.12 = 0.330

1 x 2.85 x 1.00 x 0.12 = 0.342

**ആകെ = $\underline{8.862m^3}$**

നൽകേണ്ടിയിരുന്ന തുക = 76,421.82

അധികമായി നൽകിയ തുക = 19,058/-

നഷ്ടമായ തുക = 19,058/-ന്റെ 78%

**= 14,865/-**

**പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ ഈടാക്കിയില്ല.**

പ്രവൃത്തി സ്ഥലം 28.07.2018-ൽ വിട്ടു നൽകിയിട്ടുണ്ട്. 3 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. 12.11.2018-ലാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. PWD മാന്വൽ 2012, സെക്ഷൻ 2112.1 പ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പൂർത്തീകരണ കാലാവധിയുടെ 25% അധിക

സമയമായി നൽകുന്നതിനുള്ള തുക = കരാർ തുകയുടെ 1%

= 3,86,100/- ന്റെ 1%

**= 3,861/-**

പിഴയിനത്തിലും അളവു പുസ്തകത്തിലെ തെറ്റായി രേഖപ്പെടുത്തിയതിലൂടെയും നഷ്ടമായ 18,726/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-4 തൊഴുക്കൽ വാർഡിൽ വനിത ഹോസ്റ്റൽ നവീകരണം - ടൈൽ പാകൽ എന്ന ഇനം നടപ്പിലാക്കാതെ തുക നൽകി - 141207/- രൂപ നിരാകരിക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO 413/19 |
| ഫണ്ടിനം | : | വികസനഫണ്ട് |
| അടങ്കൽ തുക | : | 5,00,000/- |
| ചെലവ് തുക | : | 4,18,035/- |
| എസ്റ്റിമേറ്റ് ആധാരം | : | DSR 2016 with CI 44.12% |
| [illegible] | : | [illegible] |

| | | |
|---|---|---|
| കോൺട്രാക്ടർ | : | അനിൽ.k (1.5%below) |
| എം.ബുക്ക് | : | 167/17-18 |
| ബിൽ നമ്പർ | : | 67802/28.11.18 |

പ്ലംബിംഗ്, സാനിട്ടറി, മുറ്റം ടൈൽ പാകൽ, ചുറ്റമതിൽ പെയിന്റിംഗ് തുടങ്ങിയ 19 ഇനങ്ങളടങ്ങുന്ന മേൽ പ്രോജക്ട് നടപ്പിലാക്കി ഹോസ്റ്റൽ നവീകരണം പൂർത്തിയാക്കിയെങ്കിലും ഇതുവരെയും ഹോസ്റ്റൽ പ്രവർത്തിച്ച് തുടങ്ങാത്ത സാഹചര്യത്തിൽ, ഓഡിറ്റ് ടീം മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗത്തോടൊപ്പം ഹോസ്റ്റൽ സന്ദർശിക്കുകയുണ്ടായി. സന്ദർശന സമയത്ത് ഹോസ്റ്റലിന്റെ രണ്ടാംഘട്ട പ്രവർത്തനമെന്ന നിലയിൽ ഹോസ്റ്റലിന്റെ ഒന്നാം നിലയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മേൽ പ്രവൃത്തിയിൽ ഇനം 18 ആയി നടപ്പിലാക്കിയ ടൈൽ പാകൽ (Chequerred precast cement concreate tiles 22 mm thick in foot path & country yard [DSR code 11.20.1) പരിശോധനയിൽ കാണുവാൻ കഴിഞ്ഞിട്ടില്ല. എം.ബുക്ക് പ്രകാരം ടൈൽ പാകിയ സ്ഥലത്ത് നിലവിവിൽ മണ്ണ് നിറഞ്ഞും ലിഫ്റ്റ് സംവിധാനത്തിനായുള്ള കുഴിയും ആണ് ഉള്ളത്.

ചെയ്ത പ്രവൃത്തി

1 x16.40 x (6+6.25)1/2 = 106.10 (എം ബുക്ക് പ്രകാരം)

1 x 3 x 0.60 = 1.80

1 x 3 x0.60 = 1.80

ആകെ = 109.70 $m^2$

യൂണിറ്റ് നിരക്ക് = 1306.81

നൽകേണ്ട തുക = 143357.05

ചെലവായ തുക = 141206.70

വുമൻസ് ഹോസ്റ്റലിന്റെ നിർമ്മാണ ഘട്ടങ്ങൾ പൂർത്തിയാക്കിയതിനു ശേഷം നടപ്പിലാക്കേണ്ട പ്രവൃത്തി ദീർഘവീക്ഷണമില്ലാതെ ഇനമായി ഉൾപ്പെടുത്തുകയും, അതിലുപരി നടപ്പിലാക്കാതെ തുക നൽകിയതും ക്രമവിരുദ്ധമാണ്. ആയതിനാൽ ചെലവു തുകയായ 1,41,207/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 അടങ്കൽ തുക പരിധി പാലിച്ചില്ല – ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തി നടപ്പിലാക്കി - അധിക തുക തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | - | ഓലത്താന്നി PHC മെയിന്റനൻസ് |
| പ്രോജക്ട് നമ്പർ | - | 355/19 |
| ഫണ്ടിനം | - | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ തുക | - | 25,00,000/- |
| ചെലവ് തുക | - | 24,88,607/- |
| കൺവീനർ | - | ഡോ. ലിനി. എം.എസ്. |
| എസ്റ്റിമേറ്റ് ആധാരം | - | DSR 2016 CI 44.12% |
| കരാർ | - | 140/17-18 dtd. 18.12.2018 |
| എം. ബുക്ക് | - | 162/17-18 & 163/17-18 |
| ബിൽ നമ്പർ | - | 58661/24.09.2018 |
| ഓഡിറ്റ് അന്വേഷണം | - | 52/2020 dated 27.01.2020 |

ഹാജരാക്കിയ മേൽ പ്രവൃത്തിയുടെ ഫയലും അനുബന്ധരേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴ പറയുന്നു.

1. 02.02.2018ലെ സ.ഉ. (കൈ) നം.17/2018/ത.സ്വ.ഭ.വ. എന്ന ഉത്തരവിലെ 11.2.3(എ) പ്രകാരം 50,000/-രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവുന്നതാണ്. എസ്റ്റിമേറ്റ് പരിധിയുടെ 50 മടങ്ങ് അടങ്കലായുള്ള മേൽ പ്രോജക്ട് ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുവാൻ ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകി.
2. 13.11.2014ലെ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങിയിരിക്കേണ്ടതും ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ടിന്റേയും യഥാർത്ഥ ചെലവു രേഖകളുടേയും അഭാവത്തിൽ തുക നൽകിയിട്ടുണ്ട്.
3. പഴയ മേൽക്കൂര പൊളിച്ചു മാറ്റിയപ്പോൾ ലഭിച്ച ഉപയോഗയോഗ്യമായതും ഉപയോഗശൂന്യമായതുമായ സാധന സാമഗ്രികളുടെ സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകളുടെ സാഹചര്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ പറയുന്നു.

1. ഇനം 5 ആയി മേൽക്കൂരയ്ക്കായി DSR Code 12.50 പ്രകാരം GI profile sheet ന്റെ കനം 0.50 mm കണക്കാക്കി തുക നൽകി. എന്നാൽ 0.45mm കനത്തിലുള്ള ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളത്.

| | | |
|---|---|---|
| ചെയ്ത പ്രവൃത്തിയുടെ അളവ് | - | $702.68m^2$ |
| യൂണിറ്റ് നിരക്ക് (0.50mm) | - | $776.8/m^2$ |
| നൽകിയ തുക | - | 545841.82 |
| യൂണിറ്റ് നിരക്ക് (0.45mm) | - | $654.69/m^2$ |
| നൽകേണ്ട തുക | - | 460037.57 |
| അധികമായി നൽകിയ തുക | - | 85804.25 |

2. പഴയ മേൽക്കൂര പൊളിച്ചു മാറ്റിയപ്പോൾ ലഭ്യമായ തടിയിലുള്ള കഴുക്കോലുകളും ഷീറ്റ് സ്ഥാപിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. എം. ബുക്ക് പ്രകാരം ഇനം 20ൽ DSR Code 50.10.1 അനുസരിച്ച് GI pipe ഉപയോഗിച്ചാണ് ഷീറ്റ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനായി 3,87,186/-രൂപ ചെലവഴിച്ചിട്ടുണ്ട് തടിയിലുള്ള കഴുക്കോലുകളുടെ ഉപയോഗം അളവു പുസ്തകത്തിൽ രേഖപ്പെടുത്താത്തതിനാൽ തുക നഷ്ടമായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (52/27.1.2020) മറുപടി ലഭ്യമാക്കിയില്ല.
അധികമായ നൽകിയ തുകയായ 85804/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. നിരാകരിച്ച തുക മാറ്റിയിട്ടുള്ള ചെലവു തുകയായ 24,02,803/- രൂപ തടസ്സപ്പെടുത്തുന്നു. അപാകത (1) (2) & (3) ൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾക്കു മേൽ വ്യക്തമായ മറുപടികളും മതിയായ രേഖകളും ഹാജരാക്കാതിരുന്നാൽ തടസപ്പെടുത്തിയ തുക നിരാകരിക്കുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.08.2019 മുതൽ 16.08.2019 വരെ | കെ.എസ്.എ.റ്റി.വി.എം.എൽ/1594/2019, 21.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ (ടി.എസ്.പി) (485/19) | 5,16,890/- | 0 | 5,16,890/- |
| കെ.ഡബ്ല്യൂ.എ | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (284/19) | 44,66,000/- | 0 | 44,66,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. | ലഭ്യമായില്ല | 9600000 | - | - | - | 9600000 |
| ഇ.എം.എസ്. ലോൺ * | ലഭ്യമായില്ല | 50000000 | 10000000 | 5000000 | | 5000000 |

*ഖണ്ഡിക 1-11(ഡി), 1-48 എന്നിവ കാണുക

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 1 | 2010-11 | 3-16 (എ) (ഭാഗികം)<br>3-16 (ബി) (ഭാഗികം) | 2,696/- | ശ്രീമതി. ഷീജ, മുനിസിപ്പൽ എഞ്ചിനീയർ |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 54 | 2003-04 | 6.1.1 | പദ്ധതി തുക വകമാറ്റിയത് | |
| 1999-00 | 59 | 2003-04 | 6.1.2 | താലൂക്ക് ആശുപത്രിയിൽ പൈറലേറ്റർ സ്ഥാപിച്ചത് | |
| 1999-00 | 62 | 2003-04 | 6.1.3 | മരാമത്ത് പ്രവൃത്തികൾ | |
| 1999-00 | 63 | 2003-04 | 6.1.4 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ | |
| 1999-00 | 64 | 2003-04 | 6.1.5 | കുടിവെള്ള പദ്ധതികൾ | |
| 1999-00 | 80 | 2003-04 | 6.1.6 | ലേലം | |
| 1999-00 | 94 | 2003-04 | 6.1.7 | മണൽ ലേലം | |
| 1999-00 | 95 | 2003-04 | 6.1.8 | ഷോപ്പിംഗ് കോംപ്ലക്സ് | |
| 2000-01 | 2.28 | 2005-06 | 6.1 | മെറ്റലിംഗ്, ടാറിംഗ് | |
| 2000-01 | 2.23 | 2005-06 | 6.2 | വകമാറ്റി ചെലവ് | |
| 2000-01 | 2.35 | 2005-06 | 6.3 | റോഡ് നിർമ്മാണം | |
| 2001-02 | 2.12 | 2006-07 | 4.6.1 | അക്ഷയ കോംപ്ലക്സ് | |
| 2001-02 | 2.13.3 | 2006-07 | 4.6.2 | അക്ഷയ കോംപ്ലക്സ് | |
| 2014-15 | 6-1 | 2014-15 | 6-1 | തൊഴിൽരഹിത വേതനം 13.35 ലക്ഷം രൂപയുടെ പണാപഹരണം | തുടർനടപടികൾ സ്വീകരിച്ചുവരുന്നു |
| 2014-15 | 4.1.1<br>4.1.2<br>4.1.3<br>4.1.4 | 2014-15 | 4.1.4 | നിഷ്ക്രിയാസ്തികൾ | തുടർ നടപടികൾ സ്വീകരിച്ചുവരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 489657458 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42,35,17,770.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3,29,864.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 358415 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 22005965 |

**(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 16,364/- | | ശ്രീ. സജി എസ്.എസ്, സെക്രട്ടറി |
| 2-2 | 3,13,500/- | | ശ്രീ. സജി എസ്. എസ്, സെക്രട്ടറി |
| 3-1 | | 82,535/- | ശ്രീ. എസ്. ജനാർദ്ദനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 30,143/- | ശ്രീ. എസ്. ജനാർദ്ദനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 18,726/- | ശ്രീ. എസ്. ജനാർദ്ദനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 1,41,207/- | ശ്രീ. എസ്. ജനാർദ്ദനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 85804/- | ശ്രീ. എസ്. ജനാർദ്ദനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3,29,864/- | 358415/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-42 | 26,29,056/- | ശ്രീ. സജി എസ്. എസ്, സെക്രട്ടറി |
| 1-45 | 49,82,890/- | ശ്രീ. സജി എസ്. എസ്, സെക്രട്ടറി |
| 3-5 | 24,02,803/- | ശ്രീ. എസ്. ജനാർദ്ദനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-56 | 7899914/- | ശ്രീ. എസ്. ജനാർദ്ദനൻ നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-63 | 15,94,000/- | ശ്രീമതി. ഗീത. എസ്, പട്ടികജാതി വികസന ഓഫീസർ |
| 1-64 | 5,00,000/- | ശ്രീമതി. ഗീത. എസ്, പട്ടികജാതി വികസന ഓഫീസർ |
| 1-66 | 10,00,000/- | ശ്രീമതി. ഷീബ എസ്.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-68 | 9,82,943/- | ശ്രീ. പി.കെ.ശശികുമാർ, ഹെൽത്ത് സൂപ്പർവൈസർ |
| 1-71 | 14,359/- | ഡോ. ലിനി എം.എസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സജി എസ്.എസ്, സെക്രട്ടറി | സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ | സുജാത മന്ദിരം, തച്ചർ വിളാകം, പെരുങ്കുഴി.പി.ഒ |
| ശ്രീ. എസ്. ജനാർദ്ദനൻ | സർവ്വീസിൽ നിന്നും | ജ്യോതിഷ്,ആനാകോട്, |

| | | |
|---|---|---|
| നായർ, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | വീരണംകാവ്.പി.ഒ |
| ശ്രീമതി. ഗീത. എസ്, പട്ടികജാതി വികസന ഓഫീസർ | മരണപ്പെട്ടു | പത്മസദനം, പാച്ചല്ലൂർ |
| ശ്രീമതി. ഷീബ. എസ്.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | - | മേഴ്സി നിവാസ്,പെരുകാവ്.പി.ഒ |
| ശ്രീ. പി.കെ.ശശികുമാർ, ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, നെയ്യാറ്റിൻകര നഗരസഭ | സൈന്ധവം, ഊരുട്ടുകാല, കണിയാംകുളത്തിന് സമീപം,നെയ്യാറ്റിൻകര |
| ഡോ.ലിനി എം.എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി എച്ച് സി. ഓലത്താന്നി, നെയ്യാറ്റിൻകര നഗരസഭ | അതുല്യ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ 1203/03, തീയതി 16.03.2004 | 47 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ | 38 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ 531/08 | 58 |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ 696/06, തീയതി 28.04.2006 | 69 |
| 2000-2001 | എൽ.എഫ്.റ്റി.ഡി.എം.എൽ 693/2005, തീയതി 03.05.2007 | 38 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ 1475/2006, തീയതി 21.07.2008 | 25 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ 1343/2008, തീയതി 14.05.2009 | 21 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ 1475/14, തീയതി 20.10.2014 | 46 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ 331/2009, തീയതി 15.05.2009 | 26 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ 1412/09, തീയതി 29.09.2012 | 16 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ 1413/09, തീയതി 03.07.2012 | 22 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ958/13 തീയതി 13.01.2014 | 14 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ1708/14 തീയതി 14.12.2014 | 19 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ23/15 തീയതി 04.09.2015 | 14 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ1999/14 തീയതി 15.12.2014 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ2080/14 തീയതി 18.12.2014 | 24 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ1142/15 തീയതി 27.07.2015 | 29 |
| 2013-14 | എൽ.എഫ്.റ്റി.ഡി.എം.എൽ | 29 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.റ്റി.വി.എംഎം.എൽ/1286/15, തീയതി 11.08.2016 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എംഎം.എൽ/52/16, തീയതി 11.01.2017 | 22 |
| 2016-17 | കെ.എസ്.എ.റ്റി.വി.എംഎം.എൽ/1933/17, തീയതി 06.10.2017 | 27 |
| 2017-18 | കെ.എസ്.എ.റ്റി.വി.എംഎം.എൽ/108/2019, തീയതി 19.03.2019 | 51 |

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള നഗരപാലിക നിയമത്തിന്റെ വകുപ്പ് 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **നെയ്യാറ്റിൻകര നഗരസഭയുടെ 2018-19-ലെ** വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

<u>ന്യൂനതകളുടെ സംഗ്രഹം</u>

ഖണ്ഡിക 1-11ൽ പരാമർശിച്ചിട്ടുണ്ട്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

# അനുബന്ധം-2 വരവ് ചെലവ് പത്രിക

1. രസീപ്റ്റ് & പേയ്മെന്റ്
2. ഇൻകം & എക്സ്പെന്റിച്ചർ
3. ബാലൻസ് ഷീറ്റ്

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**

**ജില്ലാ ഓഡിറ്റ് കാര്യാലയം,**

**തിരുവനന്തപുരം.**

## അനുബന്ധം -3 (ഖണ്ഡിക നമ്പർ 1-9-8(i) പ്രകാരം)

| ക്രമ നം | പ്രോജക്ട് നം | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 45/19 | 7,76,389/- | MF (R) |
| 2 | 47/19 | 2,32,123/- | CFC Grant |
| 3 | 65/19 | 1,44,034/- | CFC Grant |
| 4 | 68/19 | 2,99,570/- | CFC Grant |
| 5 | 70/19 | 5,65,324/- | CFC Grant |
| 6 | 75/19 | 8,64,984/- | CFC Grant |
| 7 | 84/19 | 7,62,210/- | CFC Grant |
| 8 | 93/19 | 8,19,356/- | CFC Grant |
| 9 | 98/19 | 2,89,360/- | CFC Grant |
| 10 | 100/19 | 1,98,342/- | CFC Grant |
| 11 | 109/19 | 3,41,722/- | CFC Grant |
| 12 | 113/19 | 92,370/- | CFC Grant |
| 13 | 122/19 | 4,78,062/- | CFC Grant |
| 14 | 123/19 | 1,43,730/- | CFC Grant |
| 15 | 148/19 | 8,05,299/- | CFC Grant |
| 16 | 159/19 | 1,51,683/- | CFC Grant |
| 17 | 161/19 | 2,23,510/- | CFC Grant |
| 18 | 185/19 | 4,61,440/- | CFC Grant |
| 19 | 200/19 | 1,34,619/- | CFC Grant |
| 20 | 210/19 | 2,33,638/- | CFC Grant |
| 21 | 215/19 | 1,22,941/- | CFC Grant |
| 22 | 227/19 | 2,48,683/- | MF(NR) |
| 23 | 243/19 | 2,18,481/- | CFC Grant |
| 24 | 244/19 | 99,970/- | CFC Grant |
| 25 | 256/19 | 3,56,894/- | CFC Grant |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 26 | 262/19 | 2,19,458/- | MF(R) |
| 27 | 285/19 | 10,00,000/- | MF(NR) |
| 28 | 286/19 | 10,00,000/- | MF(NR) |
| 29 | 345/19 | 2,50,000/- | CFC Grant |
| 30 | 346/19 | 12,96,208/- | CFC Grant |
| 31 | 352/19 | 8,47,083/- | DF |
| 32 | 357/19 | 4,36,812/- | CFC Grant |
| 33 | 361/19 | 8,89,481/- | CFC Grant |
| 34 | 363/19 | 93,336/- | DF |
| 35 | 368/19 | 9,95,514/- | DF |
| 36 | 370/19 | 2,67,995/- | MF(R) |
| 37 | 373/19 | 6,62,743/- | CFC Grant |
| 38 | 376/19 | 2,56,214/- | MF(R) |
| 39 | 388/19 | 3,21,370/- | CFC Grant |
| 40 | 392/19 | 8,92,231/- | CFC Grant |
| 41 | 398/19 | 2,69,698/- | MF(R) |
| 42 | 402/19 | 8,17,319/- | MF(NR) |
| 42 | 414/19 | 7,73,337/- | CFC Grant |
| 43 | 421/19 | 2,50,000/- | CFC Grant |
| 44 | 425/19 | 6,49,914/- | CFC Grant |
| 45 | 458/19 | 1,74,900/- | CFC Grant |
| 46 | 468/19 | 3,10,275/- | CFC Grant |
| 47 | 483/19 | 2,92,264/- | MF(R) |

ഒപ്പ്

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

# അനുബന്ധം -4 (ഖണ്ഡിക നമ്പർ 1-18 പ്രകാരം)

| വ്യാപാരിയുടെ പേര് | വ്യാപാര സ്ഥാപനത്തിന്റെ തരം/പേര് | കെട്ടിട നമ്പർ | വാർഡ് | പിരിച്ചെടുക്കേണ്ട നികുതി നിരക്ക് (രൂപ) | മുടക്കം വരുത്തിയ അർദ്ധവർഷം |
|---|---|---|---|---|---|
| അബ്ദുൾ സമദ് | കട | 82A | വഴിമുക്ക് NMC I | 300 | Ist & IInd Half |
| മുഹമ്മദ് ഇസ്മായിൽ | സലൂൺ | 264 | വഴിമുക്ക് NMC I | 180 | Ist & IInd Half |
| അബ്ദുൾ റഹ്മാൻ | കട | 85 | വഴിമുക്ക് NMC I | 180 | Ist & IInd Half |
| രജികമാർ | നിയോൺ ഏജൻസീസ് | 136 | ആറാലുംമൂട് NMC II | 300 | Ist & IInd Half |
| കാസിംപിള്ള | ജാസ് എന്റർപ്രൈസസ് | 149 | ആറാലുംമൂട് NMC II | 180 | Ist & IInd Half |
| സെക്രട്ടറി | മിൽക്ക് സൊസൈറ്റി | 283-285 | ആറാലുംമൂട് NMC II | 180 | Ist & IInd Half |
| രാജേഷ്കുമാർ.എസ് | അപ്ഹോൾസ്റ്ററി | 275A | ആറാലുംമൂട് NMC II | 180 | Ist & IInd Half |
| ജയറാണി | മെഴുകുതിരികട | 106B | അതിയന്നൂർ NMC III | 120 | Ist & IInd Half |
| ശിവൻകുട്ടി | ടയർവർക്ക്സ് | 114 | അതിയന്നൂർ NMC III | 120 | IInd Half |
| പ്രശാന്ത് | KAML ക്യാന്റീൻ | 208 | അതിയന്നൂർ NMC III | 300 | Ist & IInd Half |
| അനിത | മൊബൈൽ റീചാർജ് കട | 221 | അതിയന്നൂർ NMC III | 180 | IInd Half |
| മണിക്കുട്ടൻ | ഫർണ്ണിച്ചർ കട | 222 | അതിയന്നൂർ NMC III | 300 | Ist & IInd Half |
| സോമശേഖരൻ | സ്റ്റേഷനറി | 241 | അതിയന്നൂർ NMC III | 180 | Ist & IInd Half |
| ശ്രീദേവി | പ്രൊവിഷൻ സ്റ്റോർ | U/A | അതിയന്നൂർ NMC III | 450 | Ist & IInd Half |
| ഷിബു | ആട്ടോകൺസൽട്ടൻസി | 355 | അതിയന്നൂർ NMC III | 300 | Ist & IInd Half |
| മോഹനൻ. എസ് | പെട്ടിക്കട | 406 | അതിയന്നൂർ NMC III | 120 | Ist & IInd Half |
| പ്രബാഷ് | ആയുർവേദ ഫാർമസി | 445 | അതിയന്നൂർ NMC III | 300 | Ist & IInd Half |

| | | | | | |
|---|---|---|---|---|---|
| | | | NMC III | | |
| ഡോ. ജയകുമാർ | ആയുർവേദ മെഡിക്കൽ പ്രാക്ടീഷണർ | 445A | അതിയന്നൂർ NMC III | 1250 | Ist & IInd Half |
| മാനേജിംഗ് ഡയറക്ടർ | കേരള ആട്ടോമൊബൈൽസ് | 194 | അതിയന്നൂർ NMC III | 1250 | Ist & IInd Half |
| അബുബക്കർ മുഹമ്മദ് ഷാഫി | ഹാർഡ്‌വെയർ ഇലക്ട്രിക്കൽസ് | 438A | അതിയന്നൂർ NMC III | 450 | Ist & IInd Half |
| അശോക് ഹാരി പോത്തൻ | പോത്തൻസ് ഹ്യുണ്ടായി | 141B | പുത്തനമ്പലം NMC IV | 1250 | Ist & IInd Half |
| ഡോ. മണികണ്ഠൻ | ഡെന്റൽ അക്കാഡമി | 141C | പുത്തനമ്പലം NMC IV | 300 | Ist & IInd Half |
